# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA
MADHYASTHAN
വാല്യം 96
ലക്കം 05
2023 നവംബർ

Malayalam Monthly
Price Rs. 25/- Annual Subscription Rs. 300/-



The official organ of
the Archeparchy of Changanacherry

2023
നവംബർ

# ആശംസകൾ



**2023 ഡിസംബർ 18 ന്**

**പൗരോഹിത്യസ്വീകരണത്തിന്റെ സുവർണജൂബിലിയിലേയ്ക്കു പ്രവേശിക്കുന്ന**

**അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയ്ക്ക്**

**പ്രാർത്ഥനാശംസകൾ**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 05 ● 2023 നവംബർ

# ഉള്ളടക്കം


സർക്കുലർ (23 Ch. 291-372) ........ 05
സർക്കുലർ (23 Ch. 292-373) ........ 09
പിതാവിന്റെ കത്ത് (C. 23/ GL 259) ........ 13
കച്ചേരിക്കാര്യം........ 14
പബ്ളിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 17
സന്ദേശനിലയം........ 18
ചെറുപുഷ്പ മിഷൻലീഗ്........ 21
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........ 23
ഫാമിലി അപ്പോസ്തലേറ്റ്........ 27
യുവദീപ്തി - SMYM ........ 30
കെ.സി.എസ്.എൽ. ........ 33
CARP ........ 34
CHASS........ 35
ജീവകാരുണ്യനിധി ട്രസ്റ്റ്........ 40
DFC........ 41
ആതുരശുശ്രൂഷാമേഖല........ 43
എൽഡേഴ്സ് ഫ്രറ്റേണിറ്റി........ 46
പ്രവാസി അപ്പോസ്തലേറ്റ് ........ 47
KLM ........ 49
ആത്മതാകേന്ദ്രം ........ 50
DCMS ........ 52
ലീജിയൻ ഓഫ് മേരി........ 53
SFO........ 54
വിൻസെൻഷ്യൻ വേദി........ 55
കരിസ്മാറ്റിക് നവീകരണം........ 56
പൗരോഹിത്യ ആദ്ധ്യാത്മികത........ 57
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 63
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജ്മെന്റ്സ്........ 70
ഐക്കൺ വിവരണം........ 74



വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



Annual Subscription: Rs. 300/-

## സർക്കുലർ
**23 Ch. 291-372**

# കുടുംബക്കൂട്ടായ്മകളും അജപാലനശുശ്രൂഷയും

ഈശോയിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരരേ,

ദൈവനിയോഗമായി ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യം സഭ നിർവഹിക്കുന്നതു പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ പ്രവർത്തനങ്ങളിലൂടെയാണ്. ഇവവഴി സഭ ഈശോമിശിഹായുടെ ദൗത്യം ലോകത്തിൽ തുടരുന്നു. സഭയ്ക്ക് അതിനുള്ള ശക്തിയും ചൈതന്യവും ലഭിക്കുന്നതു സഭയിൽ വസിക്കുന്ന റൂഹാദ്ക്കുദ്ശായിൽനിന്നാണ്. സഭയുടെ ഈ പ്രേഷിതദൗത്യനിർവഹണത്തിൽ സഭയിലെ ഓരോ അംഗവും തന്റെ പ്രത്യേക ദൈവവിളിയും ജീവിത സാഹചര്യങ്ങളുമനുസരിച്ച് പങ്കുചേരേണ്ടതുണ്ട്. അതിനവരെ പരിശീലിപ്പിച്ചൊരുക്കുന്ന പ്രധാനതലം ഇടവകകളാണ്. ഇടവകകളിലെ എല്ലാ അജപാലനപ്രവർത്തനങ്ങളും ഉന്നംവയ്ക്കുന്നതും വയ്ക്കേണ്ടതും ഇടവകസമൂഹത്തിന്റെ ഇത്തരത്തിലുള്ള രൂപീകരണമാണ്.

ഇടവകകളിലെ അജപാലനശുശ്രൂഷയിൽ കുടുംബക്കൂട്ടായ്മകൾക്കു സുപ്രധാനമായൊരു പങ്കുണ്ട്. ആദിമക്രൈസ്തവസമൂഹങ്ങളുടെ മാതൃകയിലും ചൈതന്യത്തിലും നമ്മുടെ ഇടവകകളെ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനു നന്നായി പ്രവർത്തിക്കുന്ന കുടുംബക്കൂട്ടായ്മകൾ സഹായിക്കും. ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ ആദിമക്രൈസ്തവ സമൂഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (അദ്ധ്യായം 2), അവയുടെ പ്രധാനസവിശേഷതകളായി എടുത്തുപറഞ്ഞിരിക്കുന്നതു താഴെപ്പറയുന്ന കാര്യങ്ങളാണ്.

- അവർ ശ്ലീഹന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടിരുന്നു.
- പ്രാർത്ഥനയിലും (യാമപ്രാർത്ഥനകൾ) എവുക്കാറെസ്തിയാ മുറിക്കുന്നതിലും (പരി. കുർബാന) പങ്കുകൊണ്ടിരുന്നു.
- ഏകമനസ്സോടെ ദൈവത്തെ സ്തുതിച്ചിരുന്നു.
- സമ്പാദ്യങ്ങൾ ആവശ്യാനുസരണം പങ്കുവച്ചിരുന്നു.

- അവർ സന്തോഷമുള്ളവരും ഹൃദയത്തിൽ കാപട്യമില്ലാത്തവരുമായിരുന്നു.
- അവർ എല്ലാവർക്കും സംപ്രീതരായിരുന്നു.
- കർത്താവ് സഭയിൽ ആളുകളെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

മേല്പറഞ്ഞിരിക്കുന്ന സവിശേഷതകളുള്ള സ്നേഹക്കൂട്ടായ്മകളായി നമ്മുടെ ഓരോ ഇടവകയും രൂപപ്പെടണം. ദൈവവചനത്തിലും കർത്താവിന്റെ പ്രബോധനങ്ങളിലും അധിഷ്ഠിതമായ ജീവിതമായിരിക്കണം നമ്മുടേത്. ഈശോ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്തു. ഈശോയുടെ മാതൃക സ്വീകരിച്ച് ശിഷ്യന്മാർ മറ്റുള്ളവരെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്തു. അങ്ങനെ ആദിമ ക്രൈസ്തവസമൂഹം ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സ്ഥിരപ്പെട്ടു വളർന്നു; പരി. കുർബാനയിൽ കേന്ദ്രീകരിച്ച് പരസ്പരം സ്നേഹിക്കയും പങ്കുവയ്ക്കുകയും ചെയ്യുന്ന, ദൈവവിശ്വാസത്തിൽ ആഴപ്പെട്ട്, റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ ഒരു വിശുദ്ധകൂട്ടായ്മയായി ഈശോയ്ക്കു സാക്ഷ്യംവഹിച്ചു.

ഇപ്രകാരം നമ്മുടെ ഇടവകകളെ രൂപപ്പെടുത്തുവാനാണ് കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ദമ്പതികൾക്കും പ്രായമായവർക്കും മറ്റു വിവിധവിഭാഗങ്ങളിൽപ്പെട്ടവർക്കുംവേണ്ടി സംഘടനകളും പരിശീലനപദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നത്. കൂടാതെ, വിവിധങ്ങളായ സാമൂഹ്യക്ഷേമപദ്ധതികളും ജീവകാരുണ്യപ്രവർത്തനങ്ങളും നമുക്കുണ്ട്. അതിരൂപത-ഫൊറോന-ഇടവകതലങ്ങളെയെല്ലാം പരസ്പരം ബന്ധിപ്പിച്ചാണ് ഇവയൊക്കെ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

സഭാമക്കളായ എല്ലാ വിശ്വാസികളും ഇവയിൽ അതാതുതലങ്ങളിൽ മാർഗനിർദേശങ്ങൾക്കനുസരിച്ച് സജീവമായി പങ്കുചേരുന്നതിന് ഉത്തേജനം നൽകി പ്രോത്സാഹിപ്പിക്കാൻ കുടുംബക്കൂട്ടായ്മകൾക്കു സാധിക്കണം. അയൽക്കാരായി കഴിയുന്ന ഏതാനും കുടുംബങ്ങൾ കൂടെക്കൂടെ ഒരുമിച്ചുകൂടി പഠിക്കുകയും പ്രാർത്ഥിക്കയും പങ്കുവയ്ക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹങ്ങളാണ് കുടുംബക്കൂട്ടായ്മകൾ. ചെറിയ സമൂഹങ്ങളായതുകൊണ്ട് എല്ലാവർക്കും പരസ്പരം അറിയാനും കഴിയും. ആരെങ്കിലും കൂട്ടായ്മയിൽനിന്നും സഭാത്മകജീവിതത്തിൽനിന്നും അകന്നുപോയിട്ടുണ്ടോ എന്നൊക്കെ മനസ്സിലാക്കാനും അതിനൊക്കെ പരിഹാരം കണ്ടെത്താൻ സഹോദരബുദ്ധ്യാ പരിശ്രമിക്കാനും കുടുംബക്കൂട്ടായ്മകൾക്കു കഴിയണം. ഒരാൾപോലും നമ്മുടെ സഭാകൂട്ടായ്മയിൽനിന്നു നഷ്ടപ്പെട്ടുപോകാത്തവിധം പരസ്പരബന്ധം

ദൃഢപ്പെടുത്തണം. അങ്ങനെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ പരസ്പരം സഹായിക്കാനും ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ആത്മീയചൈതന്യത്തിലും ക്രിസ്തീയസ്നേഹത്തിലും പ്രവർത്തിക്കുന്ന നല്ല കുടുംബക്കൂട്ടായ്മകൾക്കു സാധിക്കും. അതിനാൽ, പതിവനുസരിച്ച് മാസത്തിലൊരിക്കൽ കൃത്യനിഷ്ഠയോടെ കുടുംബക്കൂട്ടായ്മകൾ നടത്താനും എല്ലാവരും സജീവമായി അവയിൽ പങ്കുചേരാനും ശ്രദ്ധിക്കണം.

അജപാലനപരമായ കാര്യങ്ങളിൽ അതിരൂപതാകേന്ദ്രത്തിൽനിന്നു നൽകുന്ന മാർഗനിർദേശങ്ങൾ കണക്കിലെടുത്തും ഇടവകതലത്തിൽ ബഹു. വികാരിയച്ചന്റെ പൊതുവായ നേതൃത്വത്തിലും കുടുംബക്കൂട്ടായ്മകൾ കാര്യക്ഷമതയോടും ഫലപ്രദമായും പ്രവർത്തിക്കുന്നതിന് നേതൃത്വം കൊടുക്കുന്നവരാണ് കുടുംബക്കൂട്ടായ്മാലീഡേഴ്സും സെക്രട്ടറിമാരും ആനിമേറ്റർ സിസ്റ്റേഴ്സും. അവരുടെ നല്ലസേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു.

ഓരോ ഇടവകയിലെയും കുടുംബക്കൂട്ടായ്മകൾ തമ്മിലുള്ള ബന്ധം പരിപോഷിപ്പിക്കാനും ഇടവകയിലെ അജപാലനപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തമുണ്ടാകാനും കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സെക്രട്ടറിമാർ, വിവിധ പ്രസ്ഥാനങ്ങളുടെ നേതൃടീമംഗങ്ങൾ തുടങ്ങിയവർ വികാരിയച്ചന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ സമ്മേളിച്ച് ഇടവകയിലെ അജപാലനപ്രവർത്തനങ്ങളെ സിനഡാത്മകതയുടെ ചൈതന്യത്തിൽ വിലയിരുത്തുന്നതു ഫലപ്രദമാണ്. അടുത്തമാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആശയരൂപീകരണം നടത്താനും ഇതു പ്രയോജനപ്പെടുത്താം.

കേരളസഭാനവീകരണ ത്രിവർഷാചരണത്തിലെ പ്രഥമവർഷം പരി. കുർബാനയെ ആഴത്തിൽ അറിയാനും ധ്യാനിക്കാനുമായി നീക്കിവച്ചിരിക്കുന്നു. അതനുസരിച്ച് കുടുംബക്കൂട്ടായ്മകളിൽ കുർബാനയെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളും പരിചിന്തനങ്ങളും നടത്താൻ ശ്രദ്ധിക്കണം. ബലിയും വിരുന്നുമായ വിശുദ്ധകുർബാനയിൽ ഒരുക്കത്തോടും ഉത്സാഹത്തോടുംകൂടി പങ്കെടുക്കണം. ഞായറാഴ്ചയാചരണത്തിൽ യാതൊരു ഉദാസീനതയുമുണ്ടാകരുത്. ഇക്കാര്യത്തിൽ കുട്ടികൾക്കു ബോധ്യവും കൃത്യമായ പരിശീലനവും നൽകണം. സൺഡേസ്കൂളില്ലാത്ത ഞായറാഴ്ചകളിൽ കുർബാനയിൽ സംബന്ധിക്കുന്ന കുട്ടികളുടെ എണ്ണം കുറയുന്നതു ഗൗരവത്തോടെ കണ്ട് പരിഹരിക്കേണ്ടതാണ്. മാതാപിതാക്കൾ മക്കളോടൊപ്പം പരി. കുർബാനയിൽ സംബന്ധിക്കുന്നതിനും അവസര

ങ്ങൾ കണ്ടെത്തണം. സായാഹ്നങ്ങളിലെ കുടുംബപ്രാർത്ഥനയ്ക്കു യാതൊരു മുടക്കവും വരുത്തരുത്. കുടുംബങ്ങളിൽ യാമപ്രാർത്ഥനകൾ ചൊല്ലുവാൻ പ്രോത്സാഹിപ്പിക്കണം.

ഇടവകതലത്തിൽ സഭയുടെ പ്രേഷിതദൗത്യനിർവഹണം ശരിയായും ഫലപ്രദമായും നടക്കുന്നതിനു കുടുംബക്കൂട്ടായ്മകൾക്കുള്ള പ്രാധാന്യം മനസ്സിലാക്കി എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. വിശ്വാസ പരിശീലനത്തിന്റെ ഒരുത്തമവേദിയാണ് കുടുംബക്കൂട്ടായ്മകൾ. മുതിർന്ന തലമുറയിൽനിന്ന് ഇളംതലമുറയിലേക്കു സഭയുടെ വിശ്വാസവും ദൗത്യവും കൈമാറാൻ നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുടുംബക്കൂട്ടായ്മകൾ പ്രയോജനപ്പെടും. അതിനാൽ മുതിർന്നവരും യുവജനങ്ങളും കുട്ടികളുമുൾപ്പെടെ എല്ലാവരും ഈ കൂട്ടായ്മകളിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം.

കുടുംബക്കൂട്ടായ്മകളെ അടിസ്ഥാനമാക്കി നവംബർമാസത്തിൽ നടത്തുന്ന കർമപരിപാടികളെക്കുറിച്ച് കുടുംബക്കൂട്ടായ്മാ ഡിപ്പാർട്ടുമെന്റിൽനിന്നു നൽകിയിരിക്കുന്ന മാർഗനിർദേശങ്ങൾ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

എല്ലാക്കാര്യങ്ങളിലും ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2023 നവംബർ 05 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

## സർക്കുലർ
23 Ch. 292-373

# ആതുരസേവനമേഖലയിൽ നമ്മൾ ഒരു ചുവടുകൂടി

ക്രൈസ്തവസഭ ആതുരസേവനമേഖലയിൽ ആഗോളവ്യാപകമായി നൽകിവരുന്ന സേവനങ്ങൾ സാർവത്രികമായി അംഗീകരിക്കപ്പെട്ടതാണ്. രോഗികളെയും വേദനിക്കുന്നവരെയും ശുശ്രൂഷിക്കുകയെന്നതു സഭയുടെ ഏറ്റവും പ്രധാന ദൗത്യങ്ങളിലൊന്നാണ്. ചങ്ങനാശ്ശേരി അതിരൂപത ആതുരസേവനരംഗത്തു പതിറ്റാണ്ടുകളായി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷമുള്ള കാലഘട്ടത്തിൽ ആരോഗ്യപരിപാലനരംഗത്തു പരിമിതമായ സൗകര്യങ്ങളുണ്ടായിരുന്ന 1950 കളുടെ തുടക്കത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പ്രഥമ ആർച്ചുബിഷപ്പായിരുന്ന ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവ് ഈ രംഗത്തു സഭയുടെയും രൂപതയുടെയും സേവനം അനിവാര്യമാണെന്ന ദീർഘവീക്ഷണത്തോടുകൂടി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്കു തുടക്കംകുറിച്ചു. 20 കിടക്കകളോടുകൂടി മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ആശുപത്രി ഇന്ന് 460 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയുള്ള കേരളത്തിലെ ഏറ്റവും നല്ല ആതുരാലയങ്ങളിൽ ഒന്നാണെന്നതു നമുക്കേവർക്കും അഭിമാനിക്കാവുന്നതാണ്. കൂടാതെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന സഹൃദയ ആശുപത്രിയും മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററും ഇതര ക്ലിനിക്കുകളും ആതുരസേവനമേഖലയിലെ നമ്മുടെ അതിരൂപതയുടെ പ്രതിബദ്ധതയുടെ മികച്ചമാതൃകകളായി നിലനിൽക്കുന്നു. തലമുറകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിൽ ഏറെ സഹായകമായ രീതിയിൽ പ്രവർത്തിക്കുവാൻ ദൈപരിപാലനയാൽ നമുക്കു സാധിക്കുന്നുണ്ട്.

ആരോഗ്യപരിപാലനരംഗത്തു കേരളം നടത്തിയ മുന്നേറ്റങ്ങൾക്ക് ഒപ്പം നിന്നുകൊണ്ട് നമ്മുടെ അതിരൂപതയും ഈ രംഗത്തു നടത്തുന്ന ശുശ്രൂഷകൾ ഏറെ ശ്രദ്ധേയമാണ്. ആരോഗ്യമേഖലയിൽ പിന്നാക്കാവസ്ഥ നേരിടുന്ന നമ്മുടെ അതിരൂപതയുടെ കിഴക്കൻമേഖലയിൽ ഒരു ആതുരസേവനകേന്ദ്രമുണ്ടാവുകയെന്നുള്ളത് ഏറെനാളായി സഭാമക്കൾ സ്വപ്നം കണ്ടതാണ്. ബഹു. കൂരിയയും അഭി. പിതാക്കന്മാരും ബന്ധപ്പെട്ട ഇതരസമിതികളും ഈ കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും ഏറെ ചർച്ചചെയ്യുകയും ചെയ്തിരുന്നു. ചർച്ചകളുടെയും

അവലോകനങ്ങളുടെയും വെളിച്ചത്തിൽ ബഹു. കൂരിയയുടെ തീരുമാന പ്രകാരം ഇങ്ങനൊരു സംരംഭം തുടങ്ങുവാനുള്ള നിർദേശം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആരോഗ്യപരിപാലനരംഗത്തു കഴിഞ്ഞ 70 വർഷങ്ങളായി അതിരൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി കൈവരിച്ച മികച്ച നേട്ടവും ഈ മേഖലയിലെ പ്രായോഗിക പരിജ്ഞാനവുമാണ് ഇങ്ങനെയൊരു സ്വപ്നസാക്ഷാത്കാരത്തിനായി അവരെ തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. ഇത്തരം ഒരു നിർദേശം അതിരൂപതയുടെ ഭാഗത്തുനിന്ന് ഉണ്ടായപ്പോൾ ഒട്ടേറെ വെല്ലുവിളികൾ നിറഞ്ഞ ഈ പദ്ധതിയോട് ഏറെ വിശാലതയോടും ആത്മാർത്ഥതയോടും സഹകരിക്കുവാൻ സൗമനസ്യം കാണിച്ച ചെത്തിപ്പുഴ ആശുപത്രിയിലെ ബഹു. വൈദികരും ഇതിനു വേണ്ട സംവിധാനമൊരുക്കുവാൻ മണിമല ഫൊറോനാപ്പള്ളിയിലെ ബഹു. വികാരിയച്ചനും കൈക്കാരന്മാരും ഇടവകജനങ്ങളും ഏറെ ആത്മാർത്ഥമായി ശ്രമിക്കുകയുണ്ടായി. ഇതിനുപിന്നിൽ പ്രവർത്തിച്ച ചെത്തിപ്പുഴ ആശുപത്രിയിലെ വൈദികരെയും മണിമല ഹോളി മാഗി ഫൊറോനാപ്പള്ളിയിലെ വികാരിയച്ചനെയും മണിമല ഫൊറോനയിലെ മറ്റു വികാരിച്ചന്മാരെയും ഞാൻ ഏറെ നന്ദിയോടും സ്നേഹത്തോടും കൂടി ഓർക്കുന്നു.

കൊവിഡ് മഹാമാരി എന്ന പ്രതിസന്ധിയിലൂടെ ലോകം മുഴുവൻ കടന്നുപോയ, സാമ്പത്തികസാമൂഹികമേഖലകളിൽ സമാനതകളില്ലാതെ ദുരന്തം വിതച്ച 2020-21 കാലഘട്ടത്തിൽ ഇങ്ങനെയൊരു പുതിയ ആശുപത്രി എന്ന ശ്രമകരമായ ദൗത്യമേറ്റെടുക്കുവാൻ അതിരൂപതയെ പ്രേരിപ്പിച്ചത് ആരോഗ്യമേഖലയോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ തെളിവാണ്. ഈ സ്വപ്നപദ്ധതിയുടെ സാക്ഷാത്കാരത്തിന്റെ ആദ്യ ചുവടായി 2021 ജനുവരി 5 നു മണിമലപ്പള്ളിയിലെ വി. പൂജരാജാക്കളുടെ തിരുനാളിനോടനുബന്ധിച്ച് പുതുവത്സരസമ്മാനമായി ഹെൽത്ത് സെന്ററിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. 2021 ജൂലൈ 3 നു ദുക്റാന തിരുനാൾദിനത്തിൽ സെന്റ് തോമസ് ഹെൽത്ത് സെന്ററിന് ഔപചാരികമായി തുടക്കംകുറിച്ചു. കൊവിഡ് മഹാമാരികാലത്ത് അതിരൂപതാ ആസ്ഥാനത്തു കൊവിഡ് പ്രോട്ടോകോൾപ്രകാരം നടന്ന ഉദ്ഘാടന ചടങ്ങിൽ ആരോഗ്യമന്ത്രി ശ്രീമതി വീണ ജോർജ് സെന്റർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അഭി. പിതാക്കന്മാരും ജനപ്രതിനിധികളും വൈദികരും സിസ്റ്റേഴ്സും അൽമായരും ഈ യോഗത്തിൽ പങ്കാളികളായി. ആദ്യ മൂന്നുമാസങ്ങളിൽ സൗജന്യ ഒ.പി. സേവനങ്ങൾ ക്രമീകരിക്കുവാൻ സാധിച്ചു. കൊവിഡുകാലത്തു വിവിധങ്ങളായ സൗജന്യ മെഡിക്കൽക്യാമ്പുകൾ, വാക്സിനേഷൻ പ്രോഗ്രാമുകൾ, ബോധവത്ക്കരണപരിപാടികൾ എന്നിവ സംഘടിപ്പിച്ച് പൊതുജന

സംരക്ഷണത്തിനു കരുതലും കാവലാളുമാവാൻ ഹെൽത്ത് സെന്ററിനു കഴിഞ്ഞുവെന്നുള്ളത് അഭിമാനത്തോടെ അനുസ്മരിക്കുന്നു.

ഏറെ സ്തുത്യർഹമായ സേവനത്തിലൂടെ പൊതുജനങ്ങൾക്കിടയിൽ സൗഖ്യദായകനായ ഈശോയുടെ സന്ദേശമെത്തിക്കുവാൻ സെന്ററിന്റെ പ്രവർത്തനങ്ങൾ സഹായകമായിയെന്നുള്ളത് ഏറെ സന്തോഷം തരുന്നു. നമ്മുടെ സഭയുടെ തലവൻ അഭി. മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി, ബംഗ്ലാദേശ് ന്യൂൺഷ്യോയായിരുന്ന ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി, അഭി. പിതാക്കന്മാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥപ്രമുഖകർ, അൽമായനേതാക്കൾ തുടങ്ങീ വിവിധ മേഖലയിലുള്ളവർ സെന്റ് തോമസ് ഹെൽത്ത് സെന്റർ സന്ദർശിക്കുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തത് നന്ദിയോടെ സ്മരിക്കുന്നു.

അനുദിനം ചികിത്സ തേടിയെത്തുന്ന രോഗികളുടെ വർദ്ധന ഹെൽത്ത് സെന്ററിന്റെ സ്വീകാര്യതയാണ് സൂചിപ്പിക്കുന്നത്. ചുരുങ്ങിയ കാലയളവിൽ ഏതാണ്ട് 1,60,000 ൽ അധികം രോഗികൾക്കു പരിചരണം നൽകുവാൻ ഈ സെന്ററിനു സാധിച്ചുവെന്നത് അഭിനന്ദനാർഹമായ നേട്ടമാണ്. മണിമല, കരിക്കാട്ടൂർ, പൊന്തൻപുഴ, കരിമ്പനക്കുളം, ചുങ്കപ്പാറ, പത്തനാട്, പഴയിടം, ചെറുവള്ളി, കോട്ടാങ്ങൽ എന്നീ പ്രദേശങ്ങളിൽനിന്ന് ആയിരകണക്കിനു രോഗികൾ നമ്മുടെ ആശുപത്രിയെ തേടിയെത്തി. ആരോഗ്യപരിപാലനത്തിനായി കാഞ്ഞിരപ്പള്ളി, പാലാ, കോട്ടയം, തിരുവല്ല, ചങ്ങനാശ്ശേരി തുടങ്ങിയ വിദൂരസ്ഥലങ്ങളെ ആശ്രയിച്ചിരുന്നവർക്ക് ഈ ആതുരാലയം വലിയൊരു ആശ്വാസമായി.

കിടത്തി ചികിത്സാസൗകര്യങ്ങളുള്ള ഒരാശുപത്രി ഈ പ്രദേശത്തെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമാണെന്നു മനസ്സിലാക്കിയ അതിരൂപതാ നേതൃത്വം ഇതിനുവേണ്ട കൂടിയാലോചനകളും ചർച്ചകളും വിവിധതലങ്ങളിൽ നടത്തുകയുണ്ടായി. പ്രദേശവാസികളുടെ ആവശ്യകതയും മണിമല ഫൊറോനാ ഇടവകയുടെയും സമീപ ഇടവകകളുടെയും മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്ന കാര്യം വളരെ സന്തോഷത്തോടെ ഞാൻ നിങ്ങളെ അറിയിക്കുന്നു. മണിമല ടൗണിൽ നിന്ന് ഏകദേശം 500 മീറ്റർ മാറി സംസ്ഥാന ഹൈവേയോടു ചേർന്ന് ആശുപത്രി നിർമാണത്തിന് അനുയോജ്യമായ 2 ഏക്കർ 58 സെന്റ് സ്ഥലം വാങ്ങുവാൻ നമുക്കു സാധിച്ചു. ഇൻഫന്റ് ജീസസ് എന്ന പേരിലുള്ള ഈ പുതിയ ആശുപത്രിക്ക് 2023 ജൂലൈ 3 നു ശിലാസ്ഥാപനം നടത്തി. സേവനപാതയിൽ ചെത്തിപ്പുഴ ആശുപത്രി 70-ാം വർഷം പൂർത്തിയാക്കുന്ന ഈയവസരത്തിൽ ഒരു പുതിയ ആശുപത്രിക്കു തുടക്കംകുറിക്കുവാൻ സാധിച്ചതു വലിയ സന്തോഷം നൽകുന്ന കാര്യമാണ്. ആരോഗ്യപരിപാലനമേഖലയിൽ വന്നുകൊണ്ടിരിക്കുന്ന അതി

നൂതനമായ കാഴ്ചപ്പാടുകളും കാലഘട്ടത്തിന്റെ വെല്ലുവിളികളും ഉൾക്കൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയാണ് അതിരൂപത ഈ പുതിയ സംരംഭത്തിനു തുടക്കമിടുന്നത്. 3 ഘട്ടങ്ങളായി 250 കിടക്കകളുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഇതിനെ ഉയർത്തുകയെന്നതാണ് അതിരൂപതയുടെ ലക്ഷ്യം. ആശുപത്രിയുടെ ഒന്നാം ഘട്ടം 2025 മാർച്ച് മാസത്തോടുകൂടി നിർമാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിക്കുന്നതാണ്. ആദ്യഘട്ടത്തിൽ പീഡിയാട്രിക്സ്, ഗൈനക്കോളജി, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ജനറൽ സർജറി എന്നീ 5 വിഭാഗങ്ങളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുവാനാണ് ആഗ്രഹിക്കുന്നത്. മിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി വർഷമായ 2025ൽ പ്രവർത്തനമാരംഭിക്കുന്ന ഈ ആതുരാലയത്തിന് ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ എന്നപേര് തികച്ചും അന്വർത്ഥമാണ്. കൂടാതെ മണിമല ഫൊറോനാ ദൈവാലയം വി. പൂജരാജാക്കന്മാരുടെ പേരിൽ സ്ഥാപിതമായിരിക്കുന്നതിനാലും ഭാവിയിൽ ഈ ഹോസ്പിറ്റൽ മാതൃശിശു സൗഹൃദമായിരിക്കണമെന്ന അതിരൂപതയുടെ കാഴ്ചപ്പാടും സൂചിപ്പിക്കുന്നതിനാണ് പുതിയ ആശുപത്രിക്ക് ഇൻഫന്റ് ജീസസ് എന്നപേര് നൽകിയിരിക്കുന്നത്.

സഭയ്ക്ക് ആതുരാലയങ്ങൾ മനുഷ്യസേവനത്തിനുള്ള ഇടങ്ങളാണ്. കുറഞ്ഞചിലവിൽ കൂടുതൽ ഗുണമേന്മയുള്ള അന്തർദേശീയ നിലവാരമുള്ള ചികിത്സ നൽകുവാൻ നമ്മുടെ സ്ഥാപനങ്ങൾ കടപ്പെട്ടിരിക്കുന്നു. അത്യധ്വാനവും നിരവധി സാമ്പത്തിക ബാദ്ധ്യതകളും വരുന്ന വലിയ പ്രൊജക്റ്റാണ് അതിരൂപത ഏറ്റെടുത്തിരിക്കുന്നത്. സാമ്പത്തികമായി ഈ പദ്ധതിയെ സഹായിക്കുവാൻ സാധിക്കുന്നവരെല്ലാവരും അതിനു തയ്യാറായാൽ നമ്മുടെ സംരംഭം ഒരു വലിയ വിജയമാക്കി തീർക്കാൻ സാധിക്കും. ഈ കാര്യത്തിൽ എല്ലാവരുടെയും നിരന്തരമായ പ്രാർത്ഥനയും സഹായവും മാർഗനിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** ***2023 നവംബർ 12 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*

C. 23/ GL 259 26.10.2023

# Daily Bread Bank ജീവകാരുണ്യ പദ്ധതി

ഈശോയിൽ പ്രിയപ്പെട്ടവരേ,

ദൈവാനുഗ്രഹത്താൽ നമ്മുടെ അതിരൂപതയിൽ മറ്റൊരു ജീവകാരുണ്യ പദ്ധതികൂടി ആരംഭിക്കുകയാണ്. വിദേശത്തു ശുശ്രൂഷ ചെയ്യുന്ന നമ്മുടെ അതിരൂപതാംഗമായ വൈദികന്റെ ഔദാര്യപൂർണമായ സഹായം മൂല മാണ് ഇതു സാധ്യമാകുന്നത്. ആത്മീയഭക്ഷണത്തോടൊപ്പം അന്നന്നുള്ള അപ്പം (Daily Bread) കണ്ടെത്താൻ പ്രയാസപ്പെടുന്ന അതിരൂപതയിലെ കുടുംബങ്ങളെ സഹായിക്കുകയെന്ന അദേഹത്തിന്റെ സ്വപ്നമാണ് Daily Bread Bank ജീവകാരുണ്യപദ്ധതി.

2024 ജനുവരിയിൽ ആരംഭിക്കുന്ന പദ്ധതിയിലൂടെ അർഹരായ 100 കുടുംബങ്ങളെ കണ്ടെത്തി വർഷത്തിൽ നാലുതവണകളായി (ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ) 5000 രൂപാവീതം (ആകെ 20000) നൽകുന്ന പദ്ധതിയാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. നവംബർമാസം പകുതിയോടെ അതിരൂപതാകേന്ദ്രത്തിൽനിന്നും ബഹു. വികാരിയച്ചന്മാർക്കു വ്യക്തി പരമായി അയക്കുന്ന കത്തിനോടൊപ്പം അപേക്ഷാഫോമും നൽകുന്ന താണ്. വൃദ്ധരായ മാതാപിതാക്കൾ മാത്രമുള്ള സാധുകുടുംബങ്ങളുടെ നിലനിൽപ്പ്, ചികിത്സാചിലവുമൂലം പ്രതിസന്ധിയിലായ കുടുംബങ്ങളുടെ സംരക്ഷണം, മൂന്നിലധികം കുട്ടികളുള്ള കുടുംബങ്ങളുടെ പഠനാവശ്യ ങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം തുടങ്ങീ ബഹു. വികാരിയച്ചന്മാർ നിർദേശിക്കുന്ന സഹായാർഹരായവരിൽനിന്ന് 100 കുടും ബങ്ങളെ ഏതാനും വർഷങ്ങളിലേക്കു സഹായിക്കുന്ന പദ്ധതിയാണ് ഇത്. അഭി. തോമസ് തറയിൽ പിതാവ് അധ്യക്ഷനായ കമ്മിറ്റിയാണ് DBB യുടെ ചുമതല വഹിക്കുന്നത്. മറ്റു വിശദാംശങ്ങൾ തിരഞ്ഞെടുക്കപ്പെ ടുന്ന കുടുംബാംഗങ്ങളെയും അവരുടെ വികാരിയച്ചന്മാരെയും നേരിട്ടു ധരിപ്പിക്കുന്നതാണ്.

ഈ സംരംഭത്തിനു സന്മനസ്സുകാണിച്ച് ഉദാരമായ സാമ്പത്തിക സഹായം ചെയ്ത പ്രിയ ബഹു. അച്ചന് ഈശോയുടെ നാമത്തിൽ നന്ദി യറിയിക്കുന്നു. അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ. അന്നന്നുള്ള അപ്പത്തി നായി പ്രാർത്ഥിക്കാൻ പഠിപ്പിച്ച മിശിഹായുടെ കൃപയാൽ DBB പദ്ധതി സാധുകുടുംബങ്ങൾക്കു കൈത്താങ്ങാകട്ടെയെന്നു പ്രാർത്ഥിക്കാം.

**ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത




# കച്ചേരികാര്യം

## I
## TRANSFERS & APPOINTMENTS

| Rev. Fr. | Relieved from | Appointed Vicar/ Director |
|---|---|---|
| Arackal Varghese | | Priest-in-charge Nedumangad (addl.) |
| Aruvanparampil Varghese | | Pastoral Ministry, Germany |
| Chorattuchamakala Joseph | LMC Thiruvananthapuram | Vicar, Karuvatta |
| Elamthuruthiyil Joseph | | Doctoral Study, Rome |
| Ettolil Joseph | Vocation Bureau, Ecumenism Sandesanilayam & CML | Doctoral Study, Rome |
| Kamicherry Joseph | | Paro. Vicar, Edathua-Koilmuck |
| Koilparampil Henry | | Director, Vocation Bureau & Asst. Director Sandesanilayam & CML (addl.) |
| Kooliparambil Isaac | | Pastoral Ministry, Germany |
| Kooran John CSsR | Champakulam-Kalloorkad | Relieved |
| Kossackal Varghese | Sanjivani Nedumkunnam | Relieved |
| Mulavarickal Shibin CSsR | | Paro. Vicar, Champakulam-Kalloorkad |
| Nalpathamkalam Joseph | | Vicar, Anchal; Pazhayeroor |
| Pallichirayil Joseph | | Joint Secretary KRRIS (addl.) |
| Panachickal Michael VC | Nedumangad | Relieved |
| Punnakalayil Varghese | Anchal, Pazhayeroor | Doctoral Study, Rome |
| Vengasserry Joseph | | Pastoral Ministry, Germany |

## II
## പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനം

| തീയതി | സമയം | ഫൊറോന |
|---|---|---|
| നവംബർ 04 ശനി | 04:00 pm | പുളിങ്കുന്ന് |
| നവംബർ 05 ഞായർ | 10:00 am | ചങ്ങനാശ്ശേരി |

| | | |
|---|---|---|
| നവംബർ 05 ഞായർ | 04:00 pm | കോട്ടയം |
| നവംബർ 11 ശനി | 04:00 pm | മുഹമ്മ |
| നവംബർ 12 ഞായർ | 04:00 pm | തുരുത്തി |

## III
## മൂറോൻ കൂദാശ

മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ ഓർമദിനമായ 2023 നവംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.15 നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ മൂറോൻ കൂദാശ ചെയ്യുന്നു.

## IV
## പ്രസ്ബിറ്റേരിയം

ഈ വർഷത്തെ രണ്ടാമത്തെ വൈദികസമ്മേളനം 2023 നവംബർ 21-ാം തീയതി ചൊവ്വാഴ്ച രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടക്കുന്ന മൂറോൻ കൂദാശാകർമത്തിനു ശേഷം പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. ചങ്ങനാശ്ശേരി അതിരൂപതാ വൈദികർ മാത്രമാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

## V
## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാകരപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നൽകുന്ന മാർ തെയഡോറിന്റെ കൂദാശ ക്രമം മംഗളവാർത്തക്കാലം മുതൽ ഓശാന ഞായർ വരെയാണ് പരമ്പരാ ഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻവേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

നാലാം ഗ്ഹാന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമികൻതന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണമായും ചൊല്ലേണ്ടതാണ്.

## VI
## വിവാഹാഘോഷങ്ങൾക്കു മുടക്ക്

കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പ് കാലഘട്ടത്തിൽ (ഡിസംബർ 01 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്കു മുടക്കമാണെന്നു ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

# VII

## പരിശുദ്ധ കുർബാന നിയോഗം

**2023 ഒക്ടോബർ 22** ന് അതിരൂപതാകുടുംബത്തിൽനിന്നും നിത്യ സമ്മാനത്തിനു യാത്രയായ മുട്ടത്തുകുന്നേൽ ബഹു. തോമസ് അച്ചനെ നമ്മുടെ പ്രാർത്ഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനു വേണ്ടി ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

# VIII

## മെത്രാപ്പോലീത്തൻ കോടതി

വിവാഹത്തിന്റെ അവാസ്തവികത (Nullity) പ്രഖ്യാപിക്കേണ്ട കേസു കളിൽ മെത്രാപ്പോലീത്തൻ കോടതിയിൽനിന്നും (Metropolitan Tribunal) ആവശ്യമായ വിവരങ്ങൾ മുൻകൂട്ടി അന്വേഷിക്കുക.

Mobile No. +91 8078275421

■

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

സ്നേഹംനിറഞ്ഞ PPFA അംഗങ്ങളേ,

2023 സാമ്പത്തികവർഷത്തിലെ മെഡിക്കൽ ബില്ലുകൾ നിശ്ചിത ഫോമിലെ വിശദവിവരങ്ങളോടൊപ്പം 2023 നവംബർ 20 നു മുമ്പായി PPFA ഓഫീസിലോ അരമനയിലെ റിസപ്ഷൻ കൗണ്ടറിലോ ഏല്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**PPFA സെക്രട്ടറി & ട്രഷറർ**

# ഹെസദ് 2023

### കുടുംബക്കൂട്ടായ്മ ലീഡേഴ്സ് സംഗമം നവംബർ 11 ന്

മൂന്നുവർഷത്തിലൊരിക്കൽ അതിരൂപതാതലത്തിൽ വിളിച്ചുകൂട്ടുന്ന കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ സംഗമം **ഹെസദ് 2023** നവംബർ 11 രണ്ടാം ശനിയാഴ്ച സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നു. ഇടവകയിൽനിന്നുള്ള കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സെക്രട്ടറീസ്, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവർ ഇതിൽ പങ്കെടുക്കേണ്ട താണ്. രാവിലെ 9 മണിക്ക് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിക്കും. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ.

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

**ഓഗസ്റ്റ് – സെപ്റ്റംബർ – ഒക്ടോബർ മാസങ്ങളിലെ പ്രവർത്തനങ്ങൾ**

**പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്**

അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള PR–ജാഗ്രതാസമിതി പ്രതിനിധിയുടെ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് 02 നു ചേർന്ന സമ്മേളനത്തിൽ നടന്നു. അഡ്വ. ജോർജ് വർഗീസ് കോടിക്കൽ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

**ജൂബിലി ആലോചനായോഗം**

PR–ജാഗ്രതാസമിതിയുടെ രജതജൂബിലി കാര്യപരിപാടികളെക്കുറിച്ച് ആലോചിക്കാൻ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഡോ. വർഗീസ് താനമാവുങ്കലിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. മുൻ ഡയറക്ടേഴ്സ്, മുൻ പബ്ലിക് റിലേഷൻസ് ഓഫീസേഴ്സ്, നിലവിലുള്ള അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**അഡ്വക്കേറ്റ്സ് ഫോറം**

ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ അഡ്വക്കേറ്റ്സിന്റെ ഫോറം രൂപീകരിക്കുകയും സെപ്റ്റംബർ 02 ന് ഉദ്ഘാടനസമ്മേളനം നടത്തുകയും ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഡോ. വർഗീസ് താനമാവുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഫോറം ഉദ്ഘാടനം ചെയ്തു. തുടർന്ന് വടവാതൂർ പൗരസ്ത്യ വിദ്യാപീഠം കാനൻ നിയമം പ്രൊഫസർ ഫാ. ഡോ. വർഗീസ് പാലത്തിങ്കൽ യൂണിഫോം സിവിൽ കോഡിനെക്കുറിച്ച് ക്ലാസ്സ് നയിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*



## ആദരാഞ്ജലികൾ

അതിരൂപതാ മുഖപത്രമായ വേദപ്രചാരമധ്യസ്ഥന്റെയും ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിന്റെയും പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും അഞ്ചുപതിറ്റാണ്ടോളം (1970–2017) നേതൃത്വം നൽകിയ ചെത്തിപ്പുഴ പാണംപറമ്പിൽ പി.എസ്. അബ്രാഹത്തിനു അതിരൂപതയുടെ ആദരാഞ്ജലികൾ

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ആരാധനക്രമവത്സരത്തിലെ അവസാനകാലമായ പള്ളിക്കൂദാശക്കാലത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് സ്വർഗത്തിൽ മുടിചൂടി നിൽക്കുന്ന സഭയെ ധ്യാനിക്കുന്ന ഈ കാലഘട്ടത്തിൽ തിരുസഭയുടെ മക്കളായിരിക്കുന്നതിൽ അഭിമാനിക്കാം. ആ അമ്മയുടെ മക്കൾക്ക് അനുയോജ്യമായ രീതിയിൽ ജീവിക്കാൻ പ്രതിജ്ഞയെടുക്കാം. സഭയുടെ ചെറിയ പതിപ്പായ ഇടവകയിലെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരാം. പ്രാർത്ഥനയിലും പഠനത്തിലും കൂട്ടായ്മയിലും കാരുണ്യപ്രവർത്തികളിലും മുന്നേറാം.

സന്ദേശനിലയം - മിഷൻലീഗ് അതിരൂപതാ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ഹെൻറി കോയിൽപറമ്പിലിനു സ്വാഗതവും ആശംസയും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നവംബർ**

04 ശനി : CLT Class
05 ഞായർ : പള്ളിക്കൂദാശ ഒന്നാം ഞായർ - ക്ലാസ്സ് 23
11 ശനി : CLT Class
12 ഞായർ : പള്ളിക്കൂദാശ രണ്ടാം ഞായർ - ക്ലാസ്സ് 24
18 ശനി : CLT Class
19 ഞായർ : പള്ളിക്കൂദാശ മൂന്നാം ഞായർ - ക്ലാസ്സ് 25
25 ശനി : CLT Class
26 ഞായർ : പള്ളിക്കൂദാശ നാലാം ഞായർ - ക്ലാസ്സ് 26

**മംഗളവാർത്തക്കാലം**

**ഡിസംബർ**

01 വെള്ളി : ഇരുപത്തഞ്ച് നോമ്പാരംഭം
02 ശനി : വി. ഫ്രാൻസിസ് സേവ്യർ
03 ഞായർ : മംഗളവാർത്ത ഒന്നാം ഞായർ ക്ലാസ്സ് - 27
08 വെള്ളി : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ (ഓഫീസ് അവധി)
09 ശനി : CLT Class

**മതാധ്യാപക സെമിനാർ**

മതാധ്യാപകർക്കായി ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന കുർബാനാനുഭവ സെമിനാർ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് അവസാനിക്കുന്നു.

വിശ്വാസപരിശീലകരെല്ലാവരും ഇതിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്താൽ സ്വന്തം ഫൊറോനയിൽ നടക്കുന്ന സെമിനാറിൽ സംബന്ധിക്കാൻ സാധിക്കാതെവന്നാൽ മറ്റു ഫൊറോനകളുടേതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

| ദിവസം | ഫൊറോന |
|---|---|
| നവംബർ 04 ശനി | തൃക്കൊടിത്താനം |
| നവംബർ 11 ശനി | അമ്പൂരി |
| നവംബർ 18 ശനി | ചങ്ങനാശ്ശേരി |
| നവംബർ 25 ശനി | കുറുമ്പനാടം |
| ഡിസംബർ 02 ശനി | തുരുത്തി |
| ഡിസംബർ 09 ശനി | കോട്ടയം |
| ഡിസംബർ 16 ശനി | മണിമല |

### സി.ആർ.റ്റി. സന്ദർശനം

ഈ വർഷത്തെ CRT സന്ദർശനം സംബന്ധിച്ചുളള ക്രമീകരണങ്ങൾ ഫൊറോനാതലത്തിൽ ഇതിനോടകം പൂർത്തീകരിച്ചിരിക്കുമല്ലോ. നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തപ്പെടുന്ന ഈ സന്ദർശനം സൺഡേസ്കൂളിന്റെ പ്രവർത്തനസമയത്തുതന്നെയാണ്. മിഷൻലീഗ് അംഗങ്ങൾ, അൾത്താര ബാലന്മാർ, മതാധ്യാപകർ എന്നിവരെ പ്രത്യേകമായും കുട്ടികളെ ക്ലാസ്സുകളിൽ നേരിട്ടെത്തിയും വിവരശേഖരണം നടത്തുന്നതും അഭിപ്രായങ്ങൾ ആരായുന്നതുമാണ്. സമയബന്ധിതമായും സുഗമമായും പ്രസ്തുത സന്ദർശനം പൂർത്തീകരിക്കുന്നതിനു സഹകരിക്കുമല്ലോ.

### പ്രത്യേക ശ്രദ്ധയ്ക്ക്

കുട്ടികളുടെയും അധ്യാപകരുടെയും സ്ഥിതിവിവരകണക്കുകൾ ഏൽപ്പിക്കേണ്ട അവസാനതീയതി കഴിഞ്ഞിരിക്കുകയാണ്. ഏതാനും ചില സൺഡേസ്കൂളുകൾ ഇതുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകളുടെ എൻട്രി ചെയ്തു തീർക്കുവാനുണ്ട്. എത്രയുംവേഗം അതു പൂർത്തീകരിക്കേണ്ടതാണ്. പ്രിന്റഡ് കോപ്പി ഇതുവരെ സന്ദേശനിലയത്തിൽ ഏല്പിക്കാത്തവർ അതും നല്കണമെന്നു വീണ്ടും ഓർമിപ്പിക്കുന്നു. കുട്ടികളുടെ ഒന്നാംടേം പരീക്ഷയുടെ മാർക്കും ഹാജരും ക്ലാസ്സടിസ്ഥാനത്തിൽ ecos@sandes ൽ എന്റർ ചെയ്യേണ്ടതാണ്.

### SMCC പ്രതിഭാ അതിരൂപതാതല തിരഞ്ഞെടുപ്പ്

**നവംബർ 18** നു സന്ദേശനിലയത്തിൽ രാവിലെ 9.30 ന് ആരംഭിച്ച് 19 നു ഉച്ചകഴിഞ്ഞ് 3.00 മണിക്ക് അവസാനിക്കുന്നു. ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 800 രൂപ.

### ബൈബിൾ കലോത്സവം

ഫൊറോനാതല ബൈബിൾ കലോത്സവമത്സരങ്ങൾ ഇതിനോടകം പൂർത്തീകരിച്ചിരിക്കുമല്ലോ. അതിരൂപതാമത്സരങ്ങളിൽ ബൈബിൾ ക്വിസ് **നവംബർ 11 ശനിയാഴ്ചയും** അവതരണമത്സരങ്ങൾ **ഡിസംബർ 29, 30** (വെള്ളി, ശനി) ദിവസങ്ങളിലുമാണ് നടത്തപ്പെടുക.

## അതിരൂപതാ മതാധ്യാപക കൺവൻഷൻ

**2024 ജനുവരി 26** ന് അതിരൂപതാ മതാധ്യാപക കൺവൻഷൻ നടത്തപ്പെടുകയാണ്. അതിരൂപതയിലെ മികച്ച അധ്യാപകർക്കായുള്ള നടയ്ക്കൽ പുരസ്കാര ജേതാക്കളെയും മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെയും തദവസരത്തിൽ ആദരിക്കുന്നതാണ്. അതിനാൽ ജൂബിലിയേറിയൻസിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും സന്ദേശനിലയം ഓഫീസിലെത്തിക്കുമല്ലോ.

## നടയ്ക്കൽ പുരസ്കാരം

മതബോധനരംഗത്തു മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന ഒരു സിസ്റ്റർ, ഒരു അധ്യാപിക, ഒരു അധ്യാപകൻ എന്നിവർക്കാണ് നടയ്ക്കൽ പുരസ്കാരം നല്കുക. ഇതിന് അർഹരായവരെ നാമനിർദേശം നല്കുന്നതിലേയ്ക്കു വൈദികരുടെ / സൺഡേസ്കൂൾ അധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. മാനദണ്ഡങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## നവാഗതർ

അതിരൂപതാ വൊക്കേഷൻ ബ്യൂറോ ഡയറക്ടറായും സന്ദേശനിലയം - മിഷൻലീഗ് അസി. ഡയറക്ടറായും നിയമിതനായിരിക്കുന്ന ഫാ. ഹെൻറി കോയിൽപറമ്പിലിനും പുതിയ റീജന്റ് ബ്രദർ ജിസ് നടുവിലേത്തറയ്ക്കും സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിലേയ്ക്കു ഹൃദ്യമായ സ്വാഗതം.

## നന്ദിയും സ്വാഗതവും

ഫൊറോനാ സെക്രട്ടറിയായി സ്തുത്യർഹമായ സേവനം ചെയ്ത സി. മേബിൾ CMC (മുഹമ്മ), സി. റോസ് റ്റോം SABS (അതിരമ്പുഴ) എന്നിവർക്കു സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

ഫൊറോനാ സെക്രട്ടറിയായി നിയമിതരായിരിക്കുന്ന സി. ജെസ് തെരേസ് CMC (മുഹമ്മ), സി. വിനീത മലയോലിക്കൽ SABS (അതിരമ്പുഴ) എന്നിവർക്കു സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിലേയ്ക്കു സ്വാഗതമാശംസിക്കുന്നു.

## ആദരാഞ്ജലികൾ

കോട്ടയം ഫൊറോനാ സെക്രട്ടറിയും അതിരൂപതാ CRT അംഗവുമായ സി. റാണി മരിയ AO യുടെ പിതാവിന്റെയും മാമ്മൂട് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. സോഫി തെരേസ് SABS, പുന്നക്കുന്നത്തുശ്ശേരി സൺഡേസ്കൂൾ അധ്യാപിക സി. റോസ് മരിയ SABS എന്നിവരുടെ സഹോദരിയുടെയും പള്ളാത്തുരുത്തി സൺഡേസ്കൂൾ അധ്യാപകരായ ജയിംസ് ഡി. കുറുവപ്പാടത്തിന്റെ മാതാവിന്റെയും റ്റിനു ദേവസ്യ മുപ്പത്തിരണ്ടിൽചിറയുടെ പിതാവിന്റെയും കുമരകം സൺഡേസ്കൂൾ അധ്യാപിക മോളിയുടെ മാതാവിന്റെയും പുളിക്കൽക്കവല സൺഡേസ്കൂൾ അധ്യാപിക സി. റോസിറ്റ് ആലഞ്ചേരി SABS, അമ്പലപ്പുഴ സൺഡേസ്കൂൾ അധ്യാപിക സി. ബ്രിജിത്ത് ആലഞ്ചേരി SABS, ളായിക്കാട് സൺഡേസ്കൂൾ അധ്യാപിക ബെറ്റ്സി, വെരൂർ സൺഡേസ്കൂൾ അധ്യാപിക ബ്ലെസി സാബു എന്നിവരുടെ പിതാവിന്റെയും മുൻ അതിരൂപതാ CRT അംഗമായ ഷാ നിവാസ് ഫിലിപ്പോസിന്റെ ഭാര്യയുടെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു.

■

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

ആരാധനാവത്സരത്തിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശക്കാലത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. സ്വർഗീയജീവിതം മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതമാണ് നമ്മുടേതെന്നു പ്രത്യേകം ഓർമിപ്പിക്കുന്ന കാലം. സ്വർഗീയമദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായെപ്പോലെയും ഉപമധ്യസ്ഥരെപ്പോലെയും വിശുദ്ധിയിൽ വളർന്നു സ്വർഗത്തെ ലക്ഷ്യമാക്കി നീങ്ങാം. ശാഖകൾ വേണ്ടത്ര പ്രാധാന്യത്തോടെ മിഷൻഞായർ ആഘോഷിച്ചുവെന്നു കരുതുന്നു. മിഷനറിയാകുക അല്ലെങ്കിൽ മിഷൻപ്രവർത്തനത്തെ സഹായിക്കുകയെന്നതു കുഞ്ഞുമിഷനറിമാരുടെ കടമകൂടിയാണെന്ന് ഓർക്കാം. കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നവംബർ**

05 ഞായർ : ബേത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച

18 ശനി : മദ്ബഹാ ശുശ്രൂഷികളുടെ അതിരൂപതാതല സെമിനാർ *കെരൂബിം 2023* കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ

30 വ്യാഴം : മാർ അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ

**ഡിസംബർ**

01 വെള്ളി : 25 നോമ്പാരംഭം, ''ഉണ്ണിയെത്തേടി'' ആരംഭം

02 ശനി : വി. ഫ്രാൻസിസ് സേവ്യർ

08 വെള്ളി : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ (ഓഫീസ് അവധി)

**എക്ലേസിയ ക്വിസ് – മിഷൻ ആന്തം മത്സരം – മിഷൻ എലൈവ് മത്സരങ്ങൾ**

2024 ജനുവരി 13 നു നടക്കുന്ന എക്ലേസിയ ക്വിസ്, മിഷൻ ആന്തം, മിഷൻ എലൈവ് മത്സരങ്ങൾക്കായി മേഖലാതലത്തിൽ മത്സരം നടത്തി ഒന്നാം സ്ഥാനത്തിന് അർഹത നേടുന്ന ടീമിന്റെ പേരുവിവരങ്ങൾ **ഡിസംബർ 15 നു മുമ്പ്** അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. മിഷൻ എലൈവ് വിഷയം പിന്നീട് അറിയിക്കുന്നതാണ്. (വിശദവിവരങ്ങൾക്കു മാർഗരേഖ 32-35 പേജുകൾ കാണുക)

## എക്ലേസിയ ക്വിസ് – വിഷയങ്ങൾ

1. CML പഠനഗ്രന്ഥം 'എന്റെ സഭ എന്റെ കുടുംബം'
2. മഹാമിഷനറി (പരിഷ്ക്കരിച്ച പതിപ്പ്)
3. വി. മർക്കോസിന്റെ സുവിശേഷം 9 മുതൽ 16 വരെ അദ്ധ്യായങ്ങൾ
4. നിന്റെ രാജ്യം വരണം – അതിരൂപതാ മിഷൻലീഗ് പ്രസിദ്ധീകരണം
5. മിഷൻലീഗിനെയും കുഞ്ഞേട്ടനെയും സംബന്ധിച്ച് മാർഗരേഖയിൽ നിന്നുള്ള പൊതുചോദ്യങ്ങൾ

(പങ്കെടുക്കേണ്ടവർ ആരൊക്കെയെന്നറിയാൻ മാർഗരേഖ 32-33 പേജുകൾ കാണുക)

## മിഷൻ വോയിസ് പത്രം

മിഷൻലീഗ് അംഗങ്ങൾ മിഷൻകേന്ദ്രങ്ങളെ സംബന്ധിച്ച് പഠിച്ചും വിവരങ്ങൾ ശേഖരിച്ചും തയ്യാറാക്കുന്ന പത്രം അതിരൂപതാതലത്തിൽ നടത്തുന്ന മത്സരത്തിനായി **ഡിസംബർ 15** വരെ അതിരൂപതാ ഓഫീസിൽ ഏല്പിക്കാവുന്നതാണ്. ഈ വർഷം ഇറ്റാവ – ജയ്പൂർ മിഷനെക്കുറിച്ചുള്ള പത്രമാണ് തയ്യാറാക്കേണ്ടത്. (വിശദവിവരങ്ങൾക്കു മാർഗരേഖ പേജ് 35 കാണുക)

## കെരൂബിം 2023 (മദ്ബഹാ ശുശ്രൂഷികളുടെ സെമിനാർ)

മദ്ബഹാ ശുശ്രൂഷികളുടെ ഈ വർഷത്തെ അതിരൂപതാതല സെമിനാർ (കെരൂബിം 2023) **നവംബർ 18 ശനിയാഴ്ച** കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നതാണ്. ഈ വർഷവും ഓരോ ഇടവകയിൽനിന്നും Best Altar Boy യെ തെരഞ്ഞെടുത്ത് അതിരൂപതാതലത്തിൽ മാർ കുര്യാളശ്ശേരി അവാർഡ് നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ട്. അതിനൊരുക്കമായുള്ള ഒരു സെമിനാർ കൂടിയാണിത്. ഇടവകയിൽനിന്നു വികാരിയച്ചന്മാർ തെരഞ്ഞെടുക്കുന്ന, ദൈവവിളിയോട് ആഭിമുഖ്യമുള്ള 8, 9, 10 ക്ലാസിൽ പഠിക്കുന്ന രണ്ട് ആൺകുട്ടികളെയാണ് സെമിനാറിലേക്കു പ്രതീക്ഷിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 150 രൂപ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 4.00 ന് അവസാനിക്കുന്നു. **നവംബർ പത്തിനകം** അതിരൂപതാ മിഷൻലീഗ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.

## "ഉണ്ണിയെത്തേടി"

ക്രിസ്തുമസിനൊരുക്കമായ 25 നോമ്പുകാലത്ത് ചുറ്റുമുള്ള രോഗികളും അനാഥരും വിവിധതരത്തിൽ ദുഃഖം അനുഭവിക്കുന്നവരുമായ കൂട്ടുകാരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മേഖലകളുടെ നേതൃത്വത്തിലോ ശാഖാതലത്തിലോ സമീപത്തുള്ള കുട്ടികളുടെ ഹോസ്പിറ്റലുകളോ, അനാഥാലയങ്ങളോ സന്ദർശിച്ച് സമ്മാനങ്ങൾ നൽകുന്ന രീതിയിലും ക്രമീകരിക്കാവുന്നതാണ്. ഉണ്ണീശോയുടെ വരവിനായി ഒരുങ്ങുവാൻ സഹായിക്കുന്ന ''ഉണ്ണീശോയുടെ സ്വന്തം'' എന്ന ബുക്ക്ലെറ്റ് അതിരൂപതാ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞവരേ,

ഈ വർഷത്തെ കുടുംബക്കൂട്ടായ്മ ഫൊറോനാസംഗമം (കെരിഗ്മാ) സമാപിച്ചിരിക്കുകയാണ്. എല്ലായിടത്തുനിന്നും നല്ല പങ്കാളിത്തമാണ് ലഭിച്ചത്. വികാരിയച്ചന്മാർ, കൊച്ചച്ചന്മാർ, കുടുംബക്കൂട്ടായ്മ, DFC, ഫൊറോനാ ഡയറക്ടേഴ്സ് എന്നിവരുടെ സഹകരണത്താൽ വളരെ വിജയകരമായി ഇവ നടത്താൻ കഴിഞ്ഞുവെന്നതിൽ സന്തോഷമുണ്ട്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

മൂന്നുവർഷത്തിലൊരിക്കൽ അതിരൂപതാതലത്തിൽ കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ഒത്തുകൂടുന്ന കുടുംബക്കൂട്ടായ്മ മഹാസംഗമം 'ഹെസദ് 2023' നവംബർ 11 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നടക്കുന്നതാണ്. കുടുംബക്കൂട്ടായ്മ ലീഡേഴ്സ് പ്രസ്തുത സംഗമത്തിൽ പങ്കെടുക്കാനുള്ള ക്രമീകരണങ്ങൾ അച്ചന്മാരുടെ നേതൃത്വത്തിലുണ്ടാകണമെന്ന് അറിയിക്കുന്നു. ഇടവകയിൽനിന്നുള്ള കൂട്ടായ്മ ലീഡേഴ്സും സെക്രട്ടറിമാരും ആനിമേറ്റർ സിസ്റ്ററും അച്ചന്മാരും ഇതിൽ പങ്കെടുത്തു വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഭി. മാർ തോമസ് തറയിൽ പിതാവിന്റെ അധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനകർമം നിർവഹിക്കും. മുഖ്യപ്രഭാഷണം നടത്തുന്നതു മാത്യു വയലാമണ്ണിൽ CST അച്ചനാണ്. എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

മഹാസംഗമത്തിൽ 'നൂറുമേനി സീസൺ 2' പുസ്തകപ്രകാശനവും ഉദ്ഘാടനവും നടക്കുന്നതാണ്. കുട്ടികളുടെയും യുവജനങ്ങളുടെയും മാതാപിതാക്കളുടെയും പങ്കാളിത്തമുണ്ടാകുന്നതിനായി ഇടവകതലത്തിൽ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരവിജയികൾക്കുള്ള സെമിഫൈനൽ മത്സരം നവംബർ 05 നു കൊല്ലം ട്രിനിറ്റി ലൈസിയം CBSE സ്കൂളിൽ നടത്തപ്പെടുന്നതാണ്. മത്സരറിസൽട്ട് ലോഗോസ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

ഇപ്പോൾ നടന്നുവരുന്ന ബൈബിൾ കോഴ്സ് 2 വിഷയങ്ങൾകൂടി കഴിയുമ്പോൾ അവസാനിക്കുന്നതാണ്. കോഴ്സിന്റെ പൂർത്തീകരണത്തിനു ക്ലാസ്സ് നോട്ടുകൾ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

*ബൈബിൾ ഏകവർഷ കോഴ്സ് പുതിയ ബാച്ച് ഡിസംബറിൽ ആരംഭിക്കുന്നതാണ്.* ഓൺലൈനായി ക്രമീകരിച്ചിരിക്കുന്ന കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർ ഈ നമ്പരിൽ വിളിക്കേണ്ടതാണ്: 7306208356. പ്രസ്തുത വിവരം പള്ളിയിലറിയിക്കുമല്ലോ.

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

# അറിയിപ്പുകൾ

## കുടുംബക്കൂട്ടായ്മ മഹാസംഗമം – ഹെസദ് 2023

ഈ വർഷത്തെ കുടുംബക്കൂട്ടായ്മ മഹാസംഗമം 'ഹെസദ് 2023' **നവംബർ 11** ന് എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കുന്നതാണ്. കുടുംബക്കൂട്ടായ്മ നേതൃനിരയുടെ പൂർണമായ സഹകരണം സമ്മേളനത്തിലുണ്ടാകണമേ. കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സെക്രട്ടറീസ്, ആനിമേറ്റർ സിസ്റ്റേഴ്സ് (ഇടവകയിലെ ഒരു മഠത്തിൽനിന്ന് ഒരു ആനിമേറ്റർ മാത്രം പങ്കെടുത്താൽ മതിയാവും) എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇടവകയിൽനിന്നും രജിസ്ട്രേഷൻ സ്വീകരിക്കുന്നതിനായി അതിരൂപതാ, ഫൊറോനാ ടീമുകളെത്തുമ്പോൾ മുതിർന്നവരുടെ വിശ്വാസ പരിശീലനമായി ഇതിനെ കണ്ടുകൊണ്ട് ഫീസ് നൽകുമല്ലോ.

## നൂറുമേനി സീസൺ 2

ഈ വർഷത്തെ വചന മനഃപാഠമത്സരം നൂറുമേനി നവംബർമാസം ആരംഭിക്കുകയാണ്.

**ഇടവതല ഉദ്ഘാടനം – നവംബർ 26 ഞായറാഴ്ച** മിശിഹായുടെ രാജത്വത്തിരുനാൾ ദിനം ഇടവകകളിൽ നടത്തേണ്ടതാണ്. ഒരു കുടുംബത്തിൽനിന്ന് എത്രപേർക്കു വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം.

## പഠനഭാഗം – സുവിശേഷങ്ങളും ശ്ലീഹന്മാരുടെ നടപടികളും

കുടുംബക്കൂട്ടായ്മ – ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങൾ തയ്യാറാക്കിയ നൂറുമേനി പഠനഗ്രന്ഥത്തെ ആസ്പദമാക്കിയാണ് മത്സരം. നവംബർ 11 ലെ ഹെസദ് സമ്മേളനത്തിൽ പഠനഗ്രന്ഥം പ്രകാശനം ചെയ്യുന്നതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം നവംബർ 06 തിങ്കളാഴ്ച വൈകിട്ട് 5 നു മുമ്പ് നൽകിയാൽ ഹെസദിനു വരുമ്പോൾ പണമടച്ച് പുസ്തകം വാങ്ങാവുന്നതാണ്. വിളിക്കേണ്ട നമ്പർ: 9961369880

## A. വ്യക്തിഗത മത്സരം

| | **വിഭാഗം** |
|---|---|
| 1 മുതൽ 4 വരെ ക്ലാസ്സുകൾ | ശിശുക്കൾ (ഓറൽ - ഇടവകതലംവരെ മാത്രം) |
| 5 മുതൽ 7 വരെ ക്ലാസ്സുകൾ | ജൂനിയർ |
| 8 മുതൽ 10 വരെ ക്ലാസ്സുകൾ | സീനിയർ |
| 11, 12 ക്ലാസ്സുകൾ | യൂത്ത് ജൂനിയർ |
| 18 മുതൽ 30 വയസ് വരെ | യൂത്ത് സീനിയർ |
| 30 വയസ് മുതൽ മുകളിലേയ്ക്ക് | മാതാപിതാക്കൾ |
| 65 വയസും അതിനുമുകളിലും | മുതിർന്ന പൗരന്മാർ |

വൈദികാർഥികൾ, സിസ്റ്റേഴ്സ്, സന്യാസാർത്ഥിനികൾ എന്നിവർക്കു പ്രത്യേക മത്സരമുണ്ടായിരിക്കും.

കാറ്റഗറി തിരിച്ചുള്ള ആദ്യമത്സരത്തിൽ ഇരുപത്തിയഞ്ചോ അതിൽ കൂടുതലോ വചനങ്ങൾ മനഃപാഠമാക്കുന്നവർ ഇടവകതലമത്സരത്തിനു യോഗ്യത നേടുന്നു. അവർക്ക് ഇടവകയിൽനിന്നും സമ്മാനങ്ങൾ നൽകേണ്ടതാണ്.

ഇടവകതലമത്സരം കാറ്റഗറിയായി ഒന്നിച്ചാണ് നടത്തുന്നത്. ഈ മത്സരത്തിൽ 100 മാർക്കോ അതിലധികമോ ലഭിക്കുന്നവർക്ക് റീജൻതല മത്സരത്തിന് യോഗ്യത ലഭിക്കുന്നു.

**B. കുടുംബതല മത്സരം**

ഇടവകതലം മുതലാണ് കുടുംബതലമത്സരം ആരംഭിക്കുന്നത്. ഒരു വീട്ടിൽനിന്നു മിനിമം രണ്ടുപേരും മാക്സിമം മൂന്നുപേരുമടങ്ങുന്നതാണ് ടീം. കൂട്ടായ്മ/സൺഡേസ്കൂൾ/യുവജനതലങ്ങളിൽനിന്ന് ഇടവകതലമത്സരത്തിനു യോഗ്യതനേടിയവർക്കു സ്വഭവനത്തിൽനിന്നു രണ്ടുപേരെക്കൂടെ (അവർ ആദ്യ റൗണ്ടിൽ മത്സരിച്ചിട്ടില്ലെങ്കിൽപോലും) പങ്കെടുപ്പിക്കാവുന്നതാണ്. മത്സരം വ്യക്തിഗതമാണ്. മാർക്കുകൾ ഒന്നിച്ചുകൂട്ടിയാണ് ടോട്ടൽ മാർക്ക് കണ്ടെത്തുന്നത്.

**കുടുംബക്കൂട്ടായ്മ – സൺഡേസ്കൂൾതല മത്സരം**

നൂറുമേനി കുടുംബക്കൂട്ടായ്മാതല മത്സരം ഡിസംബർ, ജനുവരി മാസങ്ങളിലെ പതിവുള്ള കുടുംബക്കൂട്ടായ്മയിൽ വ്യക്തിഗത എഴുത്തുമത്സരമായി നടത്തേണ്ടതാണ്. 25 വചനമോ അതിൽ കൂടുതലോ വചനങ്ങൾ മനഃപാഠമാക്കുന്നവർ ഇടവകതല മത്സരത്തിനു യോഗ്യത നേടുന്നു. കുട്ടികൾക്കു സൺഡേസ്കൂൾ തലത്തിലാണ് മത്സരം നടത്തേണ്ടത്.

**സമ്മാനങ്ങൾ**

കുടുംബകൂട്ടായ്മാതലത്തിലും സൺഡേസ്കൂൾ തലത്തിലും 25 വചനങ്ങൾ മനഃപാഠമാക്കുന്നവർക്ക് ഇടവകയിൽനിന്നും പ്രോത്സാഹന സമ്മാനങ്ങൾ നൽകി ആദരിക്കുമല്ലോ.

**C. ഇടവകതല മത്സരം**

ഇടവകതലമത്സരം **2024 ഫെബ്രുവരി 25 ഞായറാഴ്ച** നടത്തേണ്ടതാണ്. കൂട്ടായ്മാതലത്തിൽ നിന്നും സൺഡേസ്കൂൾതലത്തിൽനിന്നും യുവജനവിഭാഗത്തിൽനിന്നും ഇരുപത്തിയഞ്ചോ അതിലധികമോ വചനങ്ങൾ ലഭിച്ചവർക്ക് ഇടവകതല മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത ലഭിക്കുന്നു. മത്സരസമയം: 2 മണിക്കൂർ.

**സമ്മാനങ്ങൾ**

ഇടവകതലമത്സരത്തിൽ നൂറും അതിൽ കൂടുതലും മാർക്ക് ലഭിക്കുന്നവർക്ക് അതിരൂപതയിൽനിന്നും സമ്മാനങ്ങൾ നൽകുന്നതാണ്.

ഇടവകതല ആദ്യമത്സരത്തിൽ 100 മാർക്ക് ലഭിക്കാത്തവർക്കു രണ്ടാമത് ഒരവസരംകൂടി *2024 മാർച്ച് 31 ഞായറാഴ്ച* നൽകുന്നതാണ്. അതു പ്രയോജനപ്പെടുത്തി പരമാവധി ആളുകളെ വചനപഠനത്തിലേയ്ക്കു പ്രോത്സാഹിപ്പിക്കാനും അതിരൂപതാതലത്തിലേക്കു പ്രവേശനം ലഭിക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## D. റീജൻതല മത്സരം

റീജൻതല മത്സരം ഫൊറോനാകേന്ദ്രങ്ങളിൽ **2024 ഏപ്രിൽ 14 ഞായറാഴ്ച 2 pm** നു മത്സരങ്ങൾ നടത്തപ്പെടുന്നു. മത്സരസമയം: 3 മണിക്കൂർ.

## ഗ്രാന്റ് ഫിനാലെ

നൂറുമേനി ഗ്രാന്റ് ഫിനാലെ **2024 മെയ് 11 ശനിയാഴ്ച** നടത്തുന്നതാണ്. ഓരോ ഫൊറോനയിൽനിന്നും ഏറ്റവും കൂടുതൽ വചനങ്ങൾ മനഃപാഠമാക്കുന്ന 3 പേരടങ്ങുന്ന കുടുംബങ്ങളാണ് ഗ്രാന്റ് ഫിനാലെയിലേക്കു യോഗ്യത നേടുന്നത്. വ്യക്തിഗത വിജയികൾക്ക് ഓരോവിഭാഗത്തിലും അതിരൂപതാതലത്തിൽ മെഗാസമ്മാനങ്ങളുണ്ടായിരിക്കുന്നതാണ്. വിവിധതലത്തിലെ മത്സരത്തിന്റെ മത്സരാർത്ഥികളുടെ അനുഭവങ്ങൾ വികാരിയച്ചന്റെ ചെറിയ സന്ദേശത്തോടെ വീഡിയോ ചെയ്ത് പങ്കുവയ്ക്കുന്നതു മറ്റുള്ളവർക്കു വചനം പഠിക്കാൻ പ്രചോദനമാകും.

## ലോഗോസ് ക്വിസ് 2023 സെമിഫൈനൽ മത്സരത്തിന് അർഹത നേടിയവർ

### A കാറ്റഗറി
ഐനോവ ജോൺസൺ ചാത്തനാട് പുത്തൻപുരയ്ക്കൽ കടുവാക്കുളം
മരിറ്റ എലിസബത്ത് പെരുംസ്രായിൽ സെന്റ് സേവ്യേഴ്സ് വില്ലൂന്നി
ആൻ മേരി പ്രിൻസ് മാറാട്ടുകളം ഹോളി ഫാമിലി തിരുമല

### B കാറ്റഗറി
ജോയേൽ ജോമോൻ പതിനഞ്ചിൽ സെന്റ് തോമസ് ആശ്രമം കാവാലം
ആൻ മരിയ വിൽഫ്രഡ് നെടിയകാലായിൽ ക്രൈസ്റ്റ് ദ കിങ് ഏറ്റുമാനൂർ
അലീഷാ സിബി കരിങ്ങോട്ടിൽ സെന്റ് തോമസ് പുന്നത്തറ

### C കാറ്റഗറി
ജിഷ ജോർജ് കുരിക്കാട്ട് സെന്റ് ജോസഫ് ചമ്പക്കര
സി. കൃപ മരിയ JS ജോസഫൈൻ വിദ്യാഭവൻ സെന്റ് മേരീസ് ഇത്തിത്താനം
മേരി സുവർണ കണിയാംപ്ലാക്കൽ ലൂർദ് മാതാ അരുവിക്കുഴി

### D കാറ്റഗറി
രേഖ ജോസ് ഓണംകുളം സെന്റ് മേരീസ് ഫൊറോന അതിരമ്പുഴ
നിധി ആന്റണി കൈലാത്ത് സെന്റ് ആന്റണീസ് ഫൊറോന കുറുമ്പനാടം
ട്രീസ മാത്യു തെക്കത്ത് സെന്റ് മേരീസ് മുണ്ടുപാലം

### E കാറ്റഗറി
ജെസ്സി ജോസ് കുഴിംതൊട്ടിയിൽ സേക്രഡ് ഹാർട്ട് തിരുവല്ലം
തോമസുകുട്ടി ജോസ് വള്ളുവന്തറ സെന്റ് ഗ്രിഗോറിയോസ് പുന്നപ്ര
റെറ്റസി ബെൻസിഗർ പൂവാട്ടിൽ ലൂർദ്സ് ഫൊറോന തിരുവനന്തപുരം

### F കാറ്റഗറി
വത്സമ്മ സ്കറിയ അമ്പലത്തട്ടിൽ സെന്റ് ജോർജ് തോട്ടയ്ക്കാട്
ലിസി തോമസ് കുരിശുംമൂട്ടിൽ സെന്റ് അൽഫോൻസാ പോങ്ങുമ്മൂട്
ക്ലെയർ ജോസഫ് മൂലശ്ശേരി സെന്റ് ഗ്രിഗോറിയോസ് പുന്നപ്ര

■

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമിശിഹായിൽ പ്രിയരേ,

വളരെ പ്രത്യേകതകൾ നിറഞ്ഞ ലോകസാഹചര്യത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ഭീകരതയും യുദ്ധക്കെടുതികളും ആത്യന്തികമായി ആക്രമിക്കുന്നതു കുടുംബത്തെയും ബന്ധങ്ങളെയുമാണ്. ആർദ്രത നഷ്ടപ്പെട്ട മനുഷ്യർ യുദ്ധമുനമ്പിലേക്കു സഹജീവികളായ മനുഷ്യരെ വലിച്ചിഴയ്ക്കുന്ന സമകാലിക ദുരിതസാഹചര്യത്തിൽ നാം കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകം മാധ്യസ്ഥ്യം വഹിക്കേണ്ടതുണ്ട്. പിഞ്ചുകുഞ്ഞുങ്ങളുടെ ചേതനയറ്റ ശരീരങ്ങളും അനാഥമായ ജീവിതങ്ങളും മനുഷ്യസ്നേഹത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ നൽകുന്നവയാണ്.

കുടുംബങ്ങളുടെ നിലനിൽപ്പിനെയും അതുവഴി സമൂഹത്തിന്റെ സുസ്ഥിതിയെയും ചോദ്യം ചെയ്യുന്ന ആശയപ്രചരണങ്ങളും സമൂഹത്തിൽ ശക്തമാകുന്നുണ്ട്. സുപ്രീംകോടതി നടത്തിയ രണ്ട് വിധികൾ നാം ശ്രദ്ധിക്കേണ്ടതാണ്. ഗർഭച്ഛിദ്രം സംബന്ധിച്ചും സ്വവർഗവിവാഹത്തിന്റെ സാധുതയെ സംബന്ധിച്ചുമുള്ള വിധികൾ സ്വാഗതാർഹമാണെങ്കിലും അവ ഫുൾ ബെഞ്ച് വിധികളായിരുന്നില്ലായെന്നതു ചിന്തിക്കേണ്ടതാണ്. മനുഷ്യവിരുദ്ധമായ നിലപാടുകൾ ശക്തമാകുന്ന ഈ കാലത്ത് കുടുംബബന്ധങ്ങളുടെയും ദാമ്പത്യസ്നേഹത്തിന്റെയും പ്രാധാന്യത്തെയും നന്മയെയുംകുറിച്ച് തികഞ്ഞ ബോധ്യമുണ്ടാകേണ്ടതാണ്. വിവാഹവും കുടുംബവും സുസ്ഥിരമായി നിലനിൽക്കേണ്ടതു സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. അതിനായി, ആശയപ്രചരണങ്ങൾ നടത്തുകയും കാര്യക്ഷമമായി പ്രതികരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### മാതൃവേദി-പിതൃവേദി കലോത്സവം

ഒക്ടോബർ 01 ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഫൊറോനാകേന്ദ്രങ്ങളിൽ അതിരൂപതാ രചനാമത്സരങ്ങളും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫൊറോനാ അവതരണമത്സരങ്ങളും ക്രമീകരിക്കപ്പെട്ടു. മത്സരക്രമീകരണങ്ങൾക്കു നേതൃത്വം നല്കിയ ഫൊറോനാസമിതികൾക്കു നന്ദി.

### പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര

ഒക്ടോബർ 07 ശനിയാഴ്ച തുരുത്തി, ഒക്ടോബർ 28 ശനിയാഴ്ച തൃക്കൊടിത്താനം ഫൊറോനകളിൽ സന്ദേശയാത്ര നടത്തപ്പെട്ടു.

**കുടുംബസംഗമങ്ങൾ**

ഒക്ടോബർ 08 ഞായറാഴ്ച തുരുത്തി, ഒക്ടോബർ 29 ഞായറാഴ്ച തൃക്കൊടിത്താനം ഫൊറോനകളിൽ കുടുംബസംഗമം നടത്തപ്പെട്ടു. അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവ് മുഖ്യാതിഥിയായിരുന്നു.

**പിതൃവേദി റൂബിജൂബിലി ആന്തമത്സരഫലം**

ഒന്നാം സ്ഥാനം: കുറുമ്പനാടം ഫൊറോന (സെന്റ് ആന്റണീസ് ഫൊറോനാ പള്ളി, കുറുമ്പനാടം)

രണ്ടാം സ്ഥാനം: തുരുത്തി ഫൊറോന (സെന്റ് മേരീസ് പള്ളി, വടക്കേക്കര)

മൂന്നാം സ്ഥാനം: കൊല്ലം-ആയൂർ ഫൊറോന (തോമാശ്ലീഹാ പള്ളി, കൊല്ലം)

**പ്രോലൈഫ് സെൽ**

യൂണിറ്റുതലത്തിൽ പ്രോലൈഫ് പ്രാർഥനാക്കൂട്ടായ്മകളും സംഗമങ്ങളും നടത്തപ്പെട്ടു.

## നവംബർ മാസത്തിൽ ഓർമിക്കാൻ

**അതിരൂപതാ കലോത്സവം**

അതിരൂപതാ അവതരണമത്സരങ്ങളും ക്വിസ് മത്സരവും **നവംബർ 11 രണ്ടാം ശനിയാഴ്ച** ചങ്ങനാശ്ശേരി എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടുന്നു.

**പിതൃവേദി റൂബിജൂബിലി സന്ദേശയാത്ര**

നവംബർ 04 - ചങ്ങനാശ്ശേരി ഫൊറോന

നവംബർ 12 - കുറുമ്പനാടം ഫൊറോന

**മാതൃവേദി - പിതൃവേദി കുടുംബസംഗമങ്ങൾ**

നവംബർ 05 - ചങ്ങനാശ്ശേരി ഫൊറോന

നവംബർ 12 - എടത്വാ ഫൊറോന

നവംബർ 19 - കുറുമ്പനാടം ഫൊറോന

**പ്രോലൈഫ് സെൽ**

ഡിസംബർമാസത്തിൽ പാറേൽ സെന്റ് മേരീസ് പള്ളിയിൽവച്ചുള്ള അതിരൂപതാതല പ്രോലൈഫ് പ്രാർഥനയ്ക്ക് ഒരുക്കമായി ഫൊറോനാതലത്തിൽ പ്രോലൈഫ് പ്രാർഥനകളും സമ്മേളനങ്ങളും ക്രമീകരിക്കുമല്ലോ.

**കുടുംബജ്യോതി മാസിക**

കുടുംബജ്യോതി മാസികയുടെ ഈ വർഷത്തെ വരിസംഖ്യ ഇനിയും അടയ്ക്കാനുള്ളവർ നവംബർ മാസത്തിൽത്തന്നെ അതിരൂപതാ ഓഫീസിൽ എത്തിച്ചുനല്കേണ്ടതാണ്. വരുന്ന വർഷത്തിലേക്കു കൂടുതൽ വരിക്കാരെ കണ്ടെത്താൻ മാതൃവേദി-പിതൃവേദി പ്രവർത്തകർ ശ്രദ്ധിക്കുമല്ലോ.

# വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
| --- | --- | --- |
| നവംബർ | 06, 07, 08 | ചങ്ങനാശേരി പാസ്റ്ററൽ സെന്റർ |
| | 20, 21, 22 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| ഡിസംബർ | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 18, 19, 20 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 26, 27, 28 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 05 pm**

# BERCHMANS DEFENCE ACADEMY (BEDA)

**St. Berchmans College, Changanacherry**

## NDA/CDS/AFCAT Coaching

ഇന്ത്യൻ സായുധസേനകളിൽ (ആർമി, നേവി, എയർഫോഴ്സ്) ഓഫീസർ പ്രവേശനത്തിനു സമഗ്രപരിശീലനം നൽകുന്നതിനായി അതിരൂപതയുടെ ആഭിമുഖ്യത്തിൽ സെന്റ് ബർക്മൻസ് കോളജിൽ പ്രവർത്തിക്കുന്ന സംരംഭമാണ് ബർക്മൻസ് ഡിഫൻസ് അക്കാഡമി. 2024 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ UPSC നടത്തുന്ന NDA/ CDS/ AFCAT പരീക്ഷകൾക്കുള്ള പരിശീലനം നവംബർ 11 ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിക്കുന്നു. ശനി, ഞായർ, പൊതുഅവധി ദിവസങ്ങളിലാണ് ക്ലാസുകൾ. 11, 12 ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും 2022 ൽ 12-ാം ക്ലാസ് പാസായവർക്കും NDA പരീക്ഷാപരിശീലനത്തിനും Degree രണ്ടും മൂന്നും വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പാസായവർക്കും PG പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പാസായവർക്കും CDS, AFCAT പരീക്ഷാപരിശീലനത്തിനും പങ്കെടുക്കാവുന്നതാണ്. ഇതിന്റെ വിവരം നവംബർ 05 ഞായറാഴ്ച പള്ളിയിൽ അറിയിക്കുകയും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. രജിസ്റ്റർ ചെയ്യാനുള്ള **അവസാനതീയതി നവംബർ 08**

***കൂടുതൽ വിവരങ്ങൾക്ക്***

**Phone:** 9961231314
**Website:** https://sbcollege.ac.in/news/nda-cds-afcat-coaching/
**Email:** beda@sbcollege.ac.in, bedaenquiries@gmail.com

# യുവദീപ്തി - SMYM

## ഉത്സവ് 2K23

യുവദീപ്തി-SMYM ന്റെ ആഭിമുഖ്യത്തിൽ 'ഉത്സവ് 2K23' യുവജനോത്സവം സെപ്റ്റംബർ 06, 22 തീയതികളിൽ സംഘടിപ്പിച്ചു. സെപ്റ്റംബർ 06 നു ചങ്ങനാശ്ശേരി എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ നടന്ന 'ഉത്സവ് 2K23' അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ നിലവിളക്കുകൊളുത്തി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, സെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ, കൺവീനർമാരായ ജാസ്മിൻ മാത്യു, ലിന്റാ ജോഷി, ട്രഷറർ അലൻ തട്ടാരടി എന്നിവർ പ്രസംഗിച്ചു. തുടർന്നു രചനാമത്സരങ്ങൾ നടത്തി. സെപ്റ്റംബർ 22 വെള്ളി രാവിലെ 9.30 മുതൽ അവതരണമത്സരങ്ങൾ അരങ്ങേറി. വൈകുന്നേരം നടന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ വിജയികൾക്കു സമ്മാനങ്ങൾ നൽകി.

### ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ ഫൊറോനകൾ

| | | |
|---|---|---|
| Overall | First | ചങ്ങനാശ്ശേരി |
| | Second | തൃക്കൊടിത്താനം |
| | Third | ആലപ്പുഴ, തുരുത്തി |

### യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ പുതിയ ബാച്ച്

യുവദീപ്തി-SMYM ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ട്രെയിനിങ് പ്രോഗ്രാമിന്റെ (YTP) പുതിയ ബാച്ച് ഒക്ടോബർ 01 ഞായറാഴ്ച ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ മാർഗനിർദേശപ്രസംഗം നടത്തി. ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ, ജനറൽ സെക്രട്ടറി ജോയൽ ജോൺ റോയി, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, ട്രഷറർ അലൻ സിബി എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്ലാസ് നയിച്ചു.

### മുഹമ്മ ഫൊറോനാക്യാമ്പ് 'മെസ്സിസ് 2K23'

മുഹമ്മ ഫൊറോനയുടെ പ്രാർത്ഥനാ-പഠന-പരിശീലനക്യാമ്പ് 'മെസ്സിസ് 2K23' ഒക്ടോബർ 20, 21, 22 തീയതികളിൽ മാന്നാനം സെന്റ് ചാവറ റിട്രീറ്റ് സെന്ററിൽ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, സാജൻ പാപ്പച്ചൻ, റീജന്റ് ബ്രദർ ആൽബി ചേന്നാട്ടുശ്ശേരി, ഡീക്കൻ ജേക്കബ് കളത്തിവീട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**തുരുത്തി ഫൊറോനാക്യാമ്പ് 'മെസ്സിസ് 2K23'**

തുരുത്തി ഫൊറോനയുടെ പ്രാർത്ഥനാ-പഠന-പരിശീലനക്യാമ്പ് 'മെസ്സിസ് 2K23' ഒക്ടോബർ 27, 28, 29 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാന കേന്ദ്രത്തിൽ നടന്നു.

**അമ്പൂരി ഫൊറോനാക്യാമ്പ് 'മെസ്സിസ് 2K23'**

അമ്പൂരി ഫൊറോനയുടെ ഏകദിനക്യാമ്പ് 'മെസ്സിസ് 2K23' ഒക്ടോബർ 28 ന് അമ്പൂരി സെൻട്രൽ യൂണിറ്റിൽ നടന്നു.

## നവംബർ മാസത്തിലെ പരിപാടികൾ

| | | |
|---|---|---|
| നവംബർ | 10, 11, 12 | ചമ്പക്കുളം ഫൊറോനാക്യാമ്പ് |
| നവംബർ | 11 | YTP (യൂത്ത് ട്രെയിനിംഗ് പ്രോഗ്രാം) |
| നവംബർ | 26 | വാർഷിക സെനറ്റ് |

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

## ഉത്ഥിതനോടൊപ്പം



**സി. പയസ്**
**പുതുപ്പള്ളിമറ്റം CMC**



**സി. ആലീസ് അമല**
**തറപ്പേൽ CMC**



**സി. ലിയോ**
**കൊച്ചൊട്ടൊന്നിൽ FCC**



**സി. ലോറ**
**നമ്പുടാകത്ത് SH**

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."** *(2 തിമോ. 4:7)*

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

# അഖില കേരളാ ക്വിസ് മത്സരം



**2023 നവംബർ 19 ഞായർ ഉച്ചകഴിഞ്ഞ് 2.00 മണിക്ക്**
**എടത്വാ സെന്റ് ജോർജ് ഫൊറോനാ സൺഡേസ്കൂളിൽ**

ഒന്നാം സമ്മാനം – 5000 രൂപയും ട്രോഫിയും
രണ്ടാം സമ്മാനം – 4000 രൂപയും ട്രോഫിയും
മൂന്നാം സമ്മാനം – 3000 രൂപയും ട്രോഫിയും
നാലാം സമ്മാനം – 2000 രൂപ
അഞ്ചാം സമ്മാനം – 1000 രൂപ

## പഠനവിഷയങ്ങൾ

| | |
|---|---|
| 1. വി. ലൂക്കാ – 1 മുതൽ 8 വരെ അദ്ധ്യായങ്ങൾ | 25% |
| 2. ജോഷ്വാ – 13 മുതൽ 24 വരെ അദ്ധ്യായങ്ങൾ | 25% |
| 3. പ്രഭാഷകൻ – 27 മുതൽ 33 വരെ അദ്ധ്യായങ്ങൾ | 20% |
| 4. ജീവചരിത്രം – പുത്തൻപറമ്പിൽ തൊമ്മച്ചൻ | 30% |

## നിബന്ധനകൾ

1. ഒരുവർഷത്തിൽ കുറയാതെ സർവീസുള്ളവരും ഇപ്പോൾ അദ്ധ്യാപനം നടത്തുന്നവരുമായ മതാദ്ധ്യാപകരും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമാണ് പങ്കെടുക്കേണ്ടത്
2. ഒരദ്ധ്യാപകനും 2 വിദ്യാർത്ഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്
3. മത്സരസമയത്ത് സാക്ഷ്യപത്രവും (ഇടവകവികാരി / ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസും (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്
4. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും

**ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ (വികാരി, 8281674739)**
**സി. ടെസ്സി ആറ്റുമാലിൽ SABS (കൺവീനർ, 9656962033)**
**പ്രൊഫ. ജറോം പി.വി. (ഹെഡ്മാസ്റ്റർ, 9495162685)**

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹംനിറഞ്ഞ കെ.സി.എസ്.എൽ. കൂട്ടുകാരേ,

അതിരൂപതാ സാഹിത്യോത്സവം രചനാമത്സരങ്ങൾ ഒക്ടോബർ 01 നു സോണുകളിലും സംസ്ഥാനതല സാഹിത്യോത്സവം രചനാമത്സരങ്ങൾ ഒക്ടോബർ 14 നു കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹൈസ്കൂളിലും നടത്തപ്പെട്ടു. ചങ്ങനാശ്ശേരിയിലും കാഞ്ഞിരപ്പള്ളിയിലും നടത്തിയ രചനാമത്സരങ്ങളിൽ നിങ്ങളുടെ സജീവ സാന്നിധ്യം പ്രകടമായിരുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

കഴിഞ്ഞ ആറുമാസക്കാലം KCSL സംഘടനയിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച് പുതിയ മേച്ചിൽ സ്ഥലമായ ഇറ്റാവ ജീവൻ ജ്യോതി ഭവൻ മൈനർ സെമിനാരിയിലേക്കു റീജൻസിക്കുപോയ ബ്രദർ മുളമൂട്ടിൽ ജിൽസന് യാത്രാമംഗളങ്ങളും പ്രാർത്ഥനകളും പുതുതായി KCSL സംഘടനയിൽ സേവനമനുഷ്ഠിക്കാനെത്തിയ റീജന്റ് ബ്രദർ ജറാൾഡ് കല്ലുവെട്ടുകുഴിയിലിനു സ്വാഗതവും പ്രാർത്ഥനാശംസകളും KCSL കുടുംബം നേരുന്നു.

അതിരൂപതാതലത്തിലുള്ള KCSL കലോത്സവത്തിന്റെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ നവംബറിൽതന്നെ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും സാന്നിധ്യസഹകരണങ്ങളുണ്ടാകുമല്ലോ.

ഒക്ടോബർ, നവംബർ മാസങ്ങളിലായി ജീസസ് കിഡ്സിനുള്ള കലോത്സവവും സോണൽ കൺവൻഷനുകളും നടത്തിവരികയാണ്.

നവംബർ 24 ഈശോയുടെ രാജത്വതിരുനാളാണ്. KCSL സഖ്യത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഈ തിരുനാൾ എല്ലാ സ്കൂളുകളും നടത്തുമല്ലോ. ഈ വർഷത്തെ സംസ്ഥാനതലത്തിലുള്ള രാജത്വതിരുനാൾ ചങ്ങനാശ്ശേരിയിൽ നടത്തപ്പെടുന്ന കാര്യം പ്രത്യേകമായി ഓർമിപ്പിക്കുന്നു, അതിലേക്ക് എല്ലാവരുടെയും സാന്നിധ്യവും സഹകരണങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു.

നമ്മുടെ സംഘടനയുടെ പ്രവർത്തനങ്ങൾ സജീവമായി നടത്തുവാൻ പ്രയത്നിക്കുന്ന പ്രധാനാധ്യാപകർ, അധ്യാപകർ, അനധ്യാപകർ, ആനിമേറ്റേഴ്സ് എന്നിവർക്കു നന്ദിപറഞ്ഞുകൊണ്ടും തുടർന്നും നിങ്ങളുടെ സാന്നിധ്യസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
*(ഡയറക്ടർ)*

■

# CARP

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### സമുദായ ശക്തീകരണ മാസാചരണം

ഒക്ടോബർ സമുദായ ശക്തീകരണമാസമായി ഇടവകളുടെയും സംഘടനകളുടെയും സഹകരണത്തോടെ അതിരൂപതയുടെ പൊതുപരിപാടിയെന്ന നിലയിൽ ആചരിച്ചു. അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദേശമനുസരിച്ച് ഒക്ടോബർ സമുദായ ശക്തീകരണമാസമായി ആചരിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ CARPന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. സർക്കാർപദ്ധതികൾ കുടുംബകൂട്ടായ്മകളിൽ പ്രചരിപ്പിക്കുകയായിരുന്നു ഈ മാസാചരണത്തിന്റെ പ്രധാനലക്ഷ്യം. ഇതിനായി അത്മായരെയും സിസ്റ്റേഴ്സിനെയും ഫൊറോനകൾ ക്ലബ് ചെയ്ത് സോണുകളായിതിരിച്ച് കഴിഞ്ഞ മാസങ്ങളിൽ ട്രെയിനിങ് നൽകിയിരുന്നു. ഈ ട്രെയിനിങ് ടീമിന്റെ സഹായം ഉപയോഗിച്ച് കൂട്ടായ്മകളിൽ ക്ലാസുകൾ നൽകി സമുദായബോധവും അവകാശാനുകൂല്യ ബോധവത്ക്കരണവും നടത്തിവരുന്നു.

### നവംബർ മാസത്തിൽ ശ്രദ്ധിക്കേണ്ടവ

### പടവുകൾ

വിധവകളുടെ മക്കൾക്കു പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹായ പദ്ധതിയായ 'പടവുകൾ'ക്ക് അപേക്ഷ ക്ഷണിച്ചു. **അവസാനതീയതി ഡിസംബർ 31** വിശദവിവരങ്ങൾക്ക് - www.schemes.wcd.kerala.gov.in

### കർഷകരുടെ കടങ്ങൾക്ക് ഇളവനുവദിക്കുന്നു

സഹകരണബാങ്കിൽനിന്നുള്ള കർഷകരുടെ കടങ്ങൾക്കു സർക്കാർ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കർഷക കടാശ്വാസകമ്മിഷൻ ക്ഷണിച്ചിരിക്കുകയാണ്. 2016 മാർച്ച് 31 നു മുമ്പു കടമെടുത്തിരിക്കുന്നവർക്കാണ് ഇപ്പോൾ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നത്. അപേക്ഷ സമർപ്പിക്കേണ്ട **അവസാന തീയതി ഡിസംബർ 31**. കേരള കാർഷിക കടാശ്വാസ കമ്മിഷനാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ഫോൺ:** 0471 2743783, 2743782

**Email:** keralasfdrc@gmail.com

**വിലാസം:** കേരള കർഷക കടാശ്വാസകമ്മിഷൻ ഓഫീസ്
അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് കോമ്പൗണ്ട്
വെൺപാലവട്ടം, ആനയറ PO
തിരുവനന്തപുരം 695029

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചാസ്

## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസിൽനിന്നും ആശംസകൾ !!!**

നമ്മുടെ അതിരൂപതയുടെ സാമൂഹിക ശുശ്രൂഷാസംവിധാനമായ ചാസിന്റെ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ ഏകോപിപ്പിക്കുന്നതും നടപ്പിലാക്കുന്നതും ഇടവകകളിലെ ചാസ് യൂണിറ്റുകളാണ്. യൂണിറ്റുകൾ നിയമാനുസൃതം രൂപീകരിക്കപ്പെട്ടിരിക്കുന്ന ട്രസ്റ്റ് ആണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിച്ച് ഓഡിറ്റിങ്ങിനു വിധേയമാക്കി യൂണിറ്റ് എക്സിക്യൂട്ടിവിൽ പാസാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും ട്രസ്റ്റ് എന്ന നിലയിൽ ഗവൺമെന്റ് നിയമപ്രകാരം ഇൻകം ടാക്സ് സംബന്ധിച്ച ഇടപാടുകൾക്കായി 12AB രജിസ്ട്രേഷൻ നടത്തി കണക്കും റിപ്പോർട്ടും ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. എല്ലാമാസവും കണക്കുകൾ പൂർത്തിയാക്കി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി എക്സിക്യൂട്ടിവിൽ അവതരിപ്പിക്കുന്ന രീതി അവലംബിച്ചാൽ, സമയബന്ധിതമായി ഓഡിറ്റിങ് പൂർത്തിയാക്കാൻ സാധിക്കും. ആയതിനാൽ യൂണിറ്റ് ഡയറക്ടറച്ചന്മാരും സെക്രട്ടറി ഉൾപ്പെടെയുള്ള കമ്മറ്റിയംഗങ്ങളും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2023-24 പ്രവർത്തനവർഷത്തിലെ നാളിതുവരെയുള്ള കണക്കുകൾ ശരിയാക്കുന്നതിനും അർദ്ധവാർഷിക ഓഡിറ്റിങ്ങ് നടത്തുന്നതിനുമായി ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ കോമേഴ്സ് വിഭാഗവുമായി സഹകരിച്ച് നവംബർ മാസം രണ്ടാമത്തെ ആഴ്ച കേന്ദ്രഓഫീസിൽനിന്നും ഓഡിറ്റിങ്ങ് ടീമംഗങ്ങൾ യൂണിറ്റുകളിൽ എത്തിചേരുന്നതായിരിക്കും. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

നവംബർ 01 കേരളപ്പിറവിദിനമായി ആചരിക്കുന്ന അവസരത്തിൽ പ്രാദേശിക യൂണിറ്റുകളുടെ നേതൃത്വത്തിൽ ദിനാചരണപരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നമ്മുടെ നാടിന്റെ ശ്രേഷ്ഠമായ സാംസ്കാരികതനിമയും മൂല്യാധിഷ്ഠിത ജീവിതശൈലിയും കുടുംബബന്ധങ്ങളിലെ ഊഷ്മളതയും വരുംതലമുറയ്ക്കു പകർന്നു നൽകുവാൻ പരിശ്രമിക്കാം. ഏവർക്കും കേരളപ്പിറവിയുടെ ആശംസകൾ സ്നേഹത്തോടെ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

## കേന്ദ്രവാർത്തകൾ

### കെയർ എ ഫാമിലി പ്രോഗ്രാം - പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു

ചാസ് കെയർ എ ഫാമിലി പ്രോഗ്രാമിൽ കോട്ടയം, മണിമല, ചങ്ങനാശ്ശേരി മേഖലകളിൽനിന്നും 15 പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു. പ്രൊജക്റ്റ് കോഡിനേറ്റർ സി. ആൽഫി DSJ, മേഖലാ കോർഡിനേറ്റർമാരായ ടോം സി.

തയ്യിൽ, അൽഫോൻസ് വർഗീസ് എന്നിവർ ഭവനങ്ങൾ സന്ദർശിച്ച് പദ്ധതി വിശദീകരണവും മാർഗനിർദേശങ്ങളും നൽകി.

| *തീയതി* | *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|---|
| 22.09.2023 | വടവാതൂർ, കൂരോപ്പട | 3, 2 |
| 28.09.2023 | മണിമല, കുളത്തൂർ | 3, 2 |
| 30.09.2023 | പാറേൽ, കിടങ്ങറ | 3, 2 |

### ഗാന്ധിജയന്തി ദിനാചരണം

'മാലിന്യവിമുക്ത ഇന്ത്യ' എന്ന മുദ്രാവാക്യവുമായി കേന്ദ്രഗവൺമെന്റ് ഇന്ത്യയിലുടനീളം ഗാന്ധിജയന്തി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ശുചിത്വം സേവനമാണ്' എന്ന കർമപരിപാടിയിൽ ചാസ് പങ്കാളിയായി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ 30 നു രാവിലെ സീറോ മലബാർസഭ കൂരിയാ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ, റ്റി.എം. മാത്യു, കാർമൽ ജോബി എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനത്തിൽ സ്റ്റാഫ് അംഗങ്ങൾ സഹകാരികളായി.

### കാരിത്താസ് ഇന്ത്യ നാഷണൽ അസംബ്ലി

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ സാമൂഹികസേവനവിഭാഗമായ കാരിത്താസ് ഇന്ത്യ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒക്ടോബർ 12, 13, 14 തീയതികളിൽ സംഘടിപ്പിച്ച നാഷണൽ അസംബ്ലിയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്ത് ചാസിന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 175 രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികളിൽനിന്നും ഡയറക്ടർമാർ പങ്കെടുത്തു.

### ചാസ് എഡ്യു കെയർ

നിർദ്ധനവിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസത്തിനു സഹായം നൽകുന്ന ചാസ് എഡ്യു കെയർ പദ്ധതിയിൽ കുളത്തുങ്കൽ വർഗീസ് തോമസ് & ത്രേസ്യാമ്മ വർഗീസ് സ്മാരക വിദ്യാഭ്യാസ സഹായപദ്ധതിവഴി 2 വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസ സഹായധനം നൽകി. ഒക്ടോബർ 13 ന് അതിരൂപതാകേന്ദ്രത്തിൽ നടന്ന മീറ്റിങ്ങിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ആദ്യഗഡു കൈമാറി. ചാസ് പ്രസിഡന്റ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ പങ്കെടുത്തു.

### SAFP ക്ലസ്റ്റർ മീറ്റിങ്

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് അടുത്ത ആറുവർഷക്കാലത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ള കുടുംബങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഒക്ടോബർ 04, 10, 17, 26 തീയതികളിൽ പായിപ്പാട്,

നെടുങ്കുന്നം, അതിരമ്പുഴ, തെള്ളകം, വള്ളംചിറ പ്രദേശങ്ങളിൽ ക്ലസ്റ്റർ മീറ്റിങ് സംഘടിപ്പിച്ചു. SAFP കോർഡിനേറ്റർ നിവ്യാ ജോസഫ് പദ്ധതി നിർവഹണത്തിനാവശ്യമായ മാർഗനിർദേശങ്ങൾ നൽകി. മേഖലാ കോർഡിനേറ്റേഴ്സായ അൽഫോൻസ് വർഗീസ്, സജി ഷാജി എന്നിവർ നേതൃത്വം നൽകി.

## സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾ വഴി 2023 ഒക്ടോബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

**1) SHG മരണാനന്തര സഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 7 കുടുംബങ്ങൾക്ക് 70,000/- രൂപ അനുവദിച്ചു)

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 645. | വർഗീസ് ഗ്രിഗറി | നൂറുമേനി | പുറക്കാട് | ആലപ്പുഴ |
| 646. | ജോസഫ് വി.ജെ. | ശ്രേയസ് | ചേപ്പുംപാറ | കോട്ടയം |
| 647. | രാധാമണി ചിറമേൽ | സ്നേഹാലയ | കൊടുപ്പുന്ന | എടത്വാ |
| 648. | സോഫിയ വർഗീസ് | അൽഫോൻസാ | വടവാതൂർ | കോട്ടയം |
| 649. | ഏലിക്കുട്ടി മാത്യു | നവജ്യോതി | മായം | അമ്പൂരി |
| 650. | അന്നമ്മ ചാക്കോ | ജ്യോതിസ് | തത്തംപള്ളി | ആലപ്പുഴ |
| 651. | തോമസ് തോമസ് | എലഗൻസ് | നാലുകോടി | തൃക്കൊടിത്താനം |

**2) മ്യൂചൽ ബനഫിറ്റ് സ്കീം – MBS** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 13 കുടുംബങ്ങൾക്ക് 1,30,000/- രൂപ മരണാനന്തരസഹായം അനുവദിച്ചു)

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 925. | വർഗീസ് ഗ്രിഗറി, വയലിൽ | പുറക്കാട് | ആലപ്പുഴ |
| 926. | ഗോമതി, ആശാരിപറമ്പ് | ചങ്ങങ്കരി | എടത്വാ |
| 927. | അന്തോനിച്ചൻ, മഠത്തിപറമ്പ് | കൊടുപ്പുന്ന | എടത്വാ |
| 928. | രാധാമണി ചിറമേൽ | കൊടുപ്പുന്ന | എടത്വാ |
| 929. | ട്രീസാമ്മ ജോസഫ്, ആറ്റുപുറം | നാലുകോടി | തൃക്കൊടിത്താനം |
| 930. | രാജു സെബാസ്റ്റ്യൻ, പുല്ലുകാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 931. | മേരിക്കുട്ടി ജോസഫ്, തോപ്പിൽ | മുടിയൂർക്കര | കുടമാളൂർ |
| 932. | എം.ജെ. മൈക്കിൾ, നെടിയപറമ്പിൽ | പുന്നമട | ആലപ്പുഴ |
| 933. | വി.എം. ജോസഫ്, മൂന്നുപീടികയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 934. | തോമസ് തോമസ്, പുതുക്കളം | നാലുകോടി | തൃക്കൊടിത്താനം |
| 935. | രാധാമണി പി.എം., നിറവത്തുവയൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 936. | ജൂലി ജോഷി, കാക്കാംപറമ്പ് | നർബോനപുരം | ചമ്പക്കുളം |
| 937. | ത്രേസ്യാമ്മ ടോമി, ചീരംവേലിൽ | മുട്ടാർ ഓൾഡ് | എടത്വാ |

### 3) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഒക്ടോബർ മാസം 3 കുടുംബങ്ങൾക്കു ചികിത്സാസഹായമായി 23,120/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | ബിനു ജോസഫ്, വാലുപറമ്പിൽ | രാമങ്കരി | 9,600/- |
| 2. | റോയി ജോസഫ്, കുണ്ടകശ്ശേരിൽ | ചെത്തിപ്പുഴ | 7,660/- |
| 3. | ജിജി തങ്കച്ചൻ, മലങ്കുഴി | നാൽപ്പാത്തിമല | 5,860/- |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 26.09.2023 | തൃക്കൊടിത്താനം | പുണ്യാളൻ | 17 |
| 27.09.2023 | വടക്കേ അമിച്ചകരി | ജ്യോതിസ് | 12 |
| 27.09.2023 | വടക്കേ അമിച്ചകരി | ശാലോം | 14 |
| 27.09.2023 | വടക്കേ അമിച്ചകരി | അനുഗ്രഹ | 10 |
| 27.09.2023 | വടക്കേ അമിച്ചകരി | ഉണർവ് | 11 |
| 27.09.2023 | വടക്കേ അമിച്ചകരി | കൃപ | 17 |
| 27.09.2023 | വടക്കേ അമിച്ചകരി | ഗ്ലോറിയ | 18 |
| 27.09.2023 | വടക്കേ അമിച്ചകരി | പുഷ്പറോസ് | 10 |
| 27.09.2023 | വടക്കേ അമിച്ചകരി | അൽഫോൻസാ | 10 |
| 27.09.2023 | കറിക്കാട്ടൂർ | ജ്യോതിസ് | 11 |
| 16.10.2023 | കത്തീഡ്രൽ | സൗഹൃദം | 13 |

### നേതൃത്വ പരിശീലനം

വടക്കേ അമിച്ചകരി യൂണിറ്റിൽ പുതുതായി രൂപീകരിച്ച സ്വാശ്രയസംഘം ഭാരവാഹികൾക്കു സെപ്റ്റംബർ 29 നു സംഘത്തിന്റെ പ്രവർത്തനരീതി, ഭാരവാഹികളുടെ ഉത്തരവാദിത്തങ്ങൾ, കണക്ക് കൈകാര്യം ചെയ്യേണ്ടവിധം എന്നിവയെക്കുറിച്ച് കോഡിനേറ്റർ ബിനു ജോസഫ് പരിശീലനം നൽകി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### സൺഡേ മാർക്കറ്റ്

മുഹമ്മ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 01 നു സൺഡേ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി കാട്ടൂപ്പാറ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് സെബാൻ യോഗ്യാവീട്, സെക്രട്ടറി തോമസ് വള്ളോംതറ എന്നിവർ നേതൃത്വം നൽകി. സ്വാശ്രയസംഘാംഗങ്ങളുടെ ഉൽപ്പന്നങ്ങളാണ് വിപണിവഴി ലഭ്യമാക്കുന്നത്.

## യൂണിറ്റ് വാർഷികം

വടക്കേ അമിച്ചകരി യൂണിറ്റ് വാർഷികം ഒക്ടോബർ 08 നു സെന്റ് ജോർജ് പള്ളി പാരീഷ് ഹാളിൽ യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസിഡന്റ് ദേവസ്യ പി.ഒ. സ്വാഗതമാശംസിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. സെക്രട്ടറി ജെസി ജോജി റിപ്പോർട്ട് അവതരിപ്പിച്ചു.

## ജെ.എൽ.ജി. രൂപീകരിച്ചു

ഫാത്തിമാപുരം യൂണിറ്റിൽ 'നിള, സഹൃദയ', കൊടിനാട്ടുംകുന്ന് യൂണിറ്റിൽ 'ഒരുമ, ഐശ്വര്യ' എന്നീ പേരുകളിൽ നാലു JLGകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## ബാങ്ക് ലോൺ

ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന അഞ്ച് JLGകൾക്കു മൂന്നുലക്ഷം രൂപവീതം 15 ലക്ഷം രൂപ ബാങ്ക് ഓഫ് ഇന്ത്യ ചങ്ങനാശ്ശേരി ശാഖയിൽനിന്നും ലോൺ ലഭ്യമാക്കി.

## സ്വാശ്രയ സംഘവാർഷികം

ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'പുതുമ' സ്വാശ്രയസംഘത്തിന്റെ ഒന്നാം വാർഷികം ഒക്ടോബർ 14 നു നടത്തി. സംഘം പ്രസിഡന്റ് മിനി സജി അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് പനച്ചേൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോർഡിനേറ്റർ സജി ഷാജി, മഹിളാസമാജം പ്രസിഡന്റ് തങ്കമ്മ ലൂക്കോസ് എന്നിവർ ആശംസകളർപ്പിച്ചു. സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## സ്വയംതൊഴിൽ പരിശീലനം

ചെത്തിപ്പുഴ ക്രിസ്തു ജ്യോതി കോളേജ് ഓഫ് മാനേജുമെന്റ് & ടെക്നോളജിയിൽ സ്വയംതൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സോപ്പ്, സോപ്പുപൊടി, ലിക്വിഡ് സോപ്പ്, ലോഷൻ എന്നിവ നിർമിക്കുവാൻ ഒക്ടോബർ 17 നു പരിശീലനം നൽകി. കോളേജ് പ്രിൻസിപ്പൽ ഫാ. ജോഷി ചീരാംകുഴി CMI പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. 45 വിദ്യാർത്ഥികൾ പങ്കെടുത്തു. അൽഫോൻസ് വർഗീസ്, ഗ്രേയ്സമ്മ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## നാട്ടുപച്ച – കാർഷിക വിപണനമേള

പാറേൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 20 മുതൽ 23 വരെ തീയതികളിൽ 'നാട്ടുപച്ച – കാർഷിക വിപണനമേള' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ച സമ്മേളനം അഡ്വ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും ചങ്ങനാശ്ശേരി മുനിസിപ്പൽ വൈസ് ചെയർമാൻ മാത്യൂസ് ജോർജ് മുഖ്യപ്രഭാഷണവും നടത്തി. വിദ്യാർത്ഥികൾക്കായി ചിത്രരചന, ക്വിസ്, യോഗാ ക്ലാസ്, സ്വാശ്രയസംഘാംഗങ്ങളുടെ വിവിധ കലാ

*ശേഷം പേജ് 40 ൽ.....»*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **2023 സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 20 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക/സംഘടന | തുക |
|---|---|---|
| 1. | സെന്റ് ആന്റണീസ് ചർച്ച് - പാദുവാപുരം, ആലപ്പുഴ | 100000 |
| 2. | സെന്റ് ജോസഫ്സ് ചർച്ച് - കുറിച്ചി | 95000 |

■

---

*» ചാസ് തുടർച്ച...*

കായിക മത്സരങ്ങൾ എന്നിവ നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ബാബു വള്ളപ്പുര, സെക്രട്ടറി തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി. പച്ചക്കറി വിത്തുകൾ, തൈകൾ, കാർഷിക നേഴ്സറി, ജൈവവളം, ഡ്രിപ്പ് ഇറിഗേഷൻ മോഡലുകൾ, കോഴിയും കൂടും, വാട്ടർ പ്യൂരിഫെയർ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടത്തി.

**SLCA - IRCA സന്ദർശനം**

കേന്ദ്ര സാമൂഹ്യനീതി ശക്തീകരണമന്ത്രാലയത്തിന്റെ കീഴിൽ കൊല്ലം, അടൂർ, കോഴിക്കോട്, കണ്ണൂർ, കോട്ടയം ജില്ലകളിൽ പ്രവർത്തിക്കുന്ന 8 ഡി-അഡിക്ഷൻ സെന്ററുകളിൽ SLCA ടീമംഗങ്ങളായ ഫാ. ജിജു വർഗീസ്, റ്റി.എം. മാത്യു തച്ചിലേട്ട്, കാർമൽ ജോബി മാത്യു എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

| *തീയതി* | *സെന്റർ* |
|---|---|
| 26.09.23 | ശ്രീനികേതൻ IRCA ചാത്തന്നൂർ, കൊല്ലം; ഗാന്ധിഭവൻ IRCA അടൂർ, പത്തനംതിട്ട |
| 09.10.23 | രാജഗിരി CPLI കോഴിക്കോട്; ശാന്തി IRCA കോഴിക്കോട് |
| 10.10.23 | സുരക്ഷ IRCA കോഴിക്കോട്; പ്രതീക്ഷ IRCA തലശ്ശേരി, കണ്ണൂർ |
| 19.10.23 | ADARRT IRCA പാലാ; TRADA IRCA മാങ്ങാനം, കോട്ടയം |

■

# ദീപിക ഫ്രണ്ട്സ് ക്ലബ് (DFC)

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC പ്രവർത്തകരേ, കുടുംബ ക്കൂട്ടായ്മ ഭാരവാഹികളേ,

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ അതിരൂപത-ഫൊറോന-ഇടവകതല പ്രവർത്ത നങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്ന നിങ്ങൾ ക്കെല്ലാവർക്കുമുള്ള നന്ദിയും സ്നേഹവുമറിയിക്കട്ടെ.

**ദീപിക തീവ്രപ്രചരണം നവംബർ മാസത്തിൽ**

അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദേശപ്രകാരം നവംബർമാസം ദീപിക ദിനപത്രത്തിന്റെ തീവ്രപ്രചരണം ആരംഭിക്കുകയാണ്. ഇടവകകളിൽ നവംബർ 5 ഞായറാഴ്ച DFC ഭാരവാഹികളുടെ നേതൃത്വത്തിൽ ഏതാനും പുതിയ വരിക്കാർക്കു ദീപിക നൽകി തീവ്രപ്രചരണത്തിന്റെ ഉദ്ഘാടനം വികാരിയച്ചന്റെ നേതൃത്വത്തിൽ നിർവഹിക്കുമല്ലോ. കൈക്കാരന്മാർ, പാരിഷ് കൗൺസിലംഗ ങ്ങൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിലംഗങ്ങൾ തുടങ്ങിയവർ ദീപികയുടെ വരിക്കാരാകണമെ ന്നുള്ള അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ആഹ്വാനം സർവാത്മനാ സ്വീകരിക്കാം. ഈ വർഷം അതു പൂർണമായി നടപ്പിലാക്കാൻ ഉത്സാഹിക്കാം. അതോടൊപ്പം കൂട്ടായ്മകളിൽ DFC ഭാരവാഹികളുടെ നേതൃത്വത്തിൽ കൂട്ടായ്മ ലീഡേഴ്സും പാരിഷ് കൗൺസിലംഗങ്ങളും സ്ക്വാഡുകളായി ഭവനങ്ങൾ സന്ദർശിച്ച് ദീപിക പത്രത്തിന്റെ പ്രസക്തി വിശദീകരിച്ച് തീവ്രപ്രചരണത്തിനു നേതൃത്വം നൽകുമല്ലോ.

DFC യുടെ നേതൃത്വത്തിൽ പരമാവധി ആളുകളെ വാർഷിക - അർദ്ധ വാർ ഷിക വരിക്കാരായി (യഥാക്രമം Rs. 2950, Rs. 1475) ചേർക്കുവാൻ പ്രോത്സാഹി പ്പിക്കണം. വാർഷികവരിക്കാർക്ക് ഒരുമാസത്തെ പത്രം സൗജന്യമായി ലഭിക്കു ന്നതാണ്. മാസവരിസംഖ്യ 270 രൂപ.

ദീപിക വരിക്കാർക്കു ക്രിസ്ത്യൻ ഹോസ്പിറ്റലുകളിൽ 10% ഡിസ്കൗണ്ട് ലഭിക്കുന്ന "DEEPIKA HEALTH CARD" പരിചയപ്പെടുത്താനും അതു ലഭ്യമാക്കു വാനും DFC ഭാരവാഹികൾ ശ്രദ്ധിക്കണം.

ഇടവകയിൽ നടക്കുന്ന തീവ്രപ്രചരണത്തിന് ആവശ്യമായ സഹായങ്ങൾക്കു സർക്കുലേഷൻ ഏരിയ മാനേജർമാരെ വിളിക്കുക.

| ഫൊറോന | |
|---|---|
| അമ്പൂരി, തിരുവനന്തപുരം, കൊല്ലം - ആയൂർ | വർക്കി ഇ.വി. 9349599028 |
| ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം | ജോസഫ് തോമസ് 9207735066, 9946511477 |
| ആലപ്പുഴ, മുഹമ്മ, ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ | ശ്രീകുമാർ 9895620676, 7034023241 |
| ചെങ്ങന്നൂർ | ഷമീർ യു. 7034023236, 890780890 |
| നെടുങ്കുന്നം, മണിമല | ബിനിൽ ജോസഫ് 7034023224, 7736634242 |
| കോട്ടയം, അതിരമ്പുഴ, കൂടമാളൂർ | കോര സി. 9349599157 |

**അതിരൂപതാസമിതിയുടെ ഇടവകതല സന്ദർശനവും DFC ഇടവക/ഫൊറോനാ തല പുനഃസംഘടനയും**

തീവ്രപ്രചരണത്തിന് ഒരുക്കമായി ഒക്ടോബർമാസത്തിൽ അമ്പൂരി, അതിരമ്പുഴ, കുടമാളൂർ, കുറുമ്പനാടം, കൊല്ലം-ആയൂർ, തൃക്കൊടിത്താനം, ചെങ്ങന്നൂർ, നെടുങ്കുന്നം, ചമ്പക്കുളം, തിരുവനന്തപുരം (online) ഫൊറോനകളിലെ ഇടവകകൾ ഫൊറോനാ ഡയറക്ടറച്ചൻമാരുടെ നേതൃത്വത്തിൽ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. DFC ഇടവകതല ഭാരവാഹികളെ തെരഞ്ഞെടുത്തു. കുടുംബക്കൂട്ടായ്മ ഭാരവാഹികളും DFC പ്രവർത്തകരും ഒറ്റക്കെട്ടായി പ്രവർത്തിച്ചത് അഭിമാനപൂർവം അനുസ്മരിക്കുന്നു.

**കെരിഗ്മാ കൺവൻഷനും DFC ഫൊറോനാസമിതി തെരഞ്ഞെടുപ്പും**

ഫൊറോനാ ഡയറക്ടറച്ചന്മാരുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ ഫൊറോനകളിൽ ഒക്ടോബർമാസം ക്രമീകരിച്ച കെരിഗ്മാ 2023 കൺവൻഷനുകളിൽ അതിരൂപതാ സിഞ്ചെല്ലൂസ് പെരി. ബഹു. വർഗീസ് താനമാവുങ്കൽ അച്ചൻ, വചനപ്രഘോഷകരായ ഫാ. പോൾ വേങ്ങാശ്ശേരി, ഫാ. ക്ലിന്റ് വെട്ടുകുഴിയിൽ MCBS തുടങ്ങിയവർ കൺവൻഷനും ആരാധനയും നയിച്ചു. കൺവൻഷൻ സമാപനത്തിൽ DFC ഫൊറോനാസമിതികൾ രൂപീകരിച്ചു. നേതൃത്വം നൽകിയ ഫൊറോനാ വികാരിയച്ചന്മാർ, ഫൊറോനാ ഡയറക്ടറച്ചന്മാർ, മറ്റു വൈദികർ, ആനിമേറ്റർ സിസ്റ്റേഴ്സ്, DFC ഭാരവാഹികൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

DFC പുരുഷ-വനിത അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് **നവംബർ 25 ശനിയാഴ്ച 2 മണിക്കു** ചങ്ങനാശ്ശേരി മാർത്തോമ്മാ വിദ്യാനികേതൻ ഹാളിൽ നടത്തപ്പെടുന്നതാണ്. പുരുഷ-വനിത DFC ഫൊറോനാ പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ട്രഷറർമാർ, നിലവിലുള്ള അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവരാണ് പങ്കെടുക്കേണ്ടത്.


**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
*(പ്രസിഡന്റ്സ്)*

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
*(ജനറൽ സെക്രട്ടറീസ്)*


**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ.വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

■

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### ഹൃദയദിന വോക്കത്തോണും ആഞ്ചിയോപ്ലാസ്റ്റിക്കു വിധേയമായവരുടെ സംഗമവും

ആശുപത്രിയുടെ നേതൃത്വത്തിൽ ചെത്തിപ്പുഴ സർഗക്ഷേത്രയുടെ സഹകരണത്തോടെ ആരോഗ്യകരമായ ശീലങ്ങളുടെ പ്രാധാന്യം പൊതുസമൂഹത്തിൽ പകരാനായി ലോകഹൃദയദിനവും വയോജനദിനവും വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. *ഹൃദയങ്ങൾ തുടിക്കട്ടെ ഒരേ താളത്തിൽ* എന്ന ആശയവുമായി സംഘടിപ്പിച്ച 'ഹൃദയതാളം' പരിപാടിയുടെ ഭാഗമായി ഹൃദയ-വയോജനദിന വോക്കത്തോണും സെന്റ് തോമസ് ഹോസ്പിറ്റലിൽ ആഞ്ചിയോപ്ലാസ്റ്റിക്കു വിധേയമായവരുടെ സംഗമവും സൗജന്യ മെഡിക്കൽ ചെക്കപ്പും ബോധവത്ക്കരണ ക്ലാസ്സും പോസ്റ്റർ കോമ്പറ്റീഷനും സംഘടിപ്പിച്ചു. ചങ്ങനാശേരി DySP ബിജു വി. നായർ ഫ്ളാഗ് ഓഫ് ചെയ്ത വോക്കത്തോൺ പാറേൽ സെന്റ് മേരീസ് പള്ളി മൈതാനിയിൽ ആരംഭിച്ച് ആശുപത്രിയിൽ എത്തിച്ചേർന്നു. തുടർന്നുനടന്ന ആഘോഷപരിപാടികൾ സിനി ആർട്ടിസ്റ്റ് നസീർ സംക്രാന്തി ഉദ്ഘാടനം ചെയ്തു. ചടങ്ങുകൾക്കു ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ചു. ഹോസ്പിറ്റൽ ഹൃദ്രോഗ വിഭാഗം സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. ജോജി ബോബൻ ഹൃദയദിനസന്ദേശം നൽകി. ചെത്തിപ്പുഴ ആശുപത്രിയിൽ ആഞ്ചിയോപ്ലാസ്റ്റിക്കു വിധേയരായവർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. ചങ്ങനാശ്ശേരിയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, സംഘടനകൾ, ജനപ്രതിനിധികൾ എന്നിവർ പങ്കുകാരായി.

### പാലിയേറ്റിവ് കെയർ വോളന്റിയർമാരുടെ സംഗമം

ലോക ഹോസ്പൈസ് & പാലിയേറ്റിവ് കെയർ ദിനത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപത മാർ കാവുകാട്ട് പാലിയേറ്റിവ് & ഫാമിലി ഹെൽത്ത് കെയറും സെന്റ് തോമസ് ഹോസ്പിറ്റലും സംയുക്തമായി പാലിയേറ്റിവ് കെയർ വോളന്റിയർമാരുടെ സംഗമം സംഘടിപ്പിച്ചു. ഒക്ടോബർ 14 നു സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ഹോസ്പിറ്റലിലെ സാന്തോം ഓഡിറ്റോറിയത്തിൽ രാവിലെ 10 മണി മുതൽ 1 മണിവരെ സംഘടിപ്പിച്ച ചടങ്ങിൽ പാലിയേറ്റിവ് കെയർ വിഭാഗത്തിൽനിന്നും ഇന്ത്യയിലെ ആദ്യത്തെ ഫ്ളോറൻസ് നൈറ്റിംഗൽ അവാർഡ് കരസ്ഥമാക്കിയ ഷീലാ റാണി വി.എസ്. നെ ആദരിച്ചു. പങ്കെടുത്ത വോളന്റിയർമാർക്കായി ഡോ. എ.എം. ജോസഫ്, ബീന വർഗീസ് എന്നിവർ പാലിയേറ്റിവ് കെയർ മേഖലയിലെ നൂതന മാറ്റങ്ങളെകുറിച്ച് ക്ലാസ്സ് നൽകി.

### അഞ്ചുവർഷത്തിനുള്ളിൽ ആയിരത്തിയഞ്ഞൂറിലധികം ന്യൂറോ ശസ്ത്രക്രിയകൾ

ഡിപ്പാർട്ടുമെന്റ് ഓഫ് ന്യൂറോ ആൻഡ് സ്പൈൻ സർജറിയുടെ നേതൃത്വത്തിൽ അഞ്ചുവർഷത്തിനിടയിൽ ആയിരത്തിയഞ്ഞൂറിലധികം വിജയകരമായ

ശസ്ത്രക്രിയകൾ പൂർത്തിയാക്കി. തലയിലും നട്ടെല്ലിലും അതിസങ്കീർണമായ ശസ്ത്രക്രിയകൾ കൃത്യതയോടെ കുറഞ്ഞ ചിലവിൽ പൂർത്തിയാക്കാൻ കഴിയുന്നുവെന്നതാണ് പ്രത്യേകത. ചുരുങ്ങിയ കാലയളവിൽ ഈ നേട്ടം കൈ വരിക്കുന്ന അപൂർവം ആശുപത്രികളിൽ ഒന്നാണ് ചെത്തിപ്പുഴ സെന്റ് തോമസ്. ന്യൂറൽ മോണിറ്ററിങ്, മൈക്രോസ്കോപിക് – എൻഡോസ്കോപിക് ടെക്നിക്കുകൾ തുടങ്ങിയവയുടെ സഹായത്തോടെ വിദഗ്ധരായ സർജൻമാരുടെ നേതൃത്വത്തിൽ നഴ്സുമാർ, അനസ്തേഷിയോളജിസ്റ്റുമാർ, അനുബന്ധ ജീവനക്കാർ എന്നിവരുടെ സഹകരണത്തോടെയാണ് ശസ്ത്രക്രിയകൾ പൂർത്തീകരിച്ചത്. ഇതിനായി ഏഴിലധികം ഓപ്പറേഷൻ തീയറ്ററുകളുള്ള സമുച്ചയത്തിൽ ന്യൂറോ സർജറിക്കു മാത്രമായി ഓപ്പറേഷൻ തീയറ്ററും ക്രമീകരിച്ചിട്ടുണ്ട്. ഇൻട്രാ ഓപ്പറേറ്റീവ് ഹൈഡെഫനിഷൻ ന്യൂറോ മൈക്രോസ്കോപ്പ്, അത്യാധുനിക ന്യൂറോഡ്രിൽ സിസ്റ്റം, കീഹോൾ സ്പൈൻ സർജറി, എൻഡോസ്കോപ്പിക് സ്പൈൻ സർജറി എന്നിവയ്ക്കുള്ള സൗകര്യവും ആശുപത്രിക്കു സ്വന്തമാണ്.

### സൗജന്യ ന്യൂറോളജി മെഡിക്കൽ ക്യാമ്പ്

ന്യൂറോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 25 മുതൽ 30 വരെ സംഘടിപ്പിച്ച സൗജന്യ ന്യൂറോളജി മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനകർമം ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് നിർവഹിച്ചു. ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ന്യൂറോളജിസ്റ്റുമാരായ ഡോ. സ്വരൂപ് കെ. രാജ്, ഡോ. ഭാഗ്യ എസ്. എന്നിവർ നേതൃത്വം നൽകി.

### ചുമതലയേറ്റു

മെഡിക്കൽ & സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ Consultant Surgical ഓങ്കോളജിസ്റ്റായി ഡോ. അതുൽ കെ. വാസുദേവ് ചുമതലയേറ്റു. ആയിരത്തിൽപരം ക്യാൻസർ സർജറികൾ പൂർത്തീകരിച്ച ഡോ. അതുൽ സർജിക്കൽ ഓങ്കോളജിയിൽ M.Ch (Master of Chirurgiae in Surgical Oncology), ജനറൽ സർജറിയിൽ MS (MS- General Surgery) എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. സർജിക്കൽ ഓങ്കോളജി മേഖലയിൽ ഡോക്ടറുടെ പത്തുവർഷത്തിലധികമുള്ള പരിചയസമ്പത്തും പ്രാഗത്ഭ്യവും രോഗികൾക്ക് മികച്ച സേവനം ഉറപ്പ് നൽകും.

### ഹോസ്പിറ്റൽ കുടുംബാംഗങ്ങൾക്കു രക്തദാന ക്യാമ്പ്

ദേശീയ സന്നദ്ധ രക്തദാനദിനത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ കുടുംബാംഗങ്ങൾക്കായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഒക്ടോബർ 3 രാവിലെ 9 മുതൽ വൈകുന്നേരം 4 മണിവരെ ഹോസ്പിറ്റൽ ബ്ലഡ് സെന്ററിലാണ് രക്തപരിശോധനയും രക്തദാനവും സംഘടിപ്പിച്ചത്.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

# സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

## വേൾഡ് ഹാർട്ട് ഡേ ആചരണം

ലോക ഹൃദയദിനത്തിന്റെ ഭാഗമായി ഹോസ്പിറ്റലിൽ സെപ്റ്റംബർ 29 നു പ്രസ്തുത ആചരണം നടത്തുകയും മികച്ച ഹൃദ്രോഗവിദഗ്ധനുള്ള ഡോ. ഇ.ജി. സുരേഷ് പുരസ്കാരം ലഭിച്ച കാർഡിയോളജി വിഭാഗം മേധാവി ഡോ. തോമസ് മാത്യുവിനെ ആദരിക്കുകയും ചെയ്തു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റോ ആന്റണി പെരുമ്പള്ളി ത്തറ, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. കെ.പി. ഹെഗ്ഡെ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മറ്റു വിഭാഗം ഡോക്ടേഴ്സ്, ഡിപ്പാർട്ടുമെന്റ് ഇൻചാർജസ്, പി.ആർ.ഒ., ക്ലിനിക്കൽ നോൺ ക്ലിനിക്കൽ സ്റ്റാഫ് എന്നിവർ പങ്കുചേർന്നു. ദിനാചരണത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ സ്റ്റാഫിനു ഹാർട്ട് ഡേ തീം ഉൾകൊള്ളുന്ന റീൽസ് വീഡിയോ മേക്കിങ് കോമ്പറ്റീഷൻ നടത്തി.

## വേൾഡ് സ്മൈൽ ഡേ ആചരണം

ഹോസ്പിറ്റലിൽ വേൾഡ് സ്മൈൽ ഡേയുടെ ഭാഗമായി ഒക്ടോബർ 06 നു പ്രസ്തുത ആചരണം നടത്തുകയും ഹോസ്പിറ്റൽ സ്റ്റാഫിനായി സ്മൈൽ സെൽഫി കോണ്ടസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. മനുഷ്യർക്കു ലഭിച്ചിട്ടുള്ള ഏറ്റവും സുന്ദരമായ കഴിവാണ് ചിരിയെന്നും ആരോഗ്യമേഖലയിൽ ചിരി വഹി ക്കുന്ന പങ്ക് വളരെ വലുതാണെന്നും എക്സി. ഡയറക്ടർ ഫാ. തോമസ് മാളി യേക്കൽ കോണ്ടെസ്റ്റിൽ വിജയികളായവർക്കു സമ്മാനം നൽകവേ പറഞ്ഞു.

## ലോക മാനസികാരോഗ്യദിനചാരണവും ബോധവത്കരണ ക്ലാസും

ലോക മാനസികാരോഗ്യദിനത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ സൈക്കോ ളജി വിഭാഗത്തിന്റെയും പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ആർട്സ് & സയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ ക്കായി ഒക്ടോബർ 10 നു ബോധവത്കരണ സെമിനാർ നടത്തപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോച്ചൻ ജോസഫ് അധ്യക്ഷതവഹിച്ച യോഗത്തിൽ ഫാ. ജോൺ പതാലിൽ (HOD Department of Psychology) സ്വാഗതമാശംസിച്ചു. ശേഷം സൈക്കോളജി വിഭാഗത്തിലെ ഡോ. ശ്രീജിത്ത് നായർ ഔദ്യോഗിക മായി സെമിനാർ ഉദ്ഘാടനം നടത്തി സംസാരിക്കുകയും ക്ലാസുകൾക്കു നേതൃത്വം നൽകുകയും ചെയ്തു. ഇംഗ്ലീഷ് വിഭാഗം മേധാവി അഞ്ജലി ദാസ് ആശംസയും സൈക്കോളജി വിഭാഗം അധ്യാപിക ശീതൾ പയസ് സിറിയക് നന്ദിയുമറിയിച്ചു. ടീച്ചിങ് നോൺ ടീച്ചിങ് സ്റ്റാഫും ആശുപത്രിയെ പ്രതിനിധീ കരിച്ചു PRO എബി അഗസ്റ്റിനും പങ്കെടുത്തു. ക്ലാസുകൾക്കുശേഷം വിദ്യാർത്ഥി കൾക്കായി പേഴ്സണൽ കൗൺസിലിങ് സെഷൻ ക്രമീകരിക്കപ്പെട്ടു.

## വേൾഡ് അനസ്തേഷ്യ ഡേ ആചരണം

ഹോസ്പിറ്റലിൽ വേൾഡ് അനസ്തേഷ്യ ഡേ ആചരണം നടത്തുകയും ബോധവത്കരണ സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. അനസ്തേഷ്യ

*ശേഷം പേജ് 48 ൽ.....»*

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

## ഗ്രേസ്ഫുൾ സീനിയർ സിറ്റിസൺസ് ധ്യാനം 3

അറുപതുവയസ് കഴിഞ്ഞവർക്കുവേണ്ടി താമസിച്ചു നടത്തുന്ന മൂന്നാമത്തെ ധ്യാനം **നവംബർ 26 ഞായറാഴ്ച വൈകുന്നേരം 6 മണിമുതൽ 29 ബുധനാഴ്ച വൈകുന്നേരം 4 മണിവരെ** കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. മുൻ ധ്യാനങ്ങളിൽ പങ്കെടുത്തവർ വളരെ നല്ല അനുഭവങ്ങളാണ് പങ്കുവച്ചത്. വാർദ്ധക്യകാലത്തിന്റെ ശാരീരിക-മാനസിക-ആത്മീയപ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച് വൈദികരും ഡോക്ടർമാരും ക്ലാസ്സെടുക്കുന്നു. വി. കുമ്പസാരം, കൗൺസിലിങ്, സൗഖ്യദായകശുശ്രൂഷകൾ എന്നിവയും പ്രായമായവർക്കു ചെയ്യാവുന്ന യോഗാക്ലാസ്സും പ്രമേഹം, രക്തസമ്മർദം പരിശോധനകളും ധ്യാനശുശ്രൂഷകളോടൊപ്പം ഉല്ലാസപരിപാടികളും പ്രായമായവരുടെ അനുഭവങ്ങളുടെ പങ്കുവയ്ക്കലും ഉണ്ടായിരിക്കുന്നതാണ്.

ധ്യാനത്തിന്റെ കാര്യം പള്ളിയിലറിയിച്ച് പ്രായമായവർ ഇതിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനം നൽകണമെന്നു വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ<br>
താമസം<br>
ഭക്ഷണം } 1000 രൂപ

**ഫോൺ:** 9495107045, 8086399023

## വൈദികരുടെ മാതാപിതാക്കൾക്കു ധ്യാനം

ഗ്രേസ്ഫുൾ സീനിയർ സിറ്റിസൺസ് ധ്യാനത്തിൽ പങ്കെടുക്കുവാൻ അതിരൂപതയിലെ വൈദികരുടെയും സന്യസ്തരുടെയും മാതാപിതാക്കളെ പ്രത്യേകം സ്വാഗതം ചെയ്യുന്നു.

ഇടവകകളിൽ സീനിയർ സിറ്റിസൺസ് സംഗമങ്ങളും രോഗീദിനാചരണങ്ങളും നടത്തുന്നതിനു വിളിക്കുമല്ലോ: **9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■

# പ്രവാസി അപ്പോസ്തലേറ്റ്

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ!!!

പ്രവാസലോകത്ത് വിവിധ ശുശ്രൂഷകളിലും ജീവിതാന്തസിലും കഴിയുന്നവരുടെയും പ്രവാസജീവിതത്തിനു വിരാമമിട്ട് നാട്ടിൽ തിരിച്ചെത്തിയവരുടെയും ക്ഷേമത്തിനും ഉന്നമനത്തിനുംവേണ്ടി അതിരൂപത നടപ്പിലാക്കിയ ശുശ്രൂഷാ സംവിധാനമാണ് പ്രവാസി അപ്പോസ്തലേറ്റ്. വിവിധ രാജ്യങ്ങളിൽ കഴിയുന്ന അതിരൂപതാംഗങ്ങളെ ഒരുമിച്ചുചേർക്കുന്ന ഈ ശുശ്രൂഷാസംവിധാനം മികച്ച രീതിയിൽ അതിരൂപതാകാര്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രവാസികളുടെ കാര്യങ്ങളിൽ തീവ്രശ്രദ്ധ ചെലുത്തിയുള്ള ഇതിന്റെ പ്രവർത്തനം സാമൂഹികമായ രീതിയിലും വിവിധ കാലങ്ങളിലിടപെട്ട് പ്രവർത്തിച്ചു വിജയിക്കാൻ സാധിച്ചതിന്റെ ചാരിതാർത്ഥ്യം പങ്കുവയ്ക്കുന്നു. പ്രവാസി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാസംവിധാനവും പ്രവർത്തനവും വിജയവും പ്രവാസികളിൽ ചെലുത്തിയ സ്വാധീനവും കേരളത്തിലെ രൂപതകളുടെ ശ്രദ്ധപിടിച്ചുപറ്റിയിട്ടുള്ളതാണ്. പാലാ, കാഞ്ഞിരപ്പള്ളി, മാനന്തവാടി എന്നീ രൂപതകൾ ബൃഹത്തായ ഈ ശുശ്രൂഷയെ പിന്തുടരുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഒക്ടോബർ 15-ാം തീയതി മാനന്തവാടി രൂപതയിലെ ഗൾഫ് പ്രവാസികൾക്കുവേണ്ടി സംഘടിപ്പിച്ച മീറ്റിങ്ങിൽ ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽക്കളം ക്ലാസ് നയിക്കുകയും തുടർപ്രവർത്തനങ്ങൾക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

**അനുശോചനം**

FCC ചങ്ങനാശ്ശേരി ദേവമാതാ പ്രൊവിൻഷ്യൽ സി. ലിസ് മരിയ FCCയുടെ പിതാവ് ചെറുവാണ്ടൂർ പുത്തേട്ട് പി.സി. ലൂക്കോസിന്റെ നിര്യാണത്തിൽ പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ അച്ചന്മാരും എക്സിക്യൂട്ടിവംഗങ്ങളും ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

ഗ്ലോബൽ & GCC കോർഡിനേറ്റർ ജോ കാവാലത്തിന്റെ പിതാവ് കാവാലം പുതുപറമ്പിൽ പി.ജെ. ജോർജിന്റെ നിര്യാണത്തിൽ ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. പ്രവാസികൾ ഓൺലൈനായി ശുശ്രൂഷകളിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു.

കുവൈറ്റ് ചാപ്റ്റർ അഹമ്മദി സോൺ അംഗം തോട്ടയ്ക്കാട് സെന്റ് ജോർജ് ഇടവകാംഗം ജോസഫ് വർഗീസ് ചെറിയപുരം കുവൈറ്റിൽ നിര്യാതനായി.

**ആവേ മരിയ ഹോളിഡെയ്സ്**

ആവേ മരിയ ഹോളിഡെയ്സിന്റെ ആഭിമുഖ്യത്തിൽ യൂറോപ്പ് പര്യടനം നടത്തിയ സംഘം ഒക്ടോബർ 05 നു നാട്ടിൽ തിരികെയെത്തി.

നവംബർ 02 നു നടത്താൻ തീരുമാനിച്ചിരുന്ന വിശുദ്ധനാട് തീർത്ഥാടനം ഇസ്രായേൽ - പാലസ്തീൻ സംഘർഷംമൂലം താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡെയ്സ്: 9207777092**

■

*» ആതുരശുശ്രൂഷാമേഖല തുടർച്ച...*

വിഭാഗം ഡോ. ഡെയ്ൻ നേതൃത്വം നൽകി. ഓരോ സർജറിക്കും നൽകുന്ന അനസ്തേഷ്യ വ്യത്യസ്തമാണെന്നും അനസ്തേഷ്യ നൽകുന്നതുമായി ബന്ധപ്പെട്ട മിഥ്യധാരണകളെ അകറ്റിനിർത്തണമെന്നും സർജറിയിൽ അനസ്തേഷ്യ എത്രത്തോളം പ്രധാനഘടകമാണെന്നും ക്ലാസ് നയിക്കവേ ഡോ. ഡെയ്ൻ പറഞ്ഞു. അനസ്തേഷ്യയെക്കുറിച്ച് അവബോധം നൽകുന്ന ഷോട്ട് വീഡിയോ റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

**വേൾഡ് ഓസ്റ്റിയോപൊറോസിസ് ഡേ ആചരണം**

വേൾഡ് ഓസ്റ്റിയോപൊറോസിസ് ഡേയോട് അനുബന്ധിച്ചു ഹോസ്പിറ്റലിൽ ഒക്ടോബർ 19 നു പ്രസ്തുത ആചരണം സംഘടിപ്പിക്കുകയും പ്രായാധിക്യം മൂലം അസ്ഥികൾക്കുണ്ടാകുന്ന തേയ്മാനത്തെ പറ്റിയുള്ള രോഗികളുടെ സംശയങ്ങൾക്കു ഓർത്തോവിഭാഗം മേധാവി ഡോ. മുഹമ്മദ് അഷറഫ് സോഷ്യൽ മീഡിയയിലൂടെ മറുപടി പറയുകയും ചെയ്തു.

**വേൾഡ് ഇൻഫെക്ഷൻ പ്രിവെൻഷൻ വാരാചരണം**

ലോക ഇൻഫെക്ഷൻ പ്രിവെൻഷൻ വീക്കിനോട് അനുബന്ധിച്ചു ആശുപത്രിയിൽ സ്റ്റാഫിന് ഒക്ടോബർ 15 മുതൽ 21 വരെ *ഫണ്ടമെന്റൽസ് ഓഫ് ഇൻഫെക്ഷൻ പ്രിവെൻഷൻ* എന്ന തീമിനെ അടിസ്ഥാനപ്പെടുത്തി റീൽസ് കോമ്പറ്റീഷൻ നടത്തപ്പെട്ടു.

അണുബാധ തടയേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവത്കരണം നൽകുന്ന പോസ്റ്റർ പ്രദർശനം റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

■

# കേരള ലേബർ മൂവ്മെന്റ് (KLM)

പ്രിയപ്പെട്ടവരേ,

നമ്മുടെ നാട്ടിലെ അസംഘടിതതൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ട ക്ഷേമനിധി ബോർഡുകൾ വഞ്ചിക്കപ്പെടുന്ന നേർക്കാഴ്ചയാണ് ഇന്നു സംസ്ഥാനത്തു കാണുന്നത്. മാസങ്ങളായി മുടങ്ങുന്ന പെൻഷനുകളും മറ്റാനുകൂല്യങ്ങളും സാധാരണതൊഴിലാളിയുടെ നെഞ്ചിടിപ്പേറ്റുന്നു. സംസ്ഥാന സർക്കാരിനു മറ്റൊരിടത്തുനിന്നും കടം കിട്ടാതെ വരുമ്പോൾ തൊഴിലാളികൾ വിയർപ്പൊഴുക്കി നൽകിവന്ന അംശാദായം ഉപയോഗിച്ച് രൂപീകരിക്കപ്പെട്ട ക്ഷേമനിധികളിൽനിന്നു കയ്യിട്ടുവാരുന്ന കാഴ്ച ഇവിടുത്തെ തൊഴിലാളികളോടുള്ള ക്രൂരതയാണ്; വെല്ലുവിളിയാണ്. ഈ കിരാതനടപടികളിൽനിന്നു സംസ്ഥാന സർക്കാർ പിൻവാങ്ങി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് അനിവാര്യമായ നടപടികൾ കൈക്കൊള്ളണമെന്നു ശക്തമായി ആവശ്യപ്പെടുന്നു.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### കെ.എൽ.എം. സോണൽ മീറ്റിങ്

ഒക്ടോബർ 9 നു വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി സെന്ററിൽ കോട്ടയം KLM സോണൽ മീറ്റിങ് സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപതയെ പ്രതിനിധീകരിച്ച് സണ്ണി അഞ്ചിൽ, ജോളി നാല്പതാംകളം, ബിനോയ് കാരിമല, അന്നമ്മ ഷാജി എന്നിവർ പങ്കെടുത്തു.

### യൂണിറ്റ് വാർഷികവും കുടുംബസംഗമവും

പങ്ങട KLM യൂണിറ്റിന്റെ കുടുംബസംഗമം സെപ്റ്റംബർ 24 നു നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, വികാരി ഫാ. ജോസഫ് കുഴിയടിയിൽ, ഫൊറോനാ കോഡിനേറ്റർ ബിനോയി കാരിമല എന്നിവർ പങ്കെടുത്തു.

### പുതിയ സംഘങ്ങൾ

കൂരോപ്പട യൂണിറ്റിൽ ലിറ്റിൽ ഫ്ളവർ, സെന്റ് ആന്റണീസ് എന്നീ SHGകൾ രൂപീകരിച്ചു. വികാരി ഫാ. ജോസ് പാറശ്ശേരിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതിയംഗം ബിനോയി റ്റി. ജേക്കബ്, യൂണിറ്റ് കോഡിനേറ്റർ മാത്യു ജോസഫ് എന്നിവർ പങ്കെടുത്തു.

ചെത്തിപ്പുഴ യൂണിറ്റിൽ വിമലഹൃദയം എന്ന SHG രൂപീകരിച്ചു. വികാരി ഫാ. തോമസ് കല്ലുകളം CMI അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. ഫൊറോനാ കോഡിനേറ്റർ വിജി സെബാസ്റ്റ്യൻ പങ്കെടുത്തു.

*ശേഷം പേജ് 51 ൽ.....»*

# ആത്മതാകേന്ദ്രം

## (ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

ഈശോയിൽ പ്രിയപ്പെട്ടവരേ,

*വീഞ്ഞ് പരിഹാസകനും, മദ്യം കലഹക്കാരനുമാണ്; അവയ്ക്ക് അടിമപ്പെടുന്നവനു വിവേകമില്ല (സുഭാ. 20:1).* ലഹരിയുടെ മായികലോകത്തേയ്ക്കു ചെറുപ്പക്കാരുടെ വഴിതെറ്റൽ വർദ്ധിച്ചുവരുന്നു. ലഹരിയുടെ അപകടങ്ങളെപ്പറ്റി ചെറുപ്രായത്തിൽതന്നെ കുട്ടികൾക്കു ബോധ്യമാകേണ്ടതുണ്ട്. ഈ ബോധ്യപ്പെടുത്തൽ ഒറ്റപ്പെട്ട വേദികളിൽനിന്നാകാതെ സാധ്യമായ എല്ലാവഴികളിൽനിന്നും – അതായത് കുടുംബങ്ങൾ, സ്കൂൾ വിദ്യാഭ്യാസം, സഭ, സംഘടനകൾ – അവശ്യമാണ്. അതോടൊപ്പം സർക്കാരിന്റെ ഭാഗത്തുനിന്നു ശക്തമായ നിയമനടപടികൾ ഇക്കാര്യത്തിലുണ്ടാകേണ്ടത് സുപ്രധാനമാണ്. എങ്കിൽ മാത്രമേ ലോകം ഒരു ആഗോളഗ്രാമമായി മാറുന്ന ഈ കാലഘട്ടത്തിൽ പുതുതലമുറയെ കരുതലോടെ സംരക്ഷിക്കാനാവൂ. നമുക്കൊന്നിച്ച് ലഹരിക്കെതിരെ കൈകോർക്കാം! പോരാടാം!

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സാമൂഹ്യസംരംഭകത്വ വികസനപദ്ധതി

ആത്മതാകേന്ദ്രത്തിന്റെയും നാഷണൽ NGO കോൺഫെഡറേഷന്റെയും ആഭിമുഖ്യത്തിൽ സാമൂഹ്യസംരംഭകത്വ വികസനപരിപാടിയുടെ കമ്മ്യൂണിറ്റി ഡെവലപ്പുമെന്റ് ഇനിഷേറ്റീവ് പദ്ധതി 50% സാമ്പത്തികസഹായത്തോടെ 33 തയ്യൽ മെഷീൻ വിതരണവും 17 ലാപ്പ്ടോപ്പ് വിതരണവും അതിരൂപതാകേന്ദ്രത്തിൽ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോൺ വടക്കേകളം അദ്ധ്യക്ഷത വഹിച്ചു. റ്റി.എം. മാത്യു സ്വാഗതവും പദ്ധതിയുടെ വിശദീകരണവും നടത്തി. ട്രീസാ മാത്യു നന്ദിയർപ്പിച്ചു.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ഈ പദ്ധതിയിലെ അംഗങ്ങൾക്കു കരികുളം പ്രത്യാശ ഭവനിൽ ഒക്ടോബർ 28 ശനിയാഴ്ച രാവിലെ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബോധവത്ക്കരണ ക്ലാസ്സ്, എനർജൈസിംഗ് പ്രോഗ്രാം, ഉച്ചഭക്ഷണം, 98500/– രൂപയുടെ ധനസഹായം എന്നിവ നല്കി. ഡയറക്ടർ ഫാ. ജോൺ വടക്കേകളം, സണ്ണി മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി.

### ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങ

ളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി

ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം

വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം

വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

### ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം LSDP പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ **നവംബർ 12 മുതൽ 17 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു. നവംബർ 12-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 17-ാം തീയതി രാവിലെ 10 മണിക്ക് അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ ക്ലാസ്സുകൾ, കൗൺസിലിങ് എന്നിവ ലഭ്യമാകും.

LSDP പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

■

---

» *KLM തുടർച്ച...*

തൃക്കൊടിത്താനം യൂണിറ്റിൽ വാഴ്ത്തപ്പെട്ട റാണി മരിയ എന്ന SHG രൂപീകരിച്ചു. വികാരി ഫാ. ആന്റണി ഏത്തക്കാട് അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമിതിയംഗം ജോസഫ് ജോൺ, യൂണിറ്റ് കോഡിനേറ്റർ തോമസ് മാത്യു നെടുംപറമ്പിൽ എന്നിവർ പങ്കെടുത്തു.

### ആദരാഞ്ജലികൾ

എടത്വാ സെന്റ് ജോർജിയൻ സംഘാംഗം ജോസഫ് ചാക്കോ തോപ്പിൽ മണലേലിന്റെ നിര്യാണത്തിൽ KLM കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

### മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരങ്ങളുടെ നോമിനികൾക്കു മരണാനന്തര സഹായമായ RS. 1,25,000/- രൂപ ഒക്ടോബർ 17 നു കൈമാറി.

| പേര് | സംഘം |
|---|---|
| 130. ഫിലിപ്പ് തോമസ് | കുറുമ്പനാടം പന്നിത്തടം സെന്റ് തോമസ് |
| 132. പി.റ്റി. ചാക്കോ | മാമ്മൂട് സെന്റ് പീറ്റേഴ്സ് |
| 134. പി.എ. സെബാസ്റ്റ്യൻ | ചാഞ്ഞോടി താബോർ |

■

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

ഒക്ടോബർ 08 ഞായറാഴ്ച 2 pm ന് അതിരൂപതാ DCMS സംയുക്ത കമ്മിറ്റി അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അദ്ധ്യക്ഷത യിൽ നടന്നു. സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 28 ലെ സമര പരിപാടികളെക്കുറിച്ചും അതിരൂപതാകമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും തീരുമാനങ്ങളെടുത്തു.

അതിരൂപതാ DCMS, DCVS, DCYL സംയുക്തകൗൺസിൽ മീറ്റിങ് ഒക്ടോബർ 22 ഞായറാഴ്ച 2 pm നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളത്തിന്റെ നേതൃത്വത്തിലുള്ള മീറ്റിങ്ങിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷനായി രുന്നു. സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 28 നു നടന്ന സമര പരിപാടികളെക്കുറിച്ചും സമരപ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിനെക്കുറിച്ചും അതിരൂപതാകമ്മിറ്റിയുടെ മറ്റു പ്രവർത്തനപരിപാടികളെക്കുറിച്ചും ചർച്ച നടത്തി തീരുമാനങ്ങളെടുത്തു.

**നവംബർ 28 ന് സംസ്ഥാനകമ്മിറ്റിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് മാർച്ച്**

1. ദളിതുക്രൈസ്തവരുടെ ഭരണഘടനാപരിരക്ഷ ഉറപ്പുവരുത്താൻ കേരള നിയമസഭ പ്രമേയം പാസ്സാക്കുക.
2. ജാതി സെൻസസ് നടപ്പിലാക്കുക.
3. ദളിത് ക്രിസ്ത്യൻ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും വിദ്യാഭ്യാസ അവ കാശങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുക.
4. ഉന്നത സാങ്കേതികവിദ്യാഭ്യാസരംഗത്ത് ദളിതുക്രൈസ്തവർക്കു ലഭിച്ചു കൊണ്ടിരുന്ന ഒരു ശതമാനം സംവരണത്തിനു മറ്റു സമുദായങ്ങളെ ഉൾ പ്പെടുത്തിയ നടപടി പിൻവലിക്കുക.
5. പരിവർത്തിത ക്രൈസ്തവകോർപ്പറേഷനിലേക്കു മറ്റു ശിപാർശിത വിഭാഗ ങ്ങളെ ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക.

ഈ സമരത്തിന്റെ വിജയത്തിനായി അതിരൂപതയിലെ വിശ്വാസസമൂഹത്തി ന്റെയും സംഘടനകളുടെയും സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

**സമരസഹായ പ്രവർത്തനഫണ്ട് ശേഖരണം**

DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ മുഴുവൻ രൂപതകളിലും രൂപതാ കമ്മിറ്റി, ഫൊറോനാ കമ്മിറ്റി, യൂണിറ്റ് കമ്മിറ്റിയുടെ സഹകരണത്തോടെ സമര സഹായ പ്രവർത്തനഫണ്ട് ശേഖരണം ആരംഭിക്കുന്നു. എല്ലാവരുടെയും സഹ കരണം പ്രതീക്ഷിച്ചുകൊള്ളുന്നു.

അതിരൂപതാ കമ്മിറ്റി (DCMS) യൂണിറ്റുകളിൽ മെമ്പർഷിപ്പ് പുതുക്കലും പുതിയ യൂണിറ്റ് രൂപീകരണവും ഡിസംബറിൽ ആരംഭിക്കും.

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)*
**ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)*
**ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

# ലീജിയൻ ഓഫ് മേരി

*'ജന്മപാപമില്ലാതെ ഉത്ഭവിച്ച പരിശുദ്ധ മറിയമേ നിന്നിലാശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'*

വ്യക്തിപരമായ വിശുദ്ധി പ്രാപിക്കുവാൻ വിശ്വാസത്തെ ജീവിതാഭിലാഷമായി കരുതുന്ന അത്മായസംഘടനയാണ് ലീജിയൻ ഓഫ് മേരി. എല്ലാ ദൈവകൃപകളുടെയും മധ്യസ്ഥയായ അമലോത്ഭവമാതാവാണ് ലീജിയന്റെ രക്ഷാധികാരി. സ്പിരിചൽ ഡയറക്ടർ ജയിംസ് കണികുന്നേൽ അച്ചന്റെ പ്രോത്സാഹനവും പിന്തുണയും സംഘടനയെ ആത്മീയമായി ശക്തിപ്പെടുത്തുന്നുണ്ട്.

അതിരൂപതാ കമ്മീസിയത്തിന്റെ സെപ്റ്റംബർ സമ്മേളനവും 817-ാമത് കമ്മീസിയം മീറ്റിങ്ങും സെപ്റ്റംബർ 16 ശനിയാഴ്ച 2 pm നു സ്പിരിചൽ ഡയറക്ടറിന്റെ അധ്യക്ഷതയിൽ പാറേൽ അമല തിയളോജിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പാറേൽ അനുഗ്രഹമാതാ പ്രസീദിയത്തിന്റെ പ്രാർത്ഥനാഗാനത്തോടുകൂടി സമ്മേളനമാരംഭിച്ചു. മുന്നൂറിലധികം മരിയൻ സൈനികർ പങ്കെടുത്തു. അമല തിയളോജിക്കൽ കോളേജ് ഡയറക്ടർ ജോസ് പുതിയാപറമ്പിൽ അച്ചനും നെയ്യാറ്റിൻകര കമ്മീസിയം പ്രസിഡന്റ് ബ്രദർ ഷാജി ബോസ്കോയ്ക്കും മറ്റെല്ലാവർക്കും പ്രസിഡന്റ് സ്വാഗതമാശംസിച്ചു. പുതിയാപറമ്പിൽ ജോസച്ചൻ സന്ദേശംനൽകി സമ്മേളനം ഉദ്ഘാടനം ചെയ്തു. ജയിംസ് കണികുന്നേൽ അച്ചന്റെ അധ്യക്ഷപ്രസംഗത്തിനുശേഷം സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ ഡയറക്ടർ ഫാ. ജോസഫ് ഇളംതുരുത്തിയിൽ ആശംസയർപ്പിച്ചു. ബ്രദർ ഷാജി ബോസ്കോ ഉത്തരീയത്തിന്റെ മഹത്വത്തെക്കുറിച്ച് പ്രഭാഷണം നടത്തി. വിവിധ പ്രസീദിയങ്ങളിൽനിന്നും മരിയഗാനങ്ങൾ ആലപിച്ചു. വൈസ് പ്രസിഡന്റ് നന്ദിയറിയിച്ചു. അവസാനപ്രാർത്ഥനയ്ക്കുശേഷം ജയിംസ് അച്ചന്റെ ആശീർവാദത്തോടുകൂടി സമ്മേളനം സമാപിച്ചു.

സെപ്റ്റംബർ 08 നു നാലുകോടി സെന്റ് തോമസ് ഇടവകയിൽ പുതിയ പ്രസീദിയം ആരംഭിച്ചു. കമ്മീസിയം ഭാരവാഹികൾ സംബന്ധിച്ചു.

സെപ്റ്റംബർ 16 നു അതിരമ്പുഴ കൂരിയായിൽ സെപ്റ്റംബർ സമ്മേളനം നടന്നു.

ഒക്ടോബർ 08 നു പാറേൽ ലീജിയൻ ഹാളിൽ 818-ാമത് കമ്മീസിയം മീറ്റിങ് നടത്തി. ലീജിയൻ പ്രാർത്ഥനയ്ക്കു പ്രസിഡന്റ് നേതൃത്വം നൽകി. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി. 40 സൈനികർ പങ്കെടുത്തു.

കമ്മീസിയത്തിനുവേണ്ടി,

**സ്റ്റെല്ല തോമസ് അരിക്കത്തിൽ**
(സെക്രട്ടറി)

**ഫാ. ജയിംസ് കണികുന്നേൽ**
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

■

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ സ്വർഗീയമധ്യസ്ഥൻ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാൾ ഭ്രാതൃത്വങ്ങളിൽ പ്രാർത്ഥനാപൂർവം കൊണ്ടാടി. സെപ്റ്റംബർ 25 മുതൽ ഭ്രാതൃത്വങ്ങളിൽ തിരുനാൾ നൊവേന ചൊല്ലുകയും വിശുദ്ധന്റെ സ്വർഗപ്രവേശന ദിനമായ ഒക്ടോബർ 03 ഉപവാസദിനമായി ആചരിക്കുകയും ചെയ്തു. ഒക്ടോബർ 04 നു വികാരിമാരുടെയും ഇടവകജനങ്ങളുടെയും സഹകരണത്തോടെ പ്രധാന തിരുനാൾ ആഘോഷിച്ചു. പല ഭ്രാതൃത്വങ്ങളിലും വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചു പ്രദക്ഷിണം നടത്തുകയുണ്ടായി.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ പ്രവർത്തനഫലമായി സ്ഥാപിതമായ ആലപ്പുഴ പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് ദൈവാലയത്തിൽ ഇടവകതിരുനാളിന്റെ എട്ടാമിടം സഭാംഗങ്ങൾ ഭക്ത്യാദരപൂർവം കൊണ്ടാടി. അതിരൂപതാ SFO സ്പിരിച്വൽ അസിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കൽ OFM Cap. പരി. കുർബാനയർപ്പിച്ചു സന്ദേശംനൽകി. മൂന്നാംസഭാംഗങ്ങൾ ഫ്രാൻസിസ്കൻ ചൈതന്യത്തിൽ സ്വയം നവീകരിക്കാനും അതുവഴി കുടുംബത്തെയും സമൂഹത്തെയും പുനഃരുദ്ധരിക്കണമെന്നും പരമപ്രധാനലക്ഷ്യമായ ആത്മാവിന്റെ നിത്യജീവൻ നേടിയെടുക്കാൻ പരിശ്രമിക്കണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു.

ആരോഗ്യപ്രശ്നങ്ങളാലും മറ്റു കാരണങ്ങളാലും സഭയിൽനിന്നും അകന്നിരിക്കുന്നവരെ കണ്ടെത്തുകയും മൂന്നുമാസത്തിലൊരിക്കലെങ്കിലും അവരെ സന്ദർശിച്ച് സഭയോടു ചേർത്തുനിർത്തുന്നതിൽ മറ്റു സഭാംഗങ്ങൾ ശ്രദ്ധിക്കുകയും വേണം. നമ്മുടെ സത്പ്രവർത്തികളിലൂടെ കൂടുതൽ ആളുകൾക്കു മാതൃകയാവാനും സഭയെക്കുറിച്ചുള്ള അറിവ് പകരാനും സഭാംഗങ്ങൾ ശ്രമിക്കുമല്ലോ. ഭ്രാതൃത്വങ്ങളിൽ ആവശ്യത്തിനു മാത്രം പണം സ്വരൂപിക്കുക. പണം സമ്പാദിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫ്രാൻസിസ്കൻ സഭ എന്നത് ഒരു ജീവിതശൈലിയാണ്. ജനനം മുതൽ മരണം വരെ സഭാമക്കളായി ജീവിക്കണം. ഈശോയെ ലോകത്തിനു കൊടുക്കുവാൻ നാമോരുത്തരും ബാധ്യസ്ഥരാണെന്നു സ്പിരിച്വൽ അസിസ്റ്റന്റ് ഉദ്ബോധിപ്പിച്ചു. നാലുമാസം കൂടുമ്പോൾ റീജൻ മീറ്റിങ്ങും വർഷത്തിലൊരിക്കൽ രാവിലെ 9 മുതൽ വൈകുന്നേരം 4.30 വരെയുള്ള ഒരു ഏകദിന കൺവൻഷനും നടത്തണം. പുതിയ ആളുകൾക്ക് അംഗത്വം നൽകുകയും വ്രതവാഗ്ദാനം നടത്താൻ യോഗ്യരായവരുടെ വ്രതവാഗ്ദാനം നടത്തുകയും വ്രതം സ്വീകരിച്ചവരുടെ വാഗ്ദാനം നവീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഭ്രാതൃത്വങ്ങൾ പരിഗണിക്കണം.

*ശേഷം പേജ് 62 ൽ.....»*

# വിൻസെൻഷ്യൻ വേദി

*''അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന അതേ വഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു''* (1 യോഹ. 2:6).

ചുങ്കകാരോടും പാപികളോടുമൊപ്പം ഭക്ഷണം കഴിക്കുന്ന തന്നെക്കണ്ട് അസ്വസ്ഥതപ്പെടുന്ന ഫരിസേയരോട് ഈശോ ഇപ്രകാരം പറയുന്നുണ്ട്: ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർഥം നിങ്ങൾപോയി പഠിക്കുക *(മത്താ. 9:13)*. ഒറ്റപ്പെട്ടവരെയും ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും സമൂഹത്തിന് അസ്വീകാര്യരായവരെയും കരുതുന്ന ഈശോയുടെ സ്നേഹത്തെയാണ് വിശുദ്ധഗ്രന്ഥത്തിലുടനീളം നാം ദർശിക്കുക. ഈ സ്നേഹം അനുഭവിക്കാനും പങ്കുവയ്ക്കാനും വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവനും. പല രീതിയിലും കഷ്ടതകളനുഭവിക്കുന്ന ധാരാളം ആളുകൾ നമുക്കുചുറ്റുമുണ്ട്. കാരുണ്യപ്രവൃത്തികൾ ചെയ്യാൻ ധാരാളം അവസരങ്ങൾ നമുക്കുണ്ട്. സാമിപ്യവും സാന്ത്വനവും ആഗ്രഹിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ചുറ്റുമുള്ളവരുടെ ഭൗതികമായ ആവശ്യങ്ങൾ പരിഗണിക്കുന്നതോടൊപ്പം അവരുടെ ആത്മരക്ഷയും നമ്മുടെ ഉത്തരവാദിത്തമാണ്. ആരോഗ്യത്തെയും സമയത്തെയും സാഹചര്യത്തെയും പഴിച്ച് ഇതിൽ നിന്നൊക്കെ ഒഴിഞ്ഞുമാറാനുള്ള പ്രവണത ഇപ്പോൾ കാണപ്പെടുന്നുണ്ട്. തന്നോടൊപ്പമായിരിക്കാൻ ഈശോ വിളിച്ച പലരും വിവിധ കാരണങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുന്നതും വിട്ടുപോകുന്നതും വി. ഗ്രന്ഥത്തിലുണ്ട്. മുടന്തൻന്യായങ്ങൾ പറഞ്ഞ് ചെയ്യാവുന്ന നന്മ ചെയ്യാനുള്ള അവസരമുപയോഗിക്കാതെ വിശുദ്ധിയിൽ വളരാനുള്ള സാഹചര്യം നാം നഷ്ടമാക്കുന്നുണ്ട്. തിരക്കുള്ള ജീവിതത്തിൽ മിച്ചംകിട്ടുന്ന അൽപ്പസമയം ഉല്ലസിക്കാനും സന്തോഷിക്കാനും വേണ്ടി മാത്രമായി മാറ്റിവയ്ക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. വാതിൽക്കൽ കിടന്ന ലാസറിനെ പരിഗണിക്കാതെ സ്വന്തം സുഖങ്ങൾമാത്രം നോക്കിയ ധനവാനും ദുരിതമനുഭവിച്ച ലാസറിനും നിത്യതയിൽ ലഭിക്കുക നേരെ വിപരീതമായ അനുഭവങ്ങളാണെന്ന് ഈശോ വ്യക്തിമാക്കിത്തരുന്നുണ്ട്. കാരുണ്യപ്രവൃത്തികൾ ആവശ്യമുള്ള ഇടങ്ങളിൽ സ്വന്തം കൈകൾ മലിനമാക്കപ്പെടാൻ തയ്യാറാകണമെന്നു ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥനും സ്ഥാപകരും കാണിച്ചുതന്ന മാതൃകയും ഇതുതന്നെയാണ്. അസ്വസ്ഥതയും അശാന്തിയും വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇന്നുള്ളത്. യുദ്ധത്തിന്റെ എണ്ണങ്ങളും അതിന്റെ ദുരിതങ്ങളും മതവിശ്വാസത്തിന്റെ പേരിലുള്ള പീഡനങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു.

സ്നേഹത്തിൽ വളരാനും മിശിഹായുടെ സമാധാനം സ്വന്തമാക്കാനും ലോകത്തിനു സാധിക്കട്ടെയെന്നു തീക്ഷ്ണമായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സി.സി. പ്രസിഡന്റ്)*

■

# കരിസ്മാറ്റിക് നവീകരണം

*മിശിഹായിൽ ഞങ്ങളെ എല്ലായ്പ്പോഴും വിജയത്തിലെത്തിക്കുകയും അവനെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ സൗരഭ്യം ഞങ്ങൾവഴി എല്ലായിടത്തും പരത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തുതി!* (2 കോറി. 2:14).

ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണൽ സർവീസ് ടീമിന്റെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നു. പാരിഷ് മിനിസ്ട്രി, ക്രിസ്റ്റീൻ മിനിസ്ട്രി, തൂവാനിസ, കപ്പിൾസ് മിനിസ്ട്രി എന്നിവ ദൈവകൃപയാൽ പ്രവർത്തനസജ്ജമാണ്. ജൂബിലി സഹസ്രദിനപ്രാർത്ഥനയുടെ ഭാഗമായി അഞ്ചാമത്തെ കൂട്ടായ്മ മുണ്ടുപാലം സെന്റ് മേരീസ് ദൈവാലയത്തിൽ വികാരി ജോൺ മണക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ വചനസന്ദേശം നൽകി. വികാരിയച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. സർവീസ് ടീമിന്റെ സീനിയർ മെമ്പറും പ്രവർത്തകയുമായ ലില്ലിക്കുട്ടിയുടെ 78-ാമത് ജന്മദിനം ആഘോഷിച്ചു. എല്ലാവർക്കും മധുരം വിളമ്പിക്കൊണ്ട് ആനിമേറ്റർ അച്ചന്റെയും കോഡിനേറ്ററിന്റെയും നേതൃത്വത്തിൽ ആശംസകളർപ്പിച്ചു. നവംബർമാസത്തിൽ നടക്കുന്ന സെൻട്രൽ മിനിസ്ട്രി വിസിറ്റ് വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമദൈവാലയത്തിൽ നടത്തുവാൻ തീരുമാനിച്ചു. മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിലുള്ള പ്രാർത്ഥനാ ഗ്രൂപ്പുകൾ സജീവമാണ്.

**ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

57-ാമത് മീറ്റിങ് പാസ്റ്ററൽ സെന്ററിൽ നടത്തി. ജപമാലയോടുകൂടി ആരംഭിച്ചു. ലൂയിസ് അച്ചൻ വി. മത്തായിയുടെ സുവിശേഷം 26: 6-13 വരെയുള്ള തിരുവചനഭാഗം വായിച്ച് വിചിന്തനം നടത്തി. അതിനുശേഷം LCM കോഡിനേറ്റർ എല്ലാവരെയും സ്വാഗതം ചെയ്തു. പുതിയ ട്രഷററായി കുറുമ്പനാടം കുന്നുംപുറം ജോണിച്ചൻ-ബെറ്റി ദമ്പതികൾ സ്ഥാനമേറ്റു. ഇടവകയിലെ സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും ഷെയർ ചെയ്തു. സെല്ലുകളിലെ അംഗങ്ങളുടെ ലിസ്റ്റ് അച്ചനെ ഏൽപിച്ചു. പച്ച-ചെക്കിടിക്കാട്, മാമ്മൂട്, ചെത്തിപ്പുഴ എന്നിവിടങ്ങളിൽ പുതിയ സെല്ലുകൾക്കു രൂപംനൽകി. **നവംബർ 04** നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ അടുത്ത മീറ്റിങ് നടത്താൻ തീരുമാനിച്ചു. സന്ദേശഗീതം ആലപിച്ചതിനുശേഷം ലൂയിസ് അച്ചന്റെ സമാപനാശീർവാദത്തോടെ മീറ്റിങ് അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# സഭാനേതൃത്വശുശ്രൂഷ

(തിരുവചനഭാഗം: 1 കോറിന്തോസ് 4,1-21)

പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിന്റെ നാലാം അധ്യായത്തിൽ സഭാനേതൃത്വശുശ്രൂഷയെപ്പറ്റിയാണ് പഠിപ്പിക്കുന്നത്. ഈ അധ്യായത്തെ താഴെക്കാണുംവിധം വിഭജിക്കാം:

1. ദൈവരഹസ്യങ്ങളുടെ കാര്യസ്ഥർ (4,1-5)
2. എളിമയും കൂട്ടായപ്രവർത്തനവും (4,6-8)
3. യഥാർത്ഥത്തിലുള്ള ക്രിസ്തീയനേതൃത്വം (4,9-13)
4. സുവിശേഷപ്രഘോഷണവും പിതൃപുത്രബന്ധവും (4,14-16)
5. ദൈവരാജ്യവും അരൂപിയുടെ ശക്തിയും (4,17-21)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. ദൈവരഹസ്യങ്ങളുടെ കാര്യസ്ഥർ

*''മിശിഹായുടെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേണ്ടത്. കാര്യസ്ഥന്മാർക്കു വിശ്വസ്തത കൂടിയേ തീരൂ. നിങ്ങളോ ഏതെങ്കിലും ന്യായാസനമോ എന്നെ വിചാരണ ചെയ്യുന്നെങ്കിൽ അതു ഞാൻ കാര്യമാക്കുന്നില്ല. ഞാനും എന്നെ വിധിക്കുന്നില്ല. ഞാൻ ഏതെങ്കിലുംതരത്തിൽ കുറ്റക്കാരനാണെന്ന് എനിക്കു ബോധ്യമില്ല. എന്നാൽ അതുകൊണ്ടുമാത്രം ഞാൻ നീതീകരിക്കപ്പെട്ടുവെന്ന് അർത്ഥമില്ല. എന്നെ വിധിക്കുന്നവൻ കർത്താവാണ്. അതിനാൽ, മുൻകൂട്ടി നിങ്ങൾ വിധി പ്രസ്താവിക്കരുത്. കർത്താവ് വരുന്നതുവരെ കാത്തിരിക്കുവിൻ. അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നവയെ വെളിച്ചത്തു കൊണ്ടുവരുന്നവനും ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനും അവനാണല്ലോ. അപ്പോൾ ഓരോരുത്തർക്കും ദൈവത്തിൽനിന്നു പ്രശംസലഭിക്കും''* (4,1-5).

സഭാനേതൃത്വത്തെക്കുറിച്ച് വിശ്വാസികൾക്കു വ്യക്തമായ അറിവ് ആവശ്യമാണ്. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണ്. ദൈവരാജ്യത്തിലെ നേതൃത്വം ദാസന്റെ ശുശ്രൂഷയാണ്; കാര്യസ്ഥന്റെ കൃത്യനിർവഹണമാണ്. ദൈവം നിശ്ചയിക്കുന്ന നേതാക്കൾ സഭയ്ക്ക് അവിടുന്നു നൽകുന്ന സമ്മാനങ്ങളാണ്. അതേസമയം അവർ യജമാനന്മാരല്ല ദാസന്മാരാണ്. സഭാംഗങ്ങളുടെ ശുശ്രൂഷയ്ക്കുപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വാക്ക് 'ദിയക്കൊണിയ' ആണ്

(1 കോറി. 3,5;16,15). ഭക്ഷണമേശയിൽ ശുശ്രൂഷ ചെയ്യുന്നതിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. അതു സ്നേഹത്തിന്റെയും കരുതലിന്റെയും ശുശ്രൂഷയാണ്. വിശ്വാസികൾ മിശിഹായുടേതാണ്. മിശിഹാ ശുശ്രൂഷിക്കുകയും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകുകയും ചെയ്തതുപോലെ (മർക്കോ. 10,45), സഭാനേതൃത്വശുശ്രൂഷ ദാസ്യശുശ്രൂഷയാണ്. അഹങ്കാരത്തോടെ, സ്വന്തം മഹത്ത്വം ഉയർത്തിക്കാട്ടുന്ന, വിഭാഗീയതക്കിടവരുത്തുന്ന, നേതൃത്വശൈലി മിശിഹായുടെ ശുശ്രൂഷാശൈലിക്ക് അനുയോജ്യമല്ല.

ദാസനെപ്പോലെ ശുശ്രൂഷ ചെയ്യുന്ന സഭാനേതാവ് കാര്യസ്ഥനെപ്പോലെയും വർത്തിക്കണം. ഉത്തരവാദിത്തവും വിശ്വാസ്യതയും കാര്യസ്ഥർക്കു കൂടിയേതീരൂ. ദൈവം തന്റെ കാര്യസ്ഥരെ പരിശോധിക്കുകയും വിധിക്കുകയും ചെയ്യും. ''നിങ്ങൾ മുൻകൂട്ടി വിധി പ്രസ്താവിക്കരുത്'' എന്ന നിർദേശം കോറിന്തോസിലെ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. നേതാക്കന്മാരുടെ പിൻബലത്തിൽ കക്ഷിമത്സരങ്ങളിൽ ഉൾപ്പെട്ടിരുന്ന കോറിന്തോസുകാർ പൗലോസിനെതിരെ നിലപാടെടുത്തിരുന്നിരിക്കണം. പൗലോസ് തന്റെ ആധികാരികതയും ആത്മാർത്ഥതയും കർത്താവിന്റെ വിധി നിർണയത്തിനായി സമർപ്പിക്കുന്നു (4,5). ദൈവം ഓരോ ശുശ്രൂഷകരെയും വിധിക്കുമ്പോൾ അവരുടെ പ്രവൃത്തികളും അവരുടെ വിജയപരാജയങ്ങളും മാത്രമല്ല പരിഗണിക്കുന്നത്. മറിച്ച് അവരുടെ ഓരോരുത്തരുടെയും മനോഭാവങ്ങളും ലക്ഷ്യങ്ങളുംകൂടി വിലയിരുത്തുന്നു. അതുകൊണ്ട് അജപാലകർ സ്നേഹത്തോടെ ശുശ്രൂഷ ചെയ്യുന്നവരും ഉത്തരവാദിത്തബോധത്തോടെ ദിവ്യരഹസ്യങ്ങൾ പരികർമം ചെയ്യുന്നവരുമായിരിക്കണം.

## 2. എളിമയും കൂട്ടായപ്രവർത്തനവും

*''സഹോദരരേ, ഇക്കാര്യങ്ങളിൽ എന്നെയും അപ്പോളോസിനെയും ഞാൻ ഉദാഹരണമാക്കിയതു നിങ്ങളെപ്രതിയാണ്. എഴുതപ്പെട്ടിരിക്കുന്നവയെ അതിലംഘിക്കാതിരിക്കാൻ നിങ്ങൾ ഞങ്ങളിൽനിന്നു പഠിക്കണമെന്നും ഓരോരുത്തരുടെ പക്ഷംപിടിച്ച് മറ്റുള്ളവർക്കെതിരായി ആരും അഹംഭാവം നടിക്കരുതെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. നിനക്ക് എന്തുപ്രത്യേക മാഹാത്മ്യമാണുള്ളത്? ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്? എല്ലാ ദാനമായിരിക്കെ, ദാനമല്ലായെന്ന മട്ടിൽ നീ എന്തിന് അഹങ്കരിക്കുന്നു? ഇപ്പോൾ നിങ്ങൾ എല്ലാം തികഞ്ഞവരായെന്നോ! നിങ്ങൾ സമ്പന്നരായെന്നോ! ഞങ്ങളെക്കൂടാതെ നിങ്ങൾ ഭരണം നടത്തിവരുന്നെന്നോ! ഞങ്ങളും പങ്കാളികളാകത്തക്കവിധം നിങ്ങൾ ഭരിച്ചിരുന്നെങ്കിൽ!''* (4,6-8).

ലേഖനാരംഭത്തിൽ നാലുഗ്രൂപ്പുകളെയും നേതാക്കന്മാരെയും സംബന്ധിച്ച് പറഞ്ഞിരുന്നെങ്കിലും പിന്നീട് പൗലോസും അപ്പോളോസും മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. യഥാർത്ഥത്തിൽ ഓരോ ഗ്രൂപ്പും ചില നേതാക്കന്മാരെ ഉയർത്തിക്കാട്ടിയിരുന്നുയെന്നു കരുതാം. സഭാംഗങ്ങൾക്ക് അവരെ അറിയുകയും ചെയ്യാം. നേതാക്കന്മാരായ ശ്ലീഹന്മാരിൽനിന്നു കോറിന്തോസുകാർ പഠിക്കേണ്ട പാഠം എളിമയും കൂട്ടായപ്രവർത്തനവുമാണ്. അഹങ്കാരവും കക്ഷി

മത്സരങ്ങളും വെടിഞ്ഞ്, സ്വന്തം കാര്യം നോക്കാതെ, സഭയുടെ നന്മയ്ക്കായി പ്രവർത്തിക്കാൻ ശ്ലീഹാ ആവശ്യപ്പെടുന്നു. ഏതെങ്കിലും വ്യക്തികൾക്ക് എന്തെങ്കിലും വിശേഷഗുണങ്ങൾ ഉണ്ടെങ്കിൽത്തന്നെ അവ ദൈവത്തിന്റെ ദാനമാണ്. അഹംഭാവം ഉണ്ടാകാനുള്ളതല്ല. അവ സഭയുടെ പൊതുവായ നന്മയ്ക്കുവേണ്ടി ഉപയോഗിക്കേണ്ടതുമാണ്.

സ്വന്തം സമൃദ്ധിയിലും കഴിവുകളിലും വിജയങ്ങളിലും അഭിമാനംകൊണ്ട് തങ്ങൾ വന്നവഴികളെയും ദൈവകൃപയെയും മറന്നുകളഞ്ഞ കോറിന്തോസുകാരുടെ ചിത്രമാണ് പൗലോസ്ശ്ലീഹാ തുടർന്നു വരച്ചുകാട്ടുന്നത്. 'എല്ലാം തികഞ്ഞവർ' എന്ന പ്രയോഗം 'ഭക്ഷിച്ചു സംതൃപ്തരായവർ' എന്നതിന് ഉപയോഗിക്കുന്ന വാക്കിൽനിന്നു വരുന്നതാണ്. സമ്പന്നരാണ്; അധികാരം തങ്ങളുടെ കൈയിലാണ്; തങ്ങൾക്കെല്ലാമുണ്ട് എന്നെല്ലാം ഒരു സഭ ചിന്തിച്ചു തുടങ്ങുമ്പോൾ സഭയുടെ യഥാർത്ഥസ്വഭാവത്തിൽനിന്ന് ആ സമൂഹം വിട്ടുമാറുകയാണ് ചെയ്യുന്നത്. സഭ ദൈവരാജ്യത്തിന്റെ കൂദാശയാണ്. ''നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുക'' (മത്താ. 5,6) എന്നതാണ് ദൈവരാജ്യത്തിലേക്കു വിളിക്കപ്പെട്ടവർക്ക് ഉണ്ടായിരിക്കേണ്ട സവിശേഷത. എല്ലാം തികഞ്ഞവരാണെന്നുള്ളത് തികച്ചും ഭൗതികമായ ചിന്തയാണ്. ദൈവാരൂപിയുടെ പ്രചോദനമല്ല. അതുകൊണ്ട് അജപാലകരും മറ്റു സഭാശുശ്രൂഷകരും എളിമയിലും കൂട്ടായ്മയിലും ശുശ്രൂഷ നിർവഹിക്കുവാൻ ശ്രമിക്കണം.

### 3. യഥാർത്ഥത്തിലുള്ള ക്രിസ്തീയനേതൃത്വം

*''ദൈവം ശ്ലീഹന്മാരായ ഞങ്ങളെ മരണത്തിനു വിധിക്കപ്പെട്ടവരെപ്പോലെ ഏറ്റവും അവസാനത്തെ നിരയിൽ പ്രദർശിപ്പിച്ചിരിക്കുന്നുവെന്നു ഞാൻ വിചാരിക്കുന്നു. കാരണം, ഞങ്ങൾ ലോകത്തിനും ദൂതന്മാർക്കും മനുഷ്യർക്കും പ്രദർശനവസ്തുക്കൾ ആയിത്തീർന്നിരിക്കുന്നു. ഞങ്ങൾ മിശിഹായെ പ്രതി ഭോഷന്മാർ, നിങ്ങൾ മിശിഹായിൽ ജ്ഞാനികൾ; ഞങ്ങൾ ബലഹീനന്മാർ, നിങ്ങൾ ബലവാന്മാർ; നിങ്ങൾ ബഹുമാനിതർ, ഞങ്ങൾ അവമാനിതർ. ഈ നിമിഷംവരെ ഞങ്ങൾ വിശന്നും ദാഹിച്ചും നഗ്നരായും പ്രഹരങ്ങളേറ്റും പാർപ്പിടമില്ലാതെയും കഴിയുന്നു. സ്വന്തം കൈകൊണ്ട് ഞങ്ങൾ അധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു; പീഡിപ്പിക്കപ്പെടുമ്പോൾ അടിപതറാതെ നിൽക്കുന്നു. ദൂഷണം പറയുന്നവരോടു ഞങ്ങൾ നല്ല വാക്ക് പറയുന്നു. ഞങ്ങൾ ഇപ്പോൾ ലോകത്തിന്റെ ചപ്പും ചവറും പോലെയും എല്ലാറ്റിന്റെയും ഉച്ഛിഷ്ടം പോലെയുമായിത്തീർന്നിരിക്കുന്നു''* (4,9-13).

ഈ വാക്യങ്ങളിൽ ശ്ലീഹന്മാർ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ ഒരു പട്ടിക തന്നെ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നു. ശ്ലീഹന്മാരെ ദൈവം ഏറ്റവും അവസാനത്തെ ആളുകളാക്കിത്തീർക്കുന്നു. എല്ലാവരെയും കാഴ്ചവസ്തുക്കളെപ്പോലെയാക്കിയിരിക്കുന്നു. അടിമകളുടെയും ദാസന്മാരുടെയും സ്ഥാനമാണ് അവർക്ക്. പൗലോസ് പരാതിപ്പെടുകയല്ല. ശ്ലീഹന്മാർ മിശിഹായെ പ്രതി 'ഭോഷന്മാർ' ആക്കപ്പെട്ടിരിക്കുകയാണ്. ബലഹീനതകളും കുറവുകളും വിശപ്പും ദാഹവും നഗ്നതയും എല്ലാമാണ് മിശിഹായുടെ ശിഷ്യന് അവകാശമായി

ട്ടുള്ളത്. ഇതിലാണ് അയാൾ അഭിമാനിക്കേണ്ടത്. ഈ ഇല്ലായ്മയിലാണ് മിശിഹായുടെ കുരിശിന്റെ ഭോഷത്തം അർത്ഥപൂർണമാകുന്നത്. ഈശോയ്ക്കു ലഭിച്ച അതേ സ്വീകാര്യതയാണ് അവിടുത്തെ ശിഷ്യർക്കുമുള്ളത്.

സഭയിലെ നേതാക്കന്മാരെമാത്രം ഉദ്ദേശിച്ചല്ല ഈ വിവരണങ്ങൾ പൗലോസ് ശ്ലീഹാ നൽകുന്നത്. എങ്കിലും ശ്ലീഹന്മാരുമായി താരതമ്യം ചെയ്തു പറയുന്നതിനാൽ സഭാനേതൃത്വശുശ്രൂഷയാണ് പൗലോസിന്റെ പ്രധാന ശ്രദ്ധാവിഷയം എന്നതിനു സംശയമില്ല. ഈശോയുടെ പീഡാസഹനങ്ങളോടും അപമാനങ്ങളോടും പൂർണമായി താദാത്മ്യപ്പെട്ടുകൊണ്ടുള്ള ജീവിതമാണ് ശ്ലീഹന്മാരുടേത്. അതുതന്നെയാണ് യഥാർത്ഥത്തിലുള്ള ക്രിസ്തീയനേതൃത്വശുശ്രൂഷയും. കോറിന്തോസുകാർ തങ്ങളുടെ മഹത്ത്വം കണ്ടതും നേതാക്കന്മാരെ വിലയിരുത്തിയതും കേവലം ഭൗതികമായ കഴിവുകളുടെയും നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. കോറിന്തോസിലെ സഭയ്ക്കു സംഭവിച്ച ഏറ്റവും വലിയ പരാജയവും അതുതന്നെയായിരുന്നു. അതുകൊണ്ട് സഭാനേതൃത്വം നൽകുന്ന അജപാലകർ മിശിഹായുടെ ശുശ്രൂഷാസ്വഭാവം സ്വന്തമാക്കി വിശ്വാസികളുടെ സമൂഹത്തിനു നേതൃത്വം നൽകുവാൻ ശ്രദ്ധിക്കണം.

### 4. സുവിശേഷപ്രഘോഷണവും പിതൃപുത്രബന്ധവും

*''നിങ്ങളെ ലജ്ജിപ്പിക്കാനല്ല ഞാൻ ഇതെല്ലാം നിങ്ങൾക്ക് എഴുതുന്നത്. വത്സലമക്കളെയെന്നപോലെ ഉപദേശിക്കാനാണ്. നിങ്ങൾക്കു മിശിഹായിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല. സുവിശേഷപ്രസംഗംവഴി ഈശോമിശിഹായിൽ നിങ്ങൾക്കു ജന്മം നൽകിയതു ഞാനാണ്. ആകയാൽ നിങ്ങൾ എന്നെ അനുകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു''* (4,14-16).

പൗലോസ്ശ്ലീഹാ ലേഖനത്തിലൂടെ കോറിന്തോസിലെ സഭാംഗങ്ങൾക്കു ചില തിരുത്തലുകൾ നൽകുകയാണ്. ഒരപ്പന്റെയും അമ്മയുടെയും സ്ഥാനത്ത് ശ്ലീഹാ തന്നെ കാണുന്നുവെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ വ്യക്തമാക്കുന്നു. താൻ കോറിന്തോസ് സഭാംഗങ്ങൾക്ക് അപ്പനാണെന്നു വ്യക്തമാക്കുന്നതാണ് 'ഉപദേശിക്കാനാണ്' എന്ന വാക്ക്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന്റെ പ്രഥമ അർത്ഥം 'ഓർമപ്പെടുത്തുക' എന്നാണ്. അവർക്കു പതിനായിരം അധ്യാപകരുണ്ടെങ്കിലും സുവിശേഷപ്രഘോഷണംവഴി അവരെ ജനിപ്പിച്ചതു പൗലോസാണ്. സുവിശേഷപ്രഘോഷണംവഴി ഒരാളെ വിശ്വാസത്തിലേക്കു കൊണ്ടുവരുമ്പോൾ അതിനെ പിതൃപുത്രബന്ധമായി കണക്കാക്കാവുന്നതാണ്. കാരണം മാമ്മോദീസായിലൂടെ ഒരാൾ പ്രവേശിക്കുന്നതു ത്രിയേകദൈവവുമായുള്ള കൂട്ടായ്മയിലേക്കാണ് (മത്താ. 28,19). ഈ സഭാകൂട്ടായ്മയിലേക്ക്, അഥവാ കുടുംബത്തിലേക്കു, ജനിപ്പിക്കുന്ന വ്യക്തിയുമായുള്ള ബന്ധം പിതൃപുത്രബന്ധമായി കാണുന്നതു തികച്ചും ഉചിതമാണ്.

മക്കൾ പിതാവിനെപ്പോലെയാവുകയെന്നതു സ്വാഭാവികമാണ്. അതുകൊണ്ട് 'നിങ്ങൾ എന്നെ അനുകരിക്കുന്നവരാകുവിൻ' എന്നുപറയുവാൻ കഴിയും. പൗലോസിനെ അനുകരിക്കുക എന്നുവച്ചാൽ മിശിഹായെ അനുകരിക്കുക

എന്നാണ് അർത്ഥം. കാരണം പൗലോസ്ശ്ലീഹാ പൂർണമായും മിശിഹായെ അനുകരിക്കുന്ന വ്യക്തിയാണ്. തന്നെ അനുകരിക്കാൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നത് പൗലോസിന്റെ ആധികാരികതയുടെ തെളിവാണ്. തന്നോടു കക്ഷിചേർന്നു തന്റെ ഗ്രൂപ്പിൽ വരാനല്ല പൗലോസ്ശ്ലീഹാ പറയുന്നത്. താൻ മിശിഹായെ അനുകരിക്കുന്നതുപോലെ അവരും ജീവിക്കണമെന്നാണ് ശ്ലീഹാ ഇവിടെ ആഹ്വാനം ചെയ്യുന്നത്. അജപാലകരുടെ പ്രഥമദൗത്യം സുവിശേഷ പ്രഘോഷണം തന്നെയാണ്. തങ്ങളുടെ ജീവിതത്തിൽ സുവിശേഷം ജീവിച്ചുകൊണ്ടാണ് ആ ദൗത്യം അവർ നിർവഹിക്കേണ്ടത്. അതിലൂടെ അജഗണങ്ങളുമായി പിതൃപുത്രബന്ധം സ്ഥാപിച്ച് ഇടവകയെ ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

### 5. ദൈവരാജ്യവും അരൂപിയുടെ ശക്തിയും

*"കർത്താവിൽ എന്റെ പ്രിയപുത്രനും വിശ്വസ്തനുമായ തിമോത്തേയോസിനെ നിങ്ങളുടെ അടുത്തേക്കു ഞാൻ അയച്ചത് എല്ലായിടത്തുമുള്ള എല്ലാ സഭകളിലും ഞാൻ അവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെ മിശിഹായിലുള്ള എന്റെ മാർഗങ്ങൾ നിങ്ങളെയും അനുസ്മരിപ്പിക്കുവാനാണ്. ഞാൻ നിങ്ങളുടെ അടുത്തേക്കു വരികയില്ലെന്നു കരുതി നിങ്ങളിൽ ചിലർ ഔദ്ധത്യം ഭാവിക്കുന്നുണ്ട്. എന്നാൽ കർത്താവ് തിരുമനസായാൽ ഞാൻ ഉടനെതന്നെ അങ്ങോട്ടുവരും. അപ്പോൾ ആ ഉദ്ധതന്മാരുടെ വാക്കുകളല്ല ഞാൻ മനസ്സിലാക്കുക, അവരുടെ ശക്തിയാണ്. ദൈവരാജ്യം വാക്കുകളിളല്ല ശക്തിയിലാണ്. നിങ്ങൾക്ക് ഏതാണ് ഇഷ്ടം - നിങ്ങളുടെ അടുത്തേക്കു ഞാൻ വടിയുമായി വരുന്നതോ, സ്നേഹത്തോടും സൗമ്യതയോടുംകൂടെ വരുന്നതോ?"* (4,17-21).

മിശിഹായുടെ വഴിയെ നടക്കുന്ന തന്റെ പ്രബോധനവും ജീവിതവും കോറിന്തോസുകാരെ അനുസ്മരിപ്പിക്കാൻ പൗലോസ്ശ്ലീഹാ തന്റെ വിശ്വസ്ത സഹചാരിയും പ്രിയശിഷ്യനുമായ തിമോത്തേയോസിനെ കോറിന്തോസിലേക്ക് അയയ്ക്കുന്നു. സഭയിലെ ഭിന്നതകളില്ലാതാക്കാൻ ഇതുവരെ താൻ ചെയ്ത കാര്യങ്ങൾ ഫലപ്രദമായില്ലയെന്നാണ് പൗലോസ്ശ്ലീഹായുടെ രണ്ടാം ലേഖനവും സൂചിപ്പിക്കുന്നത്. അതുപോലെ, ശ്ലീഹാ നിശ്ചയിച്ചുവച്ചിരുന്ന കോറിന്തോസ് സന്ദർശനവും യഥാകാലം നടന്നില്ല എന്നുവേണം കരുതാൻ. പൗലോസ് കോറിന്തോസ് സന്ദർശനം നടത്തുകയില്ലായെന്ന് ഔദ്ധത്യത്തോടെ കരുതുന്ന ചിലരെ താക്കീതുചെയ്യാനും ശ്ലീഹാ ശ്രമിക്കുന്നുണ്ട്. ഇവർ വിവിധ ഗ്രൂപ്പുകളുടെ നേതാക്കന്മാരായിരുന്നോ അതോ ഏതെങ്കിലും ഗ്രൂപ്പുതന്നെയായിരുന്നോയെന്നതു വ്യക്തമല്ല. അഹംഭാവത്തോടെയുള്ള ഈ നിലപാട് കോറിന്തോസിലെ സഭയുടെ അടിസ്ഥാനപ്രശ്നംതന്നെയായിരുന്നു.

ദൈവരാജ്യത്തിന്റെ സുവിശേഷമാണല്ലോ പൗലോസ്ശ്ലീഹാ പ്രസംഗിച്ചത്. ദൈവരാജ്യം അഹംഭാവം നിറഞ്ഞ വാക്കുകളിലല്ല, അരൂപിയുടെ ശക്തിയിലാണെന്ന് അവരെ ഓർമിപ്പിക്കാനും ശ്ലീഹാ ശ്രമിക്കുന്നുണ്ട്. ഈ അധ്യായത്തിന്റെ അവസാനവാക്യമായി പ്രസംഗശൈലിയിൽ പൗലോസ് ചോദിക്കുന്ന ചോദ്യം വളരെ ഹൃദയഹാരിയാണ്. വടിയുമായി വരണോ, അതോ സ്നേഹ

ത്തോടും സൗമ്യതയോടുംകൂടി വരണോ എന്നചോദ്യം ഒരമ്മയുടെ മനോഭാവ ത്തോടെയുള്ളതാണ്. തെറ്റുചെയ്ത്, കുസൃതികാട്ടി നിൽക്കുന്ന കുഞ്ഞിനോട് അമ്മ പെരുമാറുന്നത് ഇത്തരത്തിലാണ്. ശിക്ഷിക്കാനല്ല, സ്നേഹപൂർവം തിരു ത്താനാണത്. വിശ്വാസത്തിൽ തന്റെ പ്രിയമക്കളായ കോറിന്തോസുകാരോട് ഒരപ്പനെപ്പോലെയും അമ്മയെപ്പോലെയും ഇടപെടുന്ന ഈ ശൈലി സഭാ നേതൃത്വത്തിലേക്കു വരുന്ന അജപാലകർക്ക് അനുകരിക്കാവുന്നതും അനുകരി ക്കേണ്ടതുമാണ്. ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണം നടത്തുന്ന അജപാലകരുടെ ശുശ്രൂഷ പുത്രസ്വീകാരത്തിന്റെ അരൂപിയുടെ ശക്തിയാലാ ണെന്ന് (റോമാ 8,14) അപ്രകാരം അജഗണങ്ങൾ മനസ്സിലാക്കണം.

## ജീവിതസൂചിക

1. സ്നേഹത്തോടെ ശുശ്രൂഷ ചെയ്യാനും ഉത്തരവാദിത്തബോധത്തോടെ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. എളിമയിലും കൂട്ടായ്മയിലും ശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. മിശിഹായുടെ ശുശ്രൂഷാസ്വഭാവം സ്വന്തമാക്കി വിശ്വാസികളുടെ സമൂഹ ത്തിനു നേതൃത്വം നൽകുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. അജഗണങ്ങളുമായി പിതൃപുത്രബന്ധം സ്ഥാപിച്ച് ഇടവകയെ കുടുംബാ രൂപിയിൽ കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
5. അരൂപിയുടെ ശക്തിയാലാണ് സുവിശേഷപ്രഘോഷണം നടത്തേണ്ടതെന്നു ഞാൻ ജനങ്ങളെ ഓർമിപ്പിക്കുന്നുണ്ടോ?

■

---

» *SFO തുടർച്ച...*

**നവംബർ 01**ന് എടത്വായിൽ നടത്തുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 115-ാം ചരമവാർഷികാചരണം ഭംഗിയായി നടത്തുവാൻ ഏവരു ടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. നാമകരണനടപടി കൾ എത്രയുംപെട്ടെന്നു പൂർത്തിയാകാൻ പ്രത്യേകം പ്രാർത്ഥിക്കാം.

### സ്വർഗപ്രാപ്തിക്കായി യാത്രയായവർ

കുറുമ്പനാടം സെന്റ് ആന്റണീസ് ഭ്രാതൃത്വാംഗങ്ങളായ കളരിത്തറ തോമസ് ജോൺ, സ്രാമ്പിക്കൽ ജയിംസ് ദേവസ്യ, കുരിശുംമൂട്ടിൽ ഏലിക്കുട്ടി ജോസഫ് എന്നീ സഹോദരങ്ങൾ നിര്യാതരായി. ഇവരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്വൽ അസിസ്റ്റന്റ്)*

■

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**സെപ്റ്റംബർ 2023**

21 രാവിലെ തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽ ശ്രീ. ആദിത്യവർമ തമ്പുരാനെയും കുടുംബാംഗങ്ങളെയും സന്ദർശിച്ചു. അമ്പൂരി ASMI സ്നേഹ ഭവൻ കോൺവെന്റിന്റെ ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

22 രാവിലെ അമ്പൂരി സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുറ്റിച്ചൽ ലൂർദ്സ് മാതാ സയൻസ് ആൻഡ് എൻജിനീയറിങ് കോളേജിൽ പഠിക്കുന്ന മണിപ്പൂർ സംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികളെ സന്ദർശിച്ചു. തിരുവനന്തപുരം ലൂർദ്സ് മാതാ ക്യാൻസർ കെയറിലെ രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

23 ഗ്രീൻ ആൻഡ് കെയർ ടീമുമായി തിരുവനന്തപുരം പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു.

24 രാവിലെ രാമങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

25 അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

26 കല്ലൂപ്പാറ പുതുശ്ശേരി സെന്റ് ജോസഫ് ബോയ്സ് ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കുടമാളൂർ പായിക്കാട്ടുമറ്റത്തിൽ ബഹു. പയസ് അച്ചന്റെ പിതാവ് പി.ജെ. ജോസഫിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

28 മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷങ്ങളിലും ഫസ്റ്റ് പ്രൊഫഷനിലും കാർമികത്വം വഹിച്ചു. വൈകുന്നേരം ആര്യാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ജൂബിലിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

29 കൂരോപ്പട പൗവത്തുപ്പറമ്പിൽ ബഹു. തോമസച്ചന്റെ സഹോദരി കിഴക്കേ ഇളന്തോട്ടം മേരിക്കുട്ടി മൈക്കിളിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം കുറിച്ചി ആലഞ്ചേരി പരേതനായ ബഹു. ഐസക് അച്ചന്റെ (സീനിയർ) സഹോദരൻ എ.ജെ. അലക്സാണ്ടറിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

കുടമാളൂർ ചാവറ ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

30 സംഗമം പാസ്റ്ററൽ സെന്ററിൽ തക്കല രൂപതാ അസംബ്ലിയിൽ പങ്കെടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

**ഒക്ടോബർ 2023**

01 രാവിലെ, നവീകരിച്ച അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളി വെഞ്ചരിപ്പുകർമം നിർവഹിക്കുകയും പരി. കുർബാനയർപ്പിക്കുകയും സമുദായ ശക്തീകരണമാസാചരണം ഉദ്ഘാടനം നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് നെടുങ്കുന്നം ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

02 രാവിലെ ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ നാല്പതാംകളം മാത്യു-സിസിലി എന്നിവരുടെ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് കുന്നന്താനത്ത് നടന്ന AKCC യുവജനസംഗമം ഉദ്ഘാടനം ചെയ്തു. ചെങ്ങന്നൂർ മാർത്ത് മറിയം ഫൊറോനാ ദൈവാലയത്തിൽ ഫാമിലി അപ്പോസ്തലേറ്റ് 'കുടുംബസംഗമ'ത്തിൽ പങ്കെടുത്തു.

03 രാവിലെ ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ പാറയ്ക്കൽ ജൂബി-സുനിത ദമ്പതികളുടെ മകൻ മാത്യുവിനു പ്രാരംഭകൂദാശകൾ നൽകി. അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫംഗങ്ങളുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു.

04 രാവിലെ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ തിരുനാളിനോടനുബന്ധിച്ച് വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫംഗങ്ങളുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു.

05 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ചാപ്പലിൽ പരി. കുർബാനയർപ്പിക്കുകയും ഒന്നാംവർഷ B.Sc നഴ്സിങ് വിദ്യാർത്ഥികളെ പരിചയപ്പെടുകയും ചെയ്തു. തുടർന്ന് പാറേൽ അമല തിയളോജിക്കൽ കോളേജിൽ നടന്ന കോൺവൊക്കേഷൻ സെറിമണിയിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ മേജർ സെമിനാരിയൻസ് ഗാതറിങ്ങിൽ പങ്കെടുക്കുകയും ബ്രദേഴ്സിനോടു സംസാരിക്കുകയും ചെയ്തു.

06 അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫംഗങ്ങളുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു.

07 രാവിലെ കൈനകരി കുട്ടമംഗലം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ മ്ശംശാന ജോസഫ് കാമിച്ചേരിക്കു പൗരോഹിത്യപട്ടം നൽകി. ഉച്ചയ്ക്ക് പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോർമേഷൻ & കൗൺസലിങ് സന്ദർശിച്ചു. വൈകുന്നേരം കൊല്ലം-ആയൂർ ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

08 മീൻകുളം ലൂർദ്സ് മാതാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ നസ്രത്ത് ഭവൻ കോൺവെന്റ് സന്ദർശിച്ചു. പിന്നീട് ആനക്കുളം സെന്റ് ജോസഫ്സ് ദൈവാലയം സന്ദർശിക്കുകയും ഇടവകാംഗങ്ങളെ കാണുകയും ചെയ്തു. വൈകുന്നേരം അമ്പൂരി ഫൊറോനയിലെ പ്രതിനിധി യോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

09 രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയാങ്കണത്തിൽ നവീകരിച്ച കാവുകാട്ട് മ്യൂസിയം ആശീർവദിക്കുകയും വിശ്വാസികൾക്കു തുറന്നുകൊടുക്കുകയും ചെയ്തു. മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും വചന സന്ദേശം നൽകുകയും കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

10 നിരണം മാർ തോമാശ്ലീഹാ പിൽഗ്രിം സെന്ററിൽ ഈ വർഷം പൗരോഹിത്യത്തിന്റെ രജതജൂബിലിയാഘോഷിക്കുന്ന വൈദികരുടെയും കുടുംബാംഗങ്ങളുടെയും സംഗമത്തിൽ പങ്കെടുക്കുകയും വൈദികരോടു സംസാരിക്കുകയും ചെയ്തു.

11 അതിരൂപതാകേന്ദ്രത്തിൽ ആർച്ച് എപ്പാർക്കിയൽ കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം കാവാലം പുതുപ്പറമ്പിൽ ജോർജുകുട്ടിയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

12 അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫംഗങ്ങളുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ മീനത്തേക്കോണിൽ ഹാവൻ-റിനി എന്നിവരുടെ വിവാഹം ആശീർവദിച്ചു. വൈകുന്നേരം തെള്ളകത്ത് CMC ഭോപ്പാൽ മൗണ്ട് കാർമൽ പ്രോവിൻസ് അംഗം സി. അനിത ജോസ് CMC യുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

13 കൂത്രപ്പള്ളി പന്തമാക്കൽ കുന്നേൽ ബഹു. ഫിലിപ്പ് അച്ചന്റെ സഹോദര ഭാര്യ റിൻസിയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ആർച്ച് എപ്പാർക്കിയൽ കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഫാത്തിമാപുരം ചങ്ങങ്കരി ടോമിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

14. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചെത്തിപ്പുഴ പാണംപറമ്പിൽ പി.എസ്. അബ്രാഹത്തിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ പാലിയേറ്റിവ് കെയർ അംഗങ്ങളുടെ സംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപതാ

കേന്ദ്രത്തിൽ കുട്ടനാട് വികസനപദ്ധതിയുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ ആത്മതാകേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള തയ്യൽ മെഷീൻ വിതരണം നിർവഹിച്ചു. വൈകുന്നേരം അതിരമ്പുഴ ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

15 പൊടിപ്പാറ ഹോളി ഫാമിലി ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ സൺഡേസ്കൂൾ ലീഡേഴ്സിന്റെയും രക്ഷാകർതൃപ്രതിനിധികളുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം മണിമല ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

19 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിനു മുകളിൽ പുതുതായി പ്രതിഷ്ഠിക്കുന്ന സ്ലീവായുടെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ചീരംവേലിൽ ക്രിസ്റ്റോ-സിൽഫിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു. മുട്ടാർ കുമരംചിറ സെന്റ് തോമസ് ദൈവാലയത്തിൽ പുലിക്കോട്ടിൽ അച്ചാമ്മയുടെ അമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് സന്ദേശം നൽകുകയും കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മുട്ടാർ ചീരംവേലിൽ അഡ്വ. ബിജുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സ്റ്റാഫംഗങ്ങളുമായുള്ള മീറ്റിങ്ങിൽ പങ്കെടുത്തു.

20 തിരുവനന്തപുരം കേശവദാസപുരം ചിറയ്ക്കലാത്ത് സി.ഡി. എഫ്രേമിന്റെ മൃതസംസ്കാരത്തിനു ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. കേശവദാസപുരം മാർ ഗീവർഗീസ് സഹദാ ദൈവാലയവും സിസ്റ്റേഴ്സ് ഓഫ് നസ്രത്ത് കോൺവെന്റും സന്ദർശിച്ചു.

21 കിഴക്കേ മിത്രക്കരി ഹോളി ഫാമിലി ദൈവാലയത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും 'നസ്രാണിസംഗമം' ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

22 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ NEST( Nurturing Entrepreneurs with Startup Technologies) സംഗമം ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ഫൊറോനയിലെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

■

**സെപ്റ്റംബർ 2023**

25– 29 കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികർക്കു ധ്യാനം നയിച്ചു. വള്ളംചിറ സെന്റ് മേരീസ് ഇടവകാംഗം കാവാലം അന്നമ്മ ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

26 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗങ്ങളായ മറ്റം പുതുശ്ശേരി എൻ.സി. അച്ചാമ്മ, കാടാത്തുകളം ജേക്കബ് എന്നീ പരേതരുടെ ഭവനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ഇടവകാംഗം ബഹു. പയസ് പായിക്കാട്ടുമറ്റത്തിൽ അച്ചന്റെ പിതാവ് പി.എം. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മിഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

27 കോട്ടയം വിൻസെൻഷ്യൻ പ്രൊവിൻഷ്യൽ ഹൗസിൽ പേട്രൺസ് ഡേയോട് അനുബന്ധിച്ച് വൈദികരോടൊപ്പം റംശാ പ്രാർത്ഥനയ്ക്കു മുഖ്യ കാർമികത്വം വഹിച്ചു സന്ദേശം നൽകി.

29 കൂരോപ്പട ഹോളി ക്രോസ് ഇടവകാംഗം ബഹു. തോമസ് പൗവത്തുപറമ്പിൽ അച്ചന്റെ സഹോദരി കിഴക്കേ ഇളംതോട്ടം മേരിക്കുട്ടി മൈക്കിളിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി സെന്റ് ജോസഫ് ഇടവകാംഗം ആലഞ്ചേരി എ.ജെ. അലക്സാണ്ടറിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. മാന്നില ഹോളി ഫാമിലി ഇടവകയിൽ കുറുമ്പനാടം ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

30 കാക്കനാട് പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. വൊക്കേഷൻ പ്രമോട്ടേഴ്സ് മീറ്റിങ്ങിൽ സംബന്ധിച്ച് ക്ലാസ്സെടുത്തു. ആലുവാ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി സന്ദർശിച്ച് വൈദികാർത്ഥികളുമായി സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം കരിമറ്റം കെ.വി. ജോർജിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

**ഒക്ടോബർ 2023**

01 തിരുവനന്തപുരം വാളികോട് സെന്റ് ജോർജ് ഇടവകയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്സ് ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. കാഞ്ഞിരപ്പള്ളി SABS സാൻ ജിയോവാനി അഡോറേഷൻ പ്രൊവിൻഷ്യലേറ്റ് സന്ദർശിച്ചു.

2–6 കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികർക്കു ധ്യാനം നയിച്ചു.

04 ഈര ലൂർദ്സ് മാതാ ഇടവകയിൽ തുരുത്തി ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

05 കാഞ്ഞിരപ്പള്ളി മുക്കാലി നിർമൽ ജ്യോതി FCC സ്റ്റഡി ഹൗസ് സന്ദർശിച്ച് സന്യാസാർത്ഥികളുമായി സംസാരിച്ചു.

06 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നടത്തപ്പെട്ട യൂത്ത് ക്യാമ്പിൽ പങ്കെടുത്ത് യുവജനങ്ങളുമായി സംവദിച്ചു.

07 തിരുവനന്തപുരം ലൂർദ്സ് ഫൊറോനാ ദൈവാലയത്തിൽ മൾട്ടിലെവൽ പാർക്കിങ്ങിന്റെ നിർമാണപ്രവർത്തനങ്ങളുടെ കല്ലിടീൽകർമം നിർവഹിച്ചു. കേശവദാസപുരം മാർ ഗീവർഗീസ് സഹദാ ദൈവാലയത്തിൽ നടന്ന തിരുവനന്തപുരം ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

08 ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ പ്രഭാതഭക്ഷണ വിതരണത്തിൽ പങ്കെടുത്തു. തുടർന്നു വണ്ടാനം മദർ തെരേസ ഹോമിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. നെടുങ്കുന്നം CMC മേരി ഇമ്മാക്കുലേറ്റ് കോൺവെന്റിൽ സി. പയസ് CMCയുടെ മൃതസംസ്കാരത്തിനു കാർമികത്വം വഹിച്ചു. നെടുങ്കുന്നം മദർ തെരേസ ഹോം സന്ദർശിച്ചു. ചങ്ങനാശ്ശേരി FCC ദേവമാതാ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിസ് മേരി FCC യുടെ പിതാവ് ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം പുത്തേട്ട് പി.സി. ലൂക്കോസിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. വിജയപുരം രൂപതയിലെ സെന്റ് തെരേസാസ് മൗണ്ട് ഡിസ്കാൽസ്ഡ് കാർമലൈറ്റ്സ് കോൺവെന്റിന്റെ നവതിയോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ബഹു. റ്റോംസ് കളപ്പുരയ്ക്കൽ അച്ചന്റെ സഹോദരൻ കളപ്പുരയ്ക്കൽ ഹാൻസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

09 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ മാർത്ത് മറിയം കബറിടപ്പള്ളിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിക്കുകയും ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് അഭി. പിതാവിന്റെ നാമത്തിലുള്ള മ്യൂസിയത്തിന്റെ വെഞ്ചരിപ്പുകർമത്തിൽ പങ്കുചേർന്നു. തുരുത്തി മാർത്ത് മറിയം ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ സി.എസ്.എം. ന്റെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം CMI ഗാഗുൽത്താ ആശ്രമത്തിൽ നടന്ന ചമ്പക്കുളം ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

10 നിരണം മാർ തോമാശ്ലീഹാ തീർത്ഥാടനദൈവാലയത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന അതിരൂപതയിലെ വൈദികരോടൊപ്പം പരി. കുർബാനയർപ്പിക്കുകയും ജൂബിലിയാഘോഷത്തിൽ പങ്കുചേരുകയും ചെയ്തു.

11 അതിരൂപതാകേന്ദ്രത്തിൽ ആർച്ച് എപ്പാർക്കിയൽ കൺസൽട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ ദർശന തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ ദൈവാലയത്തിൽ പുളിങ്കുന്ന് ഫൊറോന യിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

12 മാമ്മൂട് ലൂർദ്സ് മാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർത്ഥി കൾക്കു ക്ലാസ്സെടുത്തു. കൂത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. പന്തമാക്കൽ കുന്നേൽ ഫിലിപ്പച്ചന്റെ സഹോദരി റിൻസി ജോണിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മുടിയൂർക്കര ഹോളി ഫാമിലി ഇടവകയിൽ കുടമാളൂർ ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻസിൽ പങ്കെടുത്തു.

13 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയാങ്കണ ത്തിലെ പഴയപള്ളിയിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. അതി രൂപതാകേന്ദ്രത്തിൽ ആർച്ച് എപ്പാർക്കിയൽ കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ CMC ഭോപ്പാൽ മൗണ്ട് കാർമൽ പ്രോവിൻസ് അംഗം സി. അനിത ജോസ് CMC യുടെ മൃതസംസ്കാരത്തിനു കാർമികത്വം വഹിച്ചു. ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ കാരിത്താസ് ഇന്ത്യ യുടെ ദേശീയ കോൺഫറൻസിനോടനുബന്ധിച്ച് പരി. കുർബാനയർപ്പി ക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

14-23 ബിജ്നോർ രൂപതയിലെ വൈദികർക്കു ധ്യാനം നയിച്ചു. ഇറ്റാവാ- ജയ്പുർ മിഷനിലെ സൺഡേസ്കൂൾ ക്യാമ്പിൽ പങ്കെടുത്ത് കുട്ടികളുമായി സംവദിച്ചു. മിഷനിലെ വൈദികരുടെ കൂട്ടായ്മയിൽ പങ്കെടുത്തു. ഇറ്റാവാ സെന്റ് മേരീസ് പള്ളിയിൽ പരി. കുർബാനയർപ്പിച്ചു. ഭദ്രാവതി രൂപതയുടെ എപ്പാർക്കിയൽ അസംബ്ലിയിൽ പ്രഭാഷണം നടത്തി.

24 നാലുകോടി സെന്റ് തോമസ് ഇടവകയിൽ പരി. കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ SD സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ സന്ന്യാ സാർത്ഥിനികൾക്കു ക്ലാസ്സെടുത്തു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ വൈദികരുടെ കുടുംബസംഗമത്തിൽ പങ്കുചേർന്നു. തിരുവല്ല മലങ്കര അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യ കാരുണ്യകോൺഗ്രസിൽ സംബന്ധിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ചെങ്ങന്നൂർ ഓർത്തഡോക്സ് ഭദ്രാസനത്തിന്റെ ആഭിമുഖ്യ ത്തിൽ നടത്തപ്പെട്ട മതാധ്യാപകരുടെ സമ്മേളനത്തിൽ സംബന്ധിച്ച് സംസാരിച്ചു. നെടുങ്കുന്നം സഞ്ജീവനി റീഹാബിലിറ്റേഷൻ സെന്ററിൽ നെടുങ്കുന്നം ഫൊറോനയിലെ വൈദികരുടെ ഫൊറോനാ കോൺഫറൻ സിൽ പങ്കെടുത്തു.

25 സ്വിറ്റ്സർലണ്ടിലെ സൂറിച്ചിൽ ഫാമിലി കൺവൻഷനിൽ പങ്കെടുക്കാനായി യാത്രതിരിച്ചു.

■



# ENGAGEMENTS

## NOVEMBER 2023


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 11:00 am | Servant of God Puthenparampil Thommachan 115th Death Anniversary Holy *Qurbana* @ St. George Forane, Edathua |
| 02 | 11:00 am | ജയിംസ് കെ.സി. അനുസ്മരണം @ സെന്റ് മേരീസ്, വള്ളംചിറ |
| 03 | 09:15 am | *Curia* |
| 04 | 10:30 am | Seventh Death Anniversary of Mother Litty LSDP - Holy *Qurbana* @ LSDP Daivaparipalana Bhavan, Kunnamthanam |
| | 04:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ പുളിങ്കുന്ന് ഫൊറോന |
| 05 | 07:00 am | Holy *Qurbana* @ Bethlehem, Parampuzha |
| | 10:00 am | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ ചങ്ങനാശ്ശേരി ഫൊറോന |
| | 02:00 pm | ഫാമിലി അപ്പോസ്തലേറ്റ് കുടുംബസംഗമം @ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ, ചങ്ങനാശ്ശേരി |
| | 04:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ കോട്ടയം ഫൊറോന |
| 06 | 11:00 am | Marriage @ St. Sebastian's, Ayarkunnam |
| | 06:00 pm | Interdepartment Meeting @ Archbishop House, Changanacherry |
| 07 | 06:30 am | Holy *Qurbana* @ Poor Clares of Perpetual Adoration Convent, Nedumkunnam |
| | 09:00 am | Archeparchial Consultors Meeting @ Archbishop House, Changanacherry |
| | 07:00 pm | World Malayalee Council Changanacherry Chapter Inauguration @ YMCA Hall, Changanacherry |
| 08 | 09:15 am | *Curia* |
| | 06:00 pm | Sanjivani Board Meeting @ Sanjivani Rehabilitation Centre, Nedumkunnam |
| 09 | 06:30 pm | Regional Bishops' Gathering @ St. Xavier’s Animation Centre, Pathanapuram |
| 10 | 06:00 am | Regional Bishops' Gathering @ St. Xavier’s Animation Centre, Pathanapuram |
| 11 | 10:00 am | ഹെസദ് 2023 @ സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാൾ, ചങ്ങനാശേരി |
| | 11:30 am | Parents Day @ St. Thomas Minor Seminary, Kurichy |

| | | |
|---|---|---|
| | 02:00 pm | St. Joseph Press Family Meeting @ Sandesanilayam, Changanacherry |
| | 04:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ മുഹമ്മ ഫൊറോന |
| 12 | 07:00 am | Pastoral Visit @ Twelve Apostles, Mannanam |
| | 04:00 pm | പ്രതിനിധിയോഗാംഗങ്ങളുടെ സംഗമം @ തുരുത്തി ഫൊറോന |
| 13-14 | | Engaged |
| 15 | 09:00 am | Religious Priests' Meeting @ Archbishop House, Changanacherry |
| 16 | 09:00 am | Religious Sister's Superiors' Meeting @ Archbishop House, Changanacherry |
| 17 | 09:00 am | Archeparchial Consultors Meeting @ Archbishop House, Changanacherry |
| | 02:45 pm | AKCC Award Distribution @ Archbishop House, Changanacherry |
| | 05:00 pm | Jubilee Holy *Qurbana* @ St. Thomas, Kalavoor |
| 18 | 09:00 am | *Curia* |
| | 11:00 am | Jubilee Meeting @ Fathima Matha, Fathimapuram |
| | 05:30 pm | *Ramsha* & Pastoral Visit @ St. Thomas, Nalukody - Paippad |
| 19 | 07:00 am | Pastoral Visit @ St. Thomas, Nalukody - Paippad |
| | 03:30 pm | Prize Distribution, Fr. Pottedath Memorial Quiz @ St. Thomas, Punnathura |
| | 05:30 pm | Cemetery Blessing & Parish Day @ Lourdes Matha, Aruvikuzhy |
| 21 | 09:15 am | മൂറോൻ കൂദാശ @ സെന്റ് മേരീസ് മെത്രാപ്പോലീത്തൻ, ചങ്ങനാശേരി |
| | 11:00 am | *Presbyterium* @ St. Mary's Metropolitan Parish Hall, Changanacherry |
| 22 | 10:00 am | MLT Students Conference @ Vijaya Conventional Centre, Edinjillam Tiruvalla |
| | 02:30 pm | ചൈതന്യ കാർഷികമേള @ തെള്ളകം |
| | 06:00 pm | സാമൂഹികസാംസ്കാരികസമ്മേളനം @ സെന്റ് സേവ്യേഴ്സ് ഫൊറോന, തൃക്കൊടിത്താനം |
| 23 | 07:00 am | Jubilee Holy *Qurbana* @ CMC Carmel Villa, Chethipuzha |
| 24 | 09:15 am | *Curia* |
| 25 | 11:00 am | Baptism & Jubilee Celebrations @ St. Joseph's, Thellakom - Pushpagiri |
| | 05:30 pm | *Ramsha* & Pastoral Visit @ St. Mary's, Vaipur Old |
| 26 | 07:00 am | Pastoral Visit @ St. Mary's, Vaipur Old |
| 27- December 02 | | Etawah - Rajasthan Mission |

**FR. SECRETARY - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## NOVEMBER 2023

| | | |
|---|---|---|
| 01-06 | | Family Convention @ Zürich, Switzerland |
| 07 | 09:00 am | Archeparchial Consultors Meeting @ Changanacherry, Archbishop House |
| | 03:00 pm | Talk @ Parel, SH St. Matthew's Provincial House |
| 08 | 09:15 am | Priestly Ordination @ Thrickodithanam, St. Xavier's Forane |
| | 06:00 pm | Board Meeting @ Nedumkunnam, Sanjivani Rehabilitation Centre |
| 09 | 07:00 am | Holy *Qurbana* @ Nedumkunnam, Poor Clares of Perpetual Adoration Convent |
| | 11:00 am | Priest Conference @ Athirampuzha Forane |
| 10 | 09:00 am | Regional Bishops' Conference @ Pathanapuram, St. Xavier's Animation Centre |
| | 03:00 pm | Priest Conference @ Kollam - Ayoor Forane |
| 11 | 07:15 am | Baptism @ Thrickodithanam, St. Xavier's Forane |
| | 09:15 am | മാതൃ- പിതൃവേദി കലോത്സവം ഉദ്ഘാടനം @ ചങ്ങനാശേരി, സെന്റ് ബർക്ക്മൻസ് ഹയർ സെക്കന്ററി സ്കൂൾ |
| | 10:00 am | ഹെസദ് 2023 - കുടുംബക്കൂട്ടായ്മ ലീഡേഴ്സ് അതിരൂപതാസംഗമം @ ചങ്ങനാശേരി, സെന്റ് ബർക്ക്മൻസ് കോളേജ് കാവുകാട്ട് ഹാൾ |
| | 11:30 am | Parents Day @ Kurichy, St. Thomas Minor Seminary |
| | 02:30-04:30 pm | Visitors |
| | 06:00 pm | Youth Meet @ Thrickodithanam, St. Xavier's Forane |
| 12 | 07:00 am | Pastoral Visit @ Kannammoola, St. Mother Teresa |
| | 07:00 pm | Youth Meet @ Kazhakkoottam, St. John Paul II Youth Centre |
| 13 | 07:00 am | Cemetery Chapel Blessing @ Chethipuzha, Sacred Heart |
| | 10:00 am | Class @ Punnapra, Danahalaya |
| | 06:00 pm | Priest Conference @ Edathua Forane |

| | | |
|---|---|---|
| 14 | 09:30 am | Vocation Commission Seminar @ Kakkanad, Mount St. Thomas |
| | 06:30 pm | Priest Conference @ Manimala Forane |
| 15 | 06:30 am | Baptism @ Changanacherry, St. Mary's Metropolitan |
| | 09:00 am | Religious Priests' Meeting @ Archbishop House, Changanacherry |
| | 02:00-03:00 pm | Visitors |
| | 04:30 pm | Holy *Qurbana* @ Mannanam, St. Joseph's CMI Monastery |
| 16 | 09:00 am | Religious Sister's Superiors' Meeting @ Archbishop House, Changanacherry |
| | 04:00 pm | കുടുംബസംഗമം @ അരുവിക്കുഴി, ലൂർദ്സ് മാതാ |
| | 07:00 pm | Priest Conference @ Chengannur Forane |
| 17 | 06:45 am | Baptism @ Chennamkary, St. Joseph's |
| | 09:00 am | Archeparchial Consultors Meet @ Changanacherry, Archbishop House |
| | 02:30 pm | AKCC Award Function @ Changanacherry, Archbishop House |
| | 05:00 pm | Holy *Qurbana* @ Kidangara, St. Gregorios |
| 18 | 06:30 am | Baptism @ Alappuzha - Pazhavangady, Mar Sleeva Forane |
| | 10:30 am | Holy *Qurbana* @ Cherthala, Assisi St. Francis Generalate Green Gardens (ASMI) |
| | 06:30 pm | Convention @ Kayamkulam, Mar Chrysostom Centre for Social Change |
| 19 | 07:00 am | Holy *Qurbana* @ Fathimapuram, Fathima Matha |
| | 10:00 am | Holy *Qurbana* @ Vadakkekara, St. Mary's |
| | 03:30 pm | കുടുംബസംഗമം @ കുറുമ്പനാടം, സെന്റ് ആന്റണീസ് ഫൊറോന |
| | 05:45 pm | Parish Day @ Parel, St. Mary's |
| | 07:00 pm | Talk @ Changanacherry, St. Mary's Metropolitan |
| 20 | 09:00 am | Golden Jubilee Celebrations @ Kakkanad, Mount St. Thomas |
| | 06:30 pm | Priest Conference @ Thrickodithanam Forane |
| 21 | 09:00 am | *Presbyterium* |
| 22-24 | | CBCI Environment Meet @ Bengaluru |
| 25 | 07:30 am | Holy *Qurbana* @ Thrickodithanam, St. Xavier's Forane |
| | 11:30 am | Marriage @ Koothrappally, St. Mary's |
| | 02:30-04:30 pm | Visitors |

| | | |
|---|---|---|
| | 06:30 pm | Convention @ Kannangodu, Marthoma ITI Ground |
| 26 | 07:00 am | Pastoral Visit @ Kottarakkara, St. Thomas |
| | 04:30 pm | Holy *Qurbana* @ Mutholapuram, St. Sebastian's |
| 27-30 | | Priests' Retreat @ Muringoor, Divine Retreat Centre |

**FR. SECRETARY - 8078088468**

## ഐക്കൺ വിവരണം (കവർ ബാക്ക്)

# പത്ത് കന്യകമാരെക്കുറിച്ചുള്ള ഉപമയുടെ ട്രോപ്പാരിയോൺ ഈസ്റ്റേൺ ഓർത്തഡോക്സ് ഐക്കൺ

മത്തായി 25:1-13 ലെ പത്ത് കന്യകമാരെക്കുറിച്ചുള്ള ഉപമയുടെ വിവരണമാണ് ഈ ഐക്കൺ. പ്രധാനമായും അമേരിക്കൻ ഓർത്തഡോക്സ് സഭയിലും അർമേനിയൻ ഓർത്തഡോക്സ് സഭയിലും ഈ ഐക്കൺ ഉപയോഗിക്കുന്നു. പറുദീസായുടെ പ്രതീകമായ ബ്രൈഡൽ ചേമ്പറിനുള്ളിൽ മണവാളനായ ഈശോമിശിഹായും വിവേകമതികളായ അഞ്ചുകന്യകമാരും നിൽക്കുന്നു. അവരുടെ കൈകളിൽ കത്തിച്ച വിളക്കുകളുണ്ട്. ബ്രൈഡൽ ചേമ്പറിന്റെ വാതിലിനു പുറത്ത് വിവേകശൂന്യകളായ അഞ്ചുകന്യകമാർ കൈകളിൽ അണഞ്ഞ വിളക്കുകളുമായി നിൽക്കുന്നതു കാണാം. മരങ്ങൾ പറുദീസായെ സൂചിപ്പിക്കുന്നു.

*ട്രോപ്പാരിയോൺ* എന്നാൽ ബൈസന്റൈൻ സംഗീതത്തിലെയോ ഈസ്റ്റേൺ ഓർത്തഡോക്സ് സഭയിലെ സംഗീതത്തിലെയോ ഒരു ശകലമോ അല്ലെങ്കിൽ സങ്കീർണമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്ന ചരണങ്ങളുടെ പരമ്പരയോ ആണ്. അമേരിക്കയിലെ ഓർത്തഡോക്സ് സഭയിൽ പീഡാനുഭവവാരത്തിലെ ചൊവ്വാഴ്ചദിവസം ഉപയോഗിക്കുന്ന *ഇതാ, മണവാളൻ അർദ്ധരാത്രിയിൽ വരുന്നു, അവൻ നിരീക്ഷിക്കുന്ന ദാസൻ ഭാഗ്യവാൻ...* എന്നുതുടങ്ങുന്ന ഗാനം ഇതിന് ഉദാഹരണമാണ്. അർമേനിയൻ ഓർത്തഡോക്സ് സഭയുടെ പാരമ്പര്യമനുസരിച്ച് പത്തുകന്യകമാരുടെ ഉപമ ഈശോ പറഞ്ഞത് പീഡാനുഭവവാരത്തിലെ ചൊവ്വാഴ്ചദിവസമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ *വിശുദ്ധ ചൊവ്വാഴ്ചയുടെ ഐക്കൺ* എന്ന് ഇതറിയപ്പെടുന്നു.

# ആശംസകൾ



**2024 ജനുവരി 1 ന്**

**പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലിയിലേയ്ക്കു പ്രവേശിക്കുന്ന**

**അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്**

**പ്രാർത്ഥാനാശംസകൾ**

**VEDAPRACHARA MADHYASTAN VOL.96 No.05 2023 NOVEMBER**
Date of Publication: 31-10-2023
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




## മിശിഹാതൻ വധുവാം സഭയുടെ സുതരെല്ലാം ആർത്തുവിളിക്കുന്നു ആമോദത്തികവിൽ

**(തെശ്ബൊഹ്ത്താ, ദ്ബസ്ശാ ശായീൻ, പള്ളിക്കൂദാശക്കാലം ഒന്നാം തിങ്കൾ)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org